# THE AMAZING SECRETS OF THE PURGATORY

PROF. M.A. ABRAHAM



# ശുദ്ധീകരണസ്ഥലത്തിലെ അത്ഭുത രഹസ്യങ്ങൾ

പ്രൊഫ. എം. എ. അബ്രാഹം

**SUDHIKARANASTHALATHILE**
**ALBHUTHA RAHASYANGAL** (Malayalam)
(THE AMAZING SECRETS OF THE PURGATORY)


*Author* : *Prof. M.A. Abraham*
*Manimalethu,*
*Mathirapilly Junction,*
*Kothamangalam - 686 691*
*Phone : 0485-2824842*
*E-mail : abrahammanimalethu@yahoo.com*



*First Edition* : *1000 Copies, August 2007*
*Second Edition*: *1000 Copies, September 2007*
*Third Edition* : *1000 Copies, July 2009*
*Fourth Edition*: *2000 Copies, June 2011*
*Fifth Edition* : *2000 Copies, November 2011*
*Sixth Edition* : *2000 Copies, January 2012*
*Price* : *Rs. 25 /-*



*Copy right* : *Bindu Abraham*



*Printed at* : *Basil offset, Kothamangalam*




## സമർപ്പണം

അവസാനത്തെ ചില്ലിക്കാശും കൊടുത്തു
വീട്ടുവോളം ശുദ്ധീകരണസ്ഥലത്തിലെ
പീഢകൾ സഹിക്കുന്ന സകല
ആത്മാക്കൾക്കും, പ്രത്യേകമായി
പ്രാർത്ഥിക്കാൻ ആരുമില്ലാത്ത
ആത്മാക്കൾക്കുമായി ഈ ലഘു ഗ്രന്ഥം
പരി. കന്യകാമറിയത്തിന്റെ
വിമലഹൃദയം വഴി
പരിശുദ്ധ ത്രിത്വത്തിന്റെ
തൃപ്പാദത്തിങ്കൽ കാഴ്ചയായി
സമർപ്പിച്ചുകൊള്ളുന്നു.

"നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും". (യോഹന്നാൻ 8/32)



ഏറ്റവും കരുണയുള്ള യേശുവേ, കരുണയാണ് അങ്ങ് ആഗ്രഹിക്കുന്നതെന്ന് അങ്ങ് തന്നെ അരുളി ചെയ്തിട്ടുണ്ടല്ലോ. ശുദ്ധീകരണസ്ഥലത്ത് പീഢ സഹിക്കുന്ന എല്ലാ ആത്മാക്കളെയും അവിടുത്തെ എത്രയും ആർദ്രതയുള്ള തിരുഹൃദയത്തിലേക്ക് ഞാൻ കൊണ്ടുവരുന്നു. അവരെ അവിടുത്തെ കരുണക്കടലിൽ മുക്കുന്നു. അവർ അങ്ങയുടെ എത്രയും പ്രിയപ്പെട്ട ആത്മാക്കളാണെങ്കിലും, അവിടുത്തെ നീതിക്കനുസൃതമായി പരിഹാരമനുഷ്ഠിക്കേണ്ടവരാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങയുടെ തിരുരക്തത്തിന്റെ പ്രവാഹം അവരുടെ പൊള്ളിക്കുന്ന തീജ്വാലയെ തണുപ്പിക്കട്ടെ. അവരെ ശുദ്ധീകരിച്ചെടുക്കുന്ന തീജ്വാലയെ അങ്ങയുടെ ഹൃദയത്തിൽ നിന്നും നിർഗ്ഗമിച്ച തിരുരക്തത്താലും തിരുജലത്താലും കെടുത്തികളയേണമെ. അങ്ങനെ അവിടെ അങ്ങയുടെ കാരുണ്യത്തിന്റെ ശക്തി പ്രകീർത്തിക്കപ്പെടട്ടെ.



JOSEPH KALATHIPARAMBIL
BISHOP OF CALICUT

BISHOP'S HOUSE
MALAPARAMBA P.O.
CALICUT - 673 009, INDIA
Phone : 0495 - 2370313, 2372577
Fax : 0495 - 2370271
E-mail : calicut_diocese@yahoo.com



## ആശംസ

'ശുദ്ധീകരണസ്ഥലത്തിലെ അത്ഭുതരഹസ്യങ്ങൾ' എന്ന പേരിൽ പ്രൊഫ. എം. എ. അബ്രാഹം പ്രസിദ്ധീകരിക്കുന്ന ലഘുഗ്രന്ഥത്തിന് എല്ലാ വിജയാശംസകളും നേരുന്നു.

(ഒപ്പ്)

**ജോസഫ് കളത്തിപ്പറമ്പിൽ**
കോഴിക്കോട് രൂപതാദ്ധ്യക്ഷൻ



**ബെന്നി പുന്നത്തറ**
ശാലോം മിനിസ്ട്രീസ്
പെരുവണ്ണാമൂഴി, കോഴിക്കോട് ജില്ല

# ആശംസ

**ഇ**ന്നത്തെ ബഹുഭൂരിപക്ഷം ക്രൈസ്തവ വിശ്വാസികളും നിത്യസത്യങ്ങളായ മരണം, സ്വർഗ്ഗം, നരകം എന്നിവയെക്കുറിച്ച് ബോദ്ധ്യമില്ലാതെ ജീവിക്കുന്നവരാണ്. അവർ പലപ്പോഴും ദൈവത്തെ തേടുന്നത് ഭൗതീകമായ ലക്ഷ്യങ്ങൾക്കു വേണ്ടിയാണ്. സ്വർഗ്ഗത്തിനുവേണ്ടി ജീവിക്കുന്ന വിശ്വാസികളുടെ എണ്ണം കുറയുന്നതുകൊണ്ടാണ് സഭ ലോകത്തിൽ ദുർബ്ബലമായിക്കൊണ്ടിരിക്കുന്നത്. മരണത്തിനപ്പുറത്തുള്ള ജീവിതത്തെക്കുറിച്ച് ബോദ്ധ്യമുള്ള ഒരു വിശ്വാസിക്കു മാത്രമേ ഈ ലോകത്തിൽ ദൈവത്തിനുവേണ്ടി ജീവിക്കുവാൻ സാധിക്കുകയുള്ളൂ. പ്രൊഫ. എം.എ. അബ്രാഹം എഴുതിയ 'ശുദ്ധീകരണസ്ഥലത്തിലെ അത്ഭുതരഹസ്യങ്ങൾ' എന്ന പുസ്തകം നിത്യജീവിതത്തെക്കുറിച്ച് ചിന്തിക്കുവാനും, ആഴമായ മാനസാന്തരത്തിലേക്ക് കടന്നുവരുവാനും സഹായിക്കുമെന്നത് തീർച്ചയാണ്. ഈ പുസ്തകം വായിക്കുന്ന സകലർക്കും ആത്മരക്ഷയെക്കുറിച്ചുള്ള വലിയ ഭാരമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ ലോകം സ്വർഗ്ഗമാക്കുന്നതിലല്ല, സ്വർഗ്ഗത്തിനുവേണ്ടി ഈ ലോകത്തെ ഉപയോഗിക്കുന്നതിലാണ് ക്രൈസ്തവജീവിതത്തിന്റെ വിജയം. വിജയകരമായ ആത്മീയജീവിതം നയിക്കുവാൻ ഈ പുസ്തകത്തിലെ അറിവുകളും അനുഭവങ്ങളും തികച്ചും പ്രയോജനകരമാണ്. ഈ പുസ്തകത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. അനേകായിരങ്ങൾ ഈ പുസ്തകത്തിലൂടെ ആത്മീയമായി നവീകരിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(ഒപ്പ്)
ബെന്നി പുന്നത്തറ



# നന്ദി

ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള അവ്യക്തതകൾ നീക്കുവാൻ ഒരു പരിധിവരെ സഹായകമാകുമെന്ന വിശ്വാസത്തോടെ ഈ ലഘുഗ്രന്ഥം വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഇതിന്റെ പൂർത്തീകരണത്തിനായി എന്നെ അനുഗ്രഹിക്കുകയും സഹായിക്കുകയും ചെയ്ത ത്രീയേകദൈവത്തിന്റെ മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട് എന്റെ നന്ദി പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഈ ലഘുഗ്രന്ഥത്തിന് വിജയാശംസകൾ നേർന്നുകൊണ്ട് എന്നെ വളരെയധികം പ്രോത്സാഹിപ്പിച്ച കോഴിക്കോട് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ വലിയ മനസ്സിന് നന്ദി പറയുന്നു. വർണ്ണനാതീതമായ ഈ സ്നേഹത്തിന് ഈശോ അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇതോടൊപ്പം ഈ പുസ്തകത്തിന് അവതാരിക എഴുതി എന്നെ അനുഗ്രഹിച്ച കോതമംഗലം രൂപതയുടെ കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടറും, ധ്യാനഗുരുവുമായ ബഹു. ജോർജ്ജ് ചേറ്റൂരച്ചനോട് പ്രത്യേകമായി നന്ദി പറയുന്നു. അദ്ദേഹത്തിൽ നിന്നും ലഭിച്ച സ്നേഹവാത്സല്യങ്ങൾക്കും, സഹായങ്ങൾക്കും ഈശോ അദ്ദേഹത്തിന് അനേകമടങ്ങായി പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈ ലഘുഗ്രന്ഥത്തിന്റെ കുറച്ചുഭാഗങ്ങൾ ഇപ്പോൾ ക്രൊയേഷ്യയിലുള്ള മെഡ്ജുഗോറിൽ താമസിക്കുന്ന ബഹു. സിസ്റ്റർ ഇമ്മാനുവേൽ രചിച്ച അനേക ഗ്രന്ഥങ്ങളിൽ ഒന്നായ 'The amazing secrets of the souls in purgatory' എന്ന ഗ്രന്ഥത്തിൽ നിന്നുള്ളതാണ്. അതിലെ ചില ഭാഗങ്ങൾ ഈ ലഘുഗ്രന്ഥത്തിൽ ചേർക്കുവാൻ അനുമതി നൽകിയ ബഹുമാനപ്പെട്ട സിസ്റ്ററിന് നന്ദി പറയുവാൻ എനിക്ക് വാക്കുകളില്ല. ഈ പുസ്തകത്തിന്റെ കൈയ്യെഴുത്തു പ്രതി വായിച്ച ബഹു. സിസ്റ്ററിന്റെ ഓഫീസുമായി ബന്ധമുള്ള ബഹു.വൈദീകരേയും ഇതിന്റെ പ്രസിദ്ധീകരണവേളയിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

വളരെ തിരക്കുള്ള ഔദ്യോഗിക ജോലികൾക്കിടയിലും എനിക്കുവേണ്ടി സമയം കണ്ടെത്തി ഈ പുസ്തകത്തിന്റെ കൈയ്യെഴുത്തുപ്രതി വായിക്കുകയും, ആശംസകൾ അയക്കുകയും ചെയ്ത ശാലോം മിനിസ്ട്രിയുടെ ചെയർമാൻ ബഹു.ബെന്നി പുന്നത്തറയോടുള്ള ആഴമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ പുസ്തകത്തിന്റെ ചില ഭാഗങ്ങൾ പരമ്പരയായി പ്രസിദ്ധീകരിച്ച ശാലോം ടൈംസ് മാസികയോടും ഞാൻ കടപ്പെട്ടിരിക്കുന്നു. ശാലോം, ലോകത്തിന് നൽകുന്ന സേവനങ്ങൾക്ക് ദൈവം പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കൂടാതെ ഈ ലഘുഗ്രന്ഥത്തിന്റെ അച്ചടി ജോലി വളരെ ഭംഗിയായി നിർവ്വഹിച്ച ബേസിൽ പ്രിന്റേഴ്സിനും, അവിടുത്തെ എല്ലാ ജീവനക്കാർക്കും, നേരിട്ടോ അല്ലാതെയോ എന്നെ സഹായിച്ച എല്ലാ മാന്യ വ്യക്തികളോടും യേശുനാമത്തിൽ നന്ദി പറയുന്നു. പരി. അമ്മ എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടെ,



**പ്രൊഫ. എം.എ. അബ്രാഹം**
മണിമലേത്ത്
എം.എ. കോളേജ് ഓഫ് എൻജിനീയറിംഗ്
കോതമംഗലം

# അവതാരിക

“എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിയ്ക്കതീതമായ മഹത്തും, നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്ക് വെളിപ്പെടുത്തും”. (ജെറമിയ 33: 3)

മരണവും, മരണാനന്തരജീവിതവും സഭയുടെ ആരംഭം മുതൽക്കു തന്നെ ദൈവ ശാസ്ത്രജ്ഞന്മാരുടെയും സഭാപിതാക്കന്മാരുടെയും ഇടയിൽ ചർച്ച ചെയ്യപ്പെ ടുകയും നിരവധി ഗ്രന്ഥരചനകൾക്ക് ഇടയാവുകയും ചെയ്ത ഒരു ‘രഹസ്യ’മാണ്. ഈ അടുത്തകാലത്ത് കടന്നു വന്ന ചില പഠനങ്ങൾ സഭാമക്കളിൽ ചിലരെയെങ്കിലും വഴിതെറ്റിക്കാൻ ഇടയായിട്ടുണ്ട്. ഇത്തരുണത്തിൽ നമ്മുടെ പൊതുവിശ്വാസരഹസ്യ ങ്ങളിൽ ഒന്നായ ശുദ്ധീകരണസ്ഥല (Purgatory) ത്തെക്കുറിച്ച് സാധാരണ വിശ്വാ സികൾക്ക് മനസ്സിലാകുന്ന ലളിത സുന്ദരമായ ഭാഷയിൽ വിവരിക്കുകയാണ് ‘ശുദ്ധീ കരണസ്ഥലത്തിലെ അത്ഭുതരഹസ്യങ്ങൾ’ എന്ന ഈ ചെറുഗ്രന്ഥം. വി.ബൈബിളും, കത്തോലിക്കാതിരുസഭയുടെ മതബോധനഗ്രന്ഥവും, വി. പാദ്രെപിയോ, വി.ഫൗസ്റ്റീ ന, വി. ജർത്രൂദ്, വാഴ്ത്തപ്പെട്ടവരായ മറിയം ത്രേസ്യ, എവുപ്രാസിയാമ്മ, ആധുനിക മിസ്റ്റിക്കുകളായ മരിയാ വൾത്തോർത്ത, മരിയാ സിമ്മ തുടങ്ങിയവർക്ക് ശുദ്ധീകര ണസ്ഥലത്തെക്കുറിച്ച് ലഭിച്ച ദൈവീക ദർശനങ്ങളും ഗ്രന്ഥകർത്താവ് ഉപയോഗിച്ചി രിക്കുന്നു. ഇതിനൊക്കെ ഉപരിയായി പ്രൊഫ. എം. എ. അബ്രാഹം ആഴമായ തന്റെ ധ്യാനജീവിതത്തിൽ നിന്നും ലഭിച്ച സുന്ദര ദർശനങ്ങളും വളരെ മനോഹരമായി ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു. വി.കുർബാനക്കും, ജപമാലക്കും, കരുണകൊ ന്തയ്ക്കും ദാനധർമ്മങ്ങൾക്കും, ആത്മാക്കളുടെ വിശുദ്ധീകരണത്തിൽ ഉള്ള പ്രാധാ ന്യവും ഗ്രന്ഥകാരൻ വിശദീകരിച്ചുതരുന്നുണ്ട്. ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള ദൈവശാസ്ത്രഗ്രന്ഥമൊന്നുമല്ലെങ്കിലും, സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധം ഈ ‘രഹസ്യം’ തന്റെ അദ്ധ്യാപന ജീവിതത്തിന്റെ തിരക്കിനിടയിലും അവതരിപ്പി ക്കുന്ന ഗ്രന്ഥകാരൻ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഈ ചെറുഗ്രന്ഥത്തിനും അനുവാചകർക്കും ഗ്രന്ഥകാരനും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

“അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളി യവർക്ക് അത് അറിവ് പകരുന്നു” (സങ്കീ: 119 : 130)



**ഫാ. ജോർജ്ജ് ചേറ്റൂർ**
ഡയറക്ടർ, കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പ്
കോതമംഗലം



# ഉള്ളടക്കം


| | |
|---|---|
| മുഖവുര | 11 |
| ശുദ്ധീകരണവും, ശുദ്ധീകരണസ്ഥലവും | 13 |
| മരിയാ സിമ്മായ്ക്ക് ലഭിച്ച വെളിപ്പെടുത്തലുകൾ | 26 |
| വി. ഫൗസ്റ്റീനയും ശുദ്ധീകരണസ്ഥലവും | 51 |
| ശുദ്ധീകരണാത്മാക്കളെ സ്നേഹിച്ച എവുപ്രാസിയമ്മയും, മറിയം ത്രേസ്യായും | 60 |
| ഉപസംഹാരം | 69 |
| അനുബന്ധം | 73 |


ശുഭം

ഈ ലഘു ഗ്രന്ഥത്തിന്റെ വിശ്വാസ്യതയ്ക്ക് മാനുഷികാധാരം മാത്രമേയുള്ളുവെന്നും, അത്ഭുതകരങ്ങളോ പ്രകൃത്യാതീതങ്ങളോ ആയി പരാമർശിക്കപ്പെട്ടിട്ടുള്ളവയെപ്പറ്റി നിശ്ചയിക്കേണ്ടത് തിരുസ്സഭയാണെന്നും ഇതിനാൽ വ്യക്തമാക്കിക്കൊള്ളുന്നു.

- രചയിതാവ്



# മുഖവുര

ശുദ്ധീകരണസ്ഥലം എന്നുള്ളത് കത്തോലിക്കാസഭയുടെ വിശ്വാസ സത്യങ്ങളിൽ ഉൾപ്പെട്ടതാണെങ്കിലും, ഇന്നും അനേകർ ഇതിൽ കാര്യമായി വിശ്വസിക്കുന്നില്ല എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇതേപ്പറ്റി വ്യക്തമായി മനസ്സിലാക്കി കഴിയുമ്പോൾ മാത്രമേ ഇതിന്റെ ആവശ്യകത എത്രയധികമാണെന്നുള്ളത് നമുക്ക് ബോദ്ധ്യമാവുകയുള്ളു. പലയാളുകളും ഇതിനെ ദണ്ഡനത്തിന്റെ (കഠിന വേദന) ഒരു സ്ഥലമായോ, അല്ലെങ്കിൽ ആത്മാക്കളെ പൂട്ടിയിട്ട് ദണ്ഡനങ്ങളിലൂടെ അവരെ ശുദ്ധീകരിക്കാനുപയോഗിക്കുന്ന ഒരു തടവറയായോ കാണുന്നു. മറ്റൊരു കൂട്ടർ ഇതിനെ ഒരു സുഖവാസകേന്ദ്രമായി കരുതുന്നു. കാരണം ജീവിച്ചിരിക്കുമ്പോൾ പാപാവസ്ഥയിലായിരുന്നുവെങ്കിലും ശുദ്ധീകരണ സ്ഥലമുള്ളതിനാൽ കുറച്ചു സമയം അവിടെ ചിലവഴിച്ച് ബുദ്ധിമുട്ട് കൂടാതെ ശുദ്ധീകരണമൊക്കെ പൂർത്തിയാക്കി വളരെ വേഗത്തിൽ നിത്യതയിൽ എത്തിച്ചേരാമെന്ന് അവർ ആശ്വസിക്കുന്നു. ഇങ്ങനെയുള്ളവർ ശുദ്ധീകരണ പ്രക്രിയയെ ലാഘവമായും, നിഷ്പ്രയാസം ചെയ്തു പൂർത്തിയാക്കാവുന്ന ഒരു പ്രക്രിയയായും കാണുന്നു. ഈ രണ്ടു തരത്തിലുള്ള ചിന്താഗതികളും മാറ്റി ശുദ്ധീകരണാവസ്ഥയെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുകൾ വിശ്വാസികൾക്ക് ഉണ്ടാകേണ്ടത് അത്യന്ത്യാപേക്ഷിതമായിരിക്കുന്നു.

വി. ഫൗസ്റ്റീന, വാഴ്ത്തപ്പെട്ടവരായ എവുപ്രാസിയമ്മ, മറിയം ത്രേസ്യ, വി. പാദ്രേപിയോ, വി. ജർത്രൂഡ് തുടങ്ങിയവരെ കൂടാതെ മരിയാവൾതോർത്ത, മരിയാസിമ്മാ എന്നിവരെപ്പോലെയുള്ള അനേകം ദർശകർക്കും ഇതേപ്പറ്റി ധാരാളം വെളിപ്പെടുത്തലുകൾ

ലഭിച്ചിട്ടുണ്ട്. ഇവർക്കെല്ലാം ലഭിച്ച വെളിപ്പെടുത്തലുകൾ പരിശോധിക്കുമ്പോൾ അവയെല്ലാം സമാനതയുള്ളവയാണ് എന്ന് മനസ്സിലാക്കാൻ കഴിയും. ഒപ്പം ഇവയെല്ലാം സഭാവിശ്വാസങ്ങൾക്ക് യോജിച്ചവയാണെന്നും വ്യക്തമാകുന്നു. കത്തോലിക്ക സഭ നവംബർ 2-ാം തീയതി സകല മരിച്ചുപോയവരുടെയും ഓർമ്മ ആചരിക്കുന്നുമുണ്ടല്ലോ.

ഇന്ന് പള്ളികളിലും, കാറ്റക്കീസത്തിലും ഇതേപ്പറ്റി കൂടുതലായി പ്രതിപാദിക്കാത്തതിനാൽ സാധാരണ ആളുകളിൽ ഇതേപ്പറ്റി അവ്യക്തതയും സംശയങ്ങളും നിലനിൽക്കുന്നുണ്ട്. ആയതിനാൽ പലരിലും മരണാനന്തരാവസ്ഥയെപ്പറ്റി പലവിധ അജ്ഞതകളും, ശൂന്യതാബോധവുമൊക്കെ നിലനിൽക്കുന്നു. മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും, അതുവഴി നമുക്കും അവർക്കും ലഭിക്കുന്ന കൃപകളും, അനുഗ്രഹങ്ങളും തുടർന്നുവരുന്ന ഭാഗങ്ങളിൽ വിവരിക്കുന്നുണ്ട്. സാധാരണക്കാരിൽ ഇതേക്കുറിച്ച് നിലനിൽക്കുന്ന സംശയങ്ങൾ ദൂരീകരിക്കുവാനും, അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുവാനും ഒരു പരിധി വരെ ഈ ലഘുഗ്രന്ഥം സഹായകമാകുമെന്ന് വിശ്വസിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനായി ഇതിന്റെ വായനക്കാരെ ഒരുക്കുകയും, ശുദ്ധീകരണ രഹസ്യങ്ങളുടെ ആഴങ്ങൾ മനസ്സിലാക്കുവാൻ അവരെ സഹായിക്കുകയും ചെയ്യട്ടെ. ഇതിന്റെ സഫലീകരണത്തിനായി പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം തേടുകയും ചെയ്യുന്നു.



# 1

# ശുദ്ധീകരണവും, ശുദ്ധീകരണസ്ഥലവും

ശുദ്ധീകരണസ്ഥലത്ത് (Purgatory) ഒരു ആത്മാവ് പീഢകൾ സഹിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ പോലും, അതിനെ ഒരു അനാവശ്യമായ ഒരു സഹനമായോ ദുരിതമായോ കാണുവാൻ പാടില്ല. ഇതിനെ സ്നേഹത്തിന്റെയും, പ്രത്യാശയുടെയും, സമാധാനത്തിന്റെയും അവസ്ഥയായി കാണേണ്ടിയിരിക്കുന്നു. മരണാനന്തരം നിത്യതയിൽ ദൈവത്തോടൊന്നിച്ച് ആയിരിക്കണമെങ്കിൽ ഒരു വ്യക്തിയുടെ ആത്മാവിന് പൂർണ്ണമായ ശുദ്ധീകരണം അല്ലെങ്കിൽ പൂർണ്ണമായും വിശുദ്ധീകരിക്കപ്പെട്ട അവസ്ഥയിലുമായിരിക്കണം. ആയതിനാൽ ശുദ്ധീകരണ പ്രക്രിയ ദൈവം ഒരുക്കിയിരിക്കുന്നത് തനിക്ക് മനുഷ്യനോടുള്ള അനന്തമായ സ്നേഹം മൂലമാണ് എന്ന് മനസ്സിലാക്കാം.

''ഞാൻ നിന്നെ ശുദ്ധീകരിച്ചു; എന്നാൽ വെള്ളി പോലെയല്ല. കഷ്ടതയുടെ ചൂളയിൽ നിന്നെ ഞാൻ ശോധന ചെയ്തു.. എനിക്കുവേണ്ടി, അതേ എനിക്കുവേണ്ടി മാത്രമാണ് ഞാനിത് ചെയ്യുന്നത്'' (ഏശയ്യാ 48/10). ആകയാൽ ദൈവത്തോടുകൂടി ആയിരിക്കണമെങ്കിൽ സഹനത്തിന്റെ ചൂളയിൽ ഒരു വ്യക്തി ശുദ്ധീകരിക്കപ്പെടേണ്ടതായുണ്ട്. ശരീരത്തിൽ ഇരിക്കുമ്പോൾ ഈ ശുദ്ധീകരണം പൂർത്തിയായില്ലെങ്കിൽ, മരണാനന്തരം ആത്മാവ് ശുദ്ധീകരിക്കപ്പെടേണ്ടതായുണ്ട്. ഈ ശുദ്ധീകരണമാണ് ശുദ്ധീകരണസ്ഥലത്ത് ഒരു ആത്മാവ് പൂർത്തിയാക്കുന്നത്.

നമ്മോടു തന്നെയുള്ള സ്വാർത്ഥമായ സ്നേഹം, ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നും നമ്മെ അകറ്റിനിർത്തുന്നു. ശുദ്ധീകരണത്തിലൂടെ തന്നോടു തന്നെയുള്ള സ്വാർത്ഥമായ സ്നേഹം ഉരുകി

ഇല്ലാതാകുകയും അതിന്റെ ഒരു കണിക പോലും തന്നിൽ അവശേഷിക്കാത്ത അവസ്ഥയിൽ ആത്മാവ് എത്തിച്ചേരുകയും ചെയ്യുന്നു. അപ്രകാരം തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്നതു വഴി ആ ആത്മാവിൽ പിന്നീട് നിലനിൽക്കുന്നത് ദൈവസ്നേഹം മാത്രമാണ്. അങ്ങനെ ഈ ആത്മാവിന് ദൈവത്തോട് ചേരാനും നിത്യതയിൽ ജീവിക്കാനും പ്രാപ്തമാകുന്നു. ശുദ്ധീകരണാഗ്നിയിലൂടെ ദൈവസ്നേഹത്തിൽ നിന്നും നമ്മെ അകറ്റുന്ന പാപക്കറകളും, കുറ്റങ്ങളും, ബലഹീനതകളും, തന്നോടുതന്നെയുള്ള സ്വാർത്ഥ സ്നേഹവും ഒക്കെ കത്തി നശിപ്പിക്കപ്പെടുകയും, തുടർന്ന് ദൈവസ്നേഹത്തിൽ മാത്രമായി ആത്മാവ് നിലകൊള്ളുകയും ചെയ്യുന്നു. അങ്ങനെ നിസ്വാർത്ഥ സ്നേഹത്തിന്റെ അവസ്ഥയിൽ എത്തിയ ആത്മാവ് വിശുദ്ധരുടെ അവസ്ഥയിൽ ആയിത്തീരുന്നു. ‘‘നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കണം’’ (നിയമാവർത്തനം 6/5). ശുദ്ധീകരണത്തിലൂടെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണശക്തിയോടും കൂടി ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്ന അവസ്ഥയിൽ ഒരു ആത്മാവ് എത്തിച്ചേരുന്നു. മേൽ പറഞ്ഞ വചനം ആ ആത്മാവിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു.

പാപപ്രവൃത്തികളും, പാപക്കറകളും, നമ്മോടുതന്നെയുള്ള സ്നേഹവുമൊക്കെ ദൈവസ്നേഹത്തിൽ നിന്നും നമ്മെ അകറ്റുന്നതായി നേരത്തെ പ്രതിപാദിച്ചിരുന്നുവല്ലോ. ഈ അശുദ്ധികൾ ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ ഉപരിതലത്തിൽ ഒരു ഘനമുള്ള പാളി (hard crust) രൂപപ്പെടുത്തുന്നു. ഇത്തരം ഒരു പ്രക്രിയ നടക്കുന്നതായി നമ്മിൽ പലരും അറിയുന്നുപോലുമില്ല. ഓരോ ദിവസവും ഓരോ മണിക്കൂറിലും നമ്മൾ പാപങ്ങൾ ചെയ്യുകയും, ദൈവത്തെ നിരസിക്കുകയും ദൈവഹിതത്തിന് എതിരായി പ്രവൃത്തിക്കുകയും ചെയ്യുമ്പോൾ ഈ കടുത്ത പുറം പാളിക്ക്



വീണ്ടും ഘനം കൂടിക്കൊണ്ടിരിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ നിസ്വാർത്ഥമായ സ്നേഹത്തിനു മാത്രമേ ഈ പാളിയെ ഉരുക്കിക്കളയുവാൻ സാധിക്കുകയുള്ളൂ. ഇത് ഉരുക്കിക്കളയുവാനുള്ള പോരാട്ടമായിരുന്നു വിശുദ്ധരൊക്കെ അവരുടെ ജീവിതയാത്രയിൽ അനുഷ്ഠിച്ചിരുന്നത്. അതായത് ദൈവത്തോടുള്ള സ്നേഹത്തിൽ നിന്ന് അവരെ അകറ്റുന്ന ഇത്തരത്തിലുള്ള പാളികളെ നശിപ്പിക്കുവാനും, അവ രൂപപ്പെടാതിരിക്കുവാനും, അതു വഴി ദൈവത്തോടുള്ള സ്നേഹം കുറവുകളില്ലാതെ വെട്ടിത്തിളങ്ങുന്ന വജ്രത്തെപ്പോലെ കാത്തുസൂക്ഷിക്കുവാനുമായിരുന്നു അവർ ശ്രമിച്ചിരുന്നത്. ഇതിനു വേണ്ടി അവർ ധാരാളം പ്രാർത്ഥിക്കുകയും, പ്രായശ്ചിത്ത പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പ്രായശ്ചിത്ത പ്രവൃത്തികൾ ഒരു ഉളിപോലെ ഈ പാളികളെ നീക്കം ചെയ്യുവാൻ അവരെ സഹായിച്ചിരുന്നു. കുമ്പസാരത്തിലൂടെ പാപം മോചിപ്പിക്കപ്പെടുന്നു എങ്കിലും പാപത്തിന്റെ കടം വീട്ടാൻ ഈ പ്രായശ്ചിത്ത പ്രവൃത്തികൾ ആവശ്യമാണ്. ഇതുവഴിയായി തങ്ങൾക്ക് ദൈവത്തോടുള്ള സ്നേഹം കൂടുതൽ ശുദ്ധമുള്ളതായി തീരുമെന്ന് അവർ വിശ്വസിച്ചിരുന്നതിനാൽ അവ കൂടുതൽ അനുഷ്ഠിക്കുവാൻ അവർ ശ്രമിച്ചിരുന്നു. വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം വായിച്ചാൽ ഇതു മനസ്സിലാകുമല്ലോ. ഇപ്രകാരം സ്വാർത്ഥ സ്നേഹമാകുന്ന പുറം പാളികൾ അവർ നശിപ്പിക്കുകയും ദൈവത്തോടുള്ള ആഴമായ സ്നേഹത്തിൽ വർത്തിക്കുകയും ചെയ്തു. ഇപ്രകാരം വിശുദ്ധർക്ക് മരണാനന്തരം ഒന്നുകിൽ നേരെ അല്ലെങ്കിൽ അല്പം ശുദ്ധീകരണം വഴി നിത്യതയിൽ എത്തിച്ചേരാൻ കഴിഞ്ഞു എന്ന് നമുക്ക് വിശ്വസിക്കാം.

ചുരുക്കത്തിൽ മരണാനന്തരം, ശുദ്ധീകരണസ്ഥലം ഒരു ആത്മാവിന് ദണ്ഡനസ്ഥലത്തേക്കാളുപരി ഒരു അഭയ സ്ഥലമായി മാറുന്നു. അവിടെ അവർക്ക് ധാരാളം ഉൾക്കാഴ്ചകളും അറിവും ലഭിക്കുന്നു. ദൈവസ്നേഹത്തിന്റെ രഹസ്യങ്ങളെയും, അവയുടെ വഴികളെക്കുറിച്ചുമുള്ള ബോദ്ധ്യങ്ങൾ ആത്മാവിന് ലഭിക്കുന്നു. ഭൂമിയിൽ ജീവി

ച്ചിരിക്കുമ്പോൾത്തന്നെ ദൈവത്തിന് പ്രാഥമിക സ്ഥാനം നൽകേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും, ആത്മരക്ഷയെപ്പറ്റിയും എല്ലാം അവർ അവിടെ മനസ്സിലാക്കുന്നു. കൂടാതെ ഭൂമിയിലെ ജീവിതം എത്ര ഹ്രസ്വമാണെന്നും, ആ സമയത്ത് എത്രയധികം നന്മകൾ ചെയ്യേണ്ടതായിരുന്നുവെന്നും, തങ്ങൾ പ്രവൃത്തിച്ച നന്മകൾ എത്ര മാത്രം കുറവായിരുന്നുവെന്നും അവർക്ക് അറിവ് ലഭിക്കുന്നു. ഭൗതീകമായി നേടിയെടുത്ത നിധികളേക്കാൾ എത്രയധികം വിലപ്പെട്ടവയാണ് ആത്മീയമായി നേടിയ നിധികൾ എന്ന് അവർക്ക് ബോദ്ധ്യം ലഭിക്കുന്നു.

ശുദ്ധീകരണത്തിനു ശേഷം അവരുടെ ബലഹീനതകളെല്ലാം ഇല്ലാതാകുകയും, പാപങ്ങൾ, പ്രലോഭനങ്ങൾ എന്നിവയിൽ നിന്ന് അവർ വിമുക്തരാകുമെന്നും അവർ മനസ്സിലാക്കുന്നു. അങ്ങനെ ശുദ്ധീകരണസ്ഥലത്ത് അവർക്ക്  സഹനങ്ങൾ ഉണ്ടെങ്കിലും ഇതിനുശേഷം അവർ പൂർണ്ണമായി രക്ഷിക്കപ്പെട്ട് ദൈവത്തേയും ദൈവസ്നേഹത്തെയും സ്വീകരിക്കുവാൻ സാദ്ധ്യമാകുമെന്ന പ്രത്യാശ ഉള്ളതിനാൽ അവർ സന്തോഷിക്കുന്നു. ശുദ്ധീകരണത്തിലൂടെ നമ്മുടെ പാപകടങ്ങൾ വീട്ടുന്നതോടൊപ്പം ആ ആത്മാവ് പൂർണ്ണമായും ദൈവസ്നേഹത്തെ സ്വീകരിക്കുകയും, അതിനെ അംഗീകരിക്കുകയും അവിടുത്തെ തിരുവിഷ്ടം പാലിക്കാൻ തയ്യാറാകുകയും ചെയ്യുന്നു.

ഒരു വ്യക്തി മരിക്കുമ്പോൾ അവരിൽ എത്രമാത്രം ദൈവത്തോടുള്ള സ്നേഹം ഉണ്ടായിരുന്നുവോ, ആ അളവിന് അനുസൃതമായിട്ടായിരിക്കും അയാൾക്ക് ലഭിക്കുന്ന നിത്യതയുടെ സമ്മാനം. കുരിശിന്റെ വി. യോഹന്നാൻ ഇങ്ങനെ പറയുന്നുണ്ടല്ലോ ''ജീവിതാന്ത്യത്തിൽ നീ പരിശോധിക്കപ്പെടുന്നത് നിന്റെ സ്നേഹത്തിനനുസരിച്ചായിരിക്കും'' എന്ന്.

ദൈവത്തേയും, ദൈവസ്നേഹത്തെപ്പറ്റിയും വ്യക്തമായ അറിവ് ലഭിച്ച ശുദ്ധീകരണാത്മാവ് ദൈവത്തോടു ചേരുവാനുള്ള



അതിയായ ആഗ്രഹത്താൽ ശുദ്ധീകരണാഗ്നിയിൽ ശുദ്ധീകരിക്കപ്പെടുന്നു. ഒരാത്മാവിന് ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന തരത്തിലുള്ള ഭൗതീകശരീരം അവിടെ ഇല്ലല്ലോ. ദൈവത്തോട് ചേരാനും, അവിടുത്തെ പൂർണ്ണമായി സ്നേഹിക്കുവാനുമുള്ള തീവ്രമായ ആഗ്രഹവും, എന്നാൽ അത് നിവൃത്തിയാക്കാൻ കഴിയാത്ത അപ്പോഴത്തെ ആ ആത്മാവിന്റെ അവസ്ഥ മൂലം അവർ അനുഭവിക്കുന്ന ഒരു പൊള്ളലിനെ(തീകത്തൽ)യാണ് ശുദ്ധീകരണാഗ്നി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മേൽ പറഞ്ഞ അഗ്നി, തീയും പുകയും അല്ലെങ്കിലും ഈ കത്തൽ (പൊള്ളൽ) മൂലമുള്ള ആത്മാവിന്റെ വേദന നമ്മുടെ ഭൗതീക ശരീരത്തിന് യഥാർത്ഥ അഗ്നിയും, പുകയും ഏൽപ്പിക്കുന്ന വേദനയേക്കാൾ അനേകമടങ്ങ് വലുതായിരിക്കും. ഉദാഹരണമായി മുറിവേറ്റ ഒരു ഹൃദയം അനുഭവിക്കുന്ന ആത്മവേദന, കാലിന് ഒടിവു പറ്റുമ്പോഴുള്ള വേദനയേക്കാൾ എത്രയധികമായിരിക്കും. ആദ്യത്തെ അവസ്ഥയിലുള്ള വേദന മാറുവാൻ വളരെ കൂടുതൽ സമയം എടുക്കുകയും ചെയ്യുമല്ലോ. ശുദ്ധീകരണാവസ്ഥയിൽ കഴിയുന്ന ആത്മാവ് എത്രയും വേഗം ശുദ്ധീകരണം പൂർത്തിയാക്കി ദൈവത്തോട് ചേരാനും (വിലയം പ്രാപിക്കാനും) അവിടുത്തെ പൂർണ്ണമായി സ്നേഹിക്കാനും ആഗ്രഹിക്കുന്നു. ഇത്തരം ദണ്ഡനങ്ങൾ സഹിച്ചുകൊണ്ടിരിക്കുമ്പോൾ ഇങ്ങനെയുള്ള അവസ്ഥ ഒഴിവാക്കാവുന്നവ ആയിരുന്നുവല്ലോ എന്ന ബോദ്ധ്യം ആത്മാവിന് അതിൽ കൂടുതൽ വേദന ഉളവാക്കുന്നു. ഒപ്പം തന്നെ ശരീരത്തിൽ ജീവിച്ചിരുന്നപ്പോൾ ദൈവത്തെ പൂർണ്ണമായും സ്നേഹിക്കുകയും, പ്രാർത്ഥനകൾ, പ്രായശ്ചിത്ത പ്രവൃത്തികൾ, സഹനങ്ങൾ, കൂദാശസ്വീകരണങ്ങൾ, ഔദാര്യപ്രവൃത്തികൾ എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ തന്നോടു തന്നെയുള്ള സ്നേഹം മൂലം സൃഷ്ടിക്കപ്പെട്ട പുറം പാളി ഇല്ലാതാക്കാമായിരുന്നല്ലോ എന്നും ആത്മാവ് ദു:ഖത്തോടുകൂടി അംഗീകരിക്കുന്നു.

മറ്റൊരു പ്രധാന കാര്യം ശുദ്ധീകരണാത്മാവിനെ വേദനിപ്പിക്കുകയും, പീഢിപ്പിക്കുകയും ചെയ്യുന്ന അഗ്നി അവരാൽ തന്നെ സൃഷ്ടിക്കപ്പെട്ടതാണെന്നുള്ളതാണ്. അവർ തന്നെയാണ് അവരുടെ ഇത്തരം അവസ്ഥയിലുള്ള സഹനങ്ങൾക്ക് തീരുമാനം എടുത്തത്. കാരണം ദൈവത്തോടുള്ള അവരുടെ സ്നേഹത്തിന്റെ ഉപരിതലത്തിൽ തന്നോടുതന്നെയുള്ള സ്നേഹത്തിന്റെ പാളികൾ സൃഷ്ടിച്ചത് അവർ തന്നെയാണ്. ചുരുക്കത്തിൽ ദൈവം അല്ല മറിച്ച് അവർ തന്നെയാണ് അവർക്ക് ശുദ്ധീകരണസ്ഥലം (അവസ്ഥ) ഒരുക്കിയത് എന്ന ബോദ്ധ്യം അവരെ കൂടുതൽ വേദനിപ്പിക്കുന്നു. ജീവിച്ചിരുന്നപ്പോൾ ദൈവം നൽകിയ കൃപകളെ തിരസ്ക്കരിക്കുകയും, അവ സ്വീകരിക്കാതിരിക്കുകയും അങ്ങനെ പല പാപപ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്തതുമൂലമാണ് തങ്ങൾ ശുദ്ധീകരണസ്ഥലത്ത് എത്തിയതെന്ന് അവർ മനസ്സിലാക്കുന്നു. അങ്ങനെ ദൈവത്തോടു ചേരാനുള്ള തീക്ഷ്ണമായ ആഗ്രഹത്താൽ അവർ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

ദൈവം ആരെയും ശുദ്ധീകരണസ്ഥലത്ത് അയക്കാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് ദൈവത്തിന്റെ കരുണയും, സ്നേഹവും മൂലമാണ് ഈ അവസ്ഥയിലൂടെ കടന്നുപോകുവാൻ അവരെ അനുവദിച്ചത് എന്ന് അവർ മനസ്സിലാക്കുന്നു. ജീവിച്ചിരുന്നപ്പോൾ ദൈവം അവരെ എത്രയധികമായി സ്നേഹിച്ചിരുന്നു എന്ന് അവർ ഗ്രഹിക്കുന്നു. ഇത് അവരുടെ വേദന കൂടുതലായി വർദ്ധിപ്പിക്കുന്നു. ജീവിച്ചിരുന്നപ്പോൾ തങ്ങൾ ചെയ്ത ഓരോ തരത്തിലുള്ള പാപങ്ങൾക്കും അതിന്റെ അളവനുസരിച്ച് ഓരോ ശുദ്ധീകരണാത്മാവിനും വ്യത്യസ്തമായ പടികളിൽ (degree) ആണ് മേൽ പറഞ്ഞ ഉൾക്കാഴ്ചകൾ ലഭിക്കുന്നത്. അങ്ങനെ ദൈവമുമ്പാകെ താൻ എത്രമാത്രം നന്ദികെട്ടവനായിരുന്നുവെന്നും, ദൈവസ്നേഹത്തെ എത്രമാത്രം താൻ തിരസ്കരിക്കുകയും ദുരുപയോഗിക്കുകയും ചെയ്തിരുന്നുവെന്നും ആത്മാവ് മനസ്സിലാക്കുന്നു.



ശുദ്ധീകരണസ്ഥലത്ത് ഒരു ആത്മാവിന്റെ ധാരണാശക്തിയും, ചിന്തയും, സ്നേഹവും എല്ലാം ശുദ്ധീകരിക്കപ്പെടുന്നു. എവിടെ വെച്ചാണോ, എങ്ങനെയാണോ ചിന്തയിലൂടെയും, വിവേചനത്തിലൂടെയും തനിക്ക് തെറ്റു പറ്റിയതെന്ന് ആത്മാവ് പഠിക്കുന്നു. ശുദ്ധീകരണത്തിലെ വേദനാനുഭവങ്ങളിലൂടെ മാലിന്യങ്ങൾ നീക്കപ്പെടുകയും ആത്മാവ് യഥാർത്ഥ സ്നേഹം പുറപ്പെടുവിക്കാൻ തുടങ്ങുകയും ചെയ്യുന്നു. അങ്ങനെ സ്വർഗ്ഗത്തിൽ എത്തിക്കഴിയുമ്പോഴേക്കും ഒരാത്മാവ് പൂർണ്ണമായും ദൈവം എന്താണെന്നും, അവിടുത്തെ വഴികൾ എന്താണെന്നും മനസ്സിലാക്കിയിരിക്കും. എല്ലാ നന്മകളെക്കുറിച്ചും, ദൈവസ്നേഹത്തെപ്പറ്റിയും പൂർണ്ണമായും മനസ്സിലാക്കിയ ആത്മാവ് ദൈവത്തെ സ്തുതിക്കാനും നന്ദി പറയാനും തുടങ്ങും.

അങ്ങനെ ശുദ്ധീകരണസ്ഥലം പാപങ്ങൾക്കുള്ള ശിക്ഷ നീക്കിക്കളയാനുള്ള സ്ഥലം മാത്രമല്ല, മറിച്ച് ദൈവത്തെക്കുറിച്ചുള്ള പാഠങ്ങൾ പഠിക്കാനുള്ള വിദ്യാലയവും കൂടിയാണ്. ശുദ്ധീകരണാത്മാക്കൾക്ക് അവിടെ കൂടുതൽ യോഗ്യതകൾ നേടാനുള്ള സമയവും അവസരവും ഇല്ല. ഭൂമിയിൽ വെച്ച് ഏതുതരം ജീവിതശൈലിയാണോ അവർ തിരഞ്ഞെടുത്തത് അതുമൂലം അവർ തന്നെ സൃഷ്ടിച്ച ശുദ്ധീകരണം മാത്രമേ അവർക്ക് അവിടെ ചെയ്യുവാനുള്ളു. പക്ഷെ ഭൂമിയിൽ ജീവിക്കുന്ന നമുക്ക് ഈ ആത്മാക്കളെ സഹായിക്കുന്നതുവഴി അനേകം യോഗ്യതകൾ ദൈവത്തിൽ നിന്നും നേടിയെടുക്കാം. അവരുടെ വേദനകൾ കുറയ്ക്കുവാനും, പെട്ടെന്ന് അവർക്ക് ഉൾക്കാഴ്ചകളും, അറിവുകളും കൊടുക്കുവാനും നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാൻ കഴിയും. അവർക്കുവേണ്ടി നമ്മൾ കാഴ്ചവെക്കുന്ന വി. കുർബ്ബാനകൾ, പ്രാർത്ഥനകൾ, കാരുണ്യ പ്രവൃത്തികൾ മുതലായവ അവരുടെ ദൈവത്തോടുള്ള സ്നേഹത്തിന്റെ ഉപരിതലത്തിൽ രൂപം കൊണ്ട കഠിനമായ പാളികളെ പൊട്ടിച്ചുമാറ്റാനുള്ള ഉളിയായി ഉപകരിക്കും.

യേശുവിന്റെ തിരുരക്തത്തിൽ ആത്മാക്കളെ സമർപ്പിക്കുന്നത് അവരെ സഹായിക്കാനുള്ള വളരെ നല്ല ഒരു മാർഗ്ഗമാണ്. യേശുവിനേയും അവിടുത്തെ പീഢാസഹനങ്ങളേയും, ആത്മാക്കൾക്കുവേണ്ടി അവിടുന്ന് ജീവൻ ബലികഴിച്ചതിനേയും ഓർത്ത് ധ്യാനിച്ച് അവരെ സമർപ്പിക്കുമ്പോൾ കഠിനമായ ആ പുറംപാളികളെ പൊട്ടിക്കാനും, നശിപ്പിക്കാനും സഹായമാകും. അവർക്കുവേണ്ടി മേൽ വിവരിച്ച സൽപ്രവൃത്തികളും പ്രാർത്ഥനകളും നാം നടത്തുന്നില്ലെങ്കിൽ ആ പാളികൾ പൊട്ടിച്ചുമാറ്റുവാൻ അവർ സ്വയമായി പ്രയത്നിക്കേണ്ടിവരും. ഇത് എത്രമാത്രം ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

ശുദ്ധീകരണസ്ഥലത്ത് ചില ആത്മാക്കൾ വളരെ കൂടുതൽ കാലം കഴിയേണ്ടി വരും. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ തങ്ങൾ വളരെ ദൈവഭക്തിയുള്ളവരായിരുന്നു എന്ന് വിശ്വസിച്ചിരുന്നവർ ശുദ്ധീകരണസ്ഥലത്ത് വളരെ കൂടുതൽ സഹിക്കേണ്ടതായിവരും. ഇതിനുകാരണം അവരുടെ അഹങ്കാര മനോഭാവമാണ്. അപ്രകാരമുള്ളവർക്കുവേണ്ടി ഭൂമിയിൽ ജീവിച്ചിരിക്കുന്നവർ പ്രാർത്ഥിക്കുന്നില്ല, കാരണം അങ്ങനെയുള്ള ആത്മാക്കൾ അവരുടെ ദൃഷ്ടിയിൽ വളരെ ദൈവഭക്തിയുള്ളവരായിരുന്നുവല്ലോ. മറ്റുള്ളവരുടെ പ്രാർത്ഥനകൾ ലഭിക്കാത്തതുമൂലം ഇവരുടെ ആത്മാവ് ശുദ്ധീകരണസ്ഥലത്ത് കൂടുതൽ കാലം സഹിക്കേണ്ടതായി വരുന്നു. അതിനാൽ ദൈവഭക്തിയിലും, നന്മയിലും ജീവിച്ചുമരിച്ച ആത്മാക്കൾക്കുവേണ്ടി നമ്മൾ നിശ്ചയമായും വളരെ കൂടുതൽ പ്രാർത്ഥിക്കുന്നതും അവർക്കുവേണ്ടി കുർബാന ചൊല്ലി സമർപ്പിക്കുന്നതും ഉത്തമമായിരിക്കും. വിശുദ്ധരായി ജീവിച്ച പല ആളുകളും ശുദ്ധീകരണസ്ഥലത്തുണ്ട്. അവർക്ക് നേരെ സ്വർഗ്ഗത്തിലേക്കു പോകാൻ പറ്റാത്തതിന്റെ കാരണം തന്നോടുതന്നെയുള്ള സ്വാർത്ഥ സ്നേഹം നിലനിന്നിരുന്നതിനാലാണ് എന്ന് പല വിശുദ്ധർക്കും വെളിപ്പെടുത്തി കിട്ടിയിട്ടുണ്ട്.



ഭൂമിയിൽ വെച്ചുതന്നെ തന്നോടുള്ള സ്വാർത്ഥസ്നേഹം, പ്രാർത്ഥന, പ്രായശ്ചിത്തപ്രവൃത്തികൾ, കൂദാശ സ്വീകരണം ഇവയൊക്കെ വഴിയായി ശുദ്ധീകരണം പൂർത്തിയാക്കാൻ കഴിഞ്ഞാൽ പിന്നീട് ശുദ്ധീകരണസ്ഥലത്ത് അധികം ചിലവഴിക്കേണ്ടതായി വരില്ല. മാരകപാപങ്ങളും അതുപോലെ ലഘുപാപങ്ങളും ഒന്നും തന്നെ ചെയ്യാത്ത പലർക്കും തന്നോടുതന്നെയുള്ള സ്വാർത്ഥ സ്നേഹം  പലപ്പോഴും ഉണ്ടായിരിക്കും.  ഇത് അവരെ പലവിധത്തിലുള്ള മതസംബന്ധവും, വിശ്വാസസംബന്ധവുമായ പല ഉപേക്ഷകൾക്കും കാരണമാക്കും. ഈ ഉപേക്ഷകൾക്ക് ശിക്ഷയുണ്ട്. ഇത്തരത്തിലുള്ള ഉപേക്ഷയാലുള്ള പാപങ്ങൾ മൂലം തനിക്ക് തന്നോടുള്ള സ്നേഹത്തിന്റെ ഉപരിതലത്തിൽ സൃഷ്ടിക്കപ്പെട്ട പുറം പാളികൾ ഇല്ലാതാക്കുവാൻ ഇങ്ങനെയുള്ളവർക്ക് കഠിനമായ ശുദ്ധീകരണം ആവശ്യമാണ്.

വിശുദ്ധിയിൽ ജീവിച്ചിരുന്നവർക്ക് ഔദാര്യവും സേവനവുമൊക്കെ ചെയ്യാൻ പല കൃപകൾ ദൈവം നൽകിയിട്ടുണ്ടെങ്കിലും തങ്ങളുടെ വ്യക്തിപരമായ അസൗകര്യങ്ങൾ പറഞ്ഞ് അവയിൽ നിന്ന് ഒഴിഞ്ഞുമാറിയിട്ടുണ്ടെങ്കിൽ അത് തന്നോടുള്ള സ്വാർത്ഥസ്നേഹം മൂലമാണ്. അതായത് ജീവിതകാലത്ത് തനിക്ക് മുമ്പിൽ ലഭിച്ചിരുന്ന നല്ല അവസരങ്ങൾ പലതും വേണ്ടവിധം ഉപയോഗിക്കാത്തതാണ് താൻ ശുദ്ധീകരണസ്ഥലത്ത് കഴിയേണ്ടിവന്നതിന്റെ കാരണമെന്ന്  ചില ആത്മാക്കൾ വെളിപ്പെടുത്തിയതായി പറയുന്നു.

ശുദ്ധീകരണസ്ഥലത്ത് ഒരു ആത്മാവ് ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ തന്റെ കാവൽ മാലാഖ ദൈവസ്തുതികളെക്കുറിച്ചും, എന്തുകൊണ്ട് ദൈവത്തെ സ്തുതിക്കണം എന്നിവയെക്കുറിച്ചും പഠിപ്പിച്ചുകൊടുക്കുന്നു. തന്റെ കാവൽ മാലാഖയുടെ അവിടുത്തെ സാന്നിദ്ധ്യം ആത്മാവിന് ആഹ്ലാദം നൽകു

ന്നുണ്ടെങ്കിലും, ആശ്വാസം ലഭിക്കുന്നില്ല. ആശ്വാസം ആത്മാവിന് ലഭിക്കുന്നത് ശുദ്ധീകരണസ്ഥലത്തെ സഹനങ്ങളിലൂടെയും, ഭൂമിയിൽ നിന്നും തനിക്ക് ലഭിക്കുന്ന പ്രാർത്ഥനകളിൽ നിന്നും മാത്രമാണ്.

ശുദ്ധീകരണാത്മാവ് അനുഭവിക്കുന്ന വേദനകളും സഹനങ്ങളും വർണ്ണിക്കാൻ കഴിയാത്ത വിധം അസഹനീയമാണെങ്കിലും അവിടെ നിന്നും വിട്ടുപോകുവാനോ, ആരെങ്കിലും അവിടെ നിന്നും അവരെ മോചിപ്പിക്കുവാനോ അവർ ആഗ്രഹിക്കുന്നില്ല. ദൈവസ്നേഹത്തിൽ നിന്നും തന്നെ അകറ്റുന്ന സ്വാർത്ഥസ്നേഹം എത്രയും വേഗം ഉരുകിതീരുവാനാണ് അവർ അഭിലഷിക്കുന്നത്. അവർ ദൈവത്തോട് നന്ദിയുള്ളവരും പ്രത്യാശയുള്ളവരുമാണ്. ശുദ്ധീകരിക്കപ്പെട്ടുകഴിയുമ്പോൾ വെണ്മയുള്ള വിശുദ്ധവസ്ത്രം തങ്ങൾക്ക് ലഭിക്കുമെന്ന് അവർ പ്രത്യാശിക്കുന്നു. അവരോടൊപ്പമുള്ള ഒരാത്മാവിന് അവിടം വിട്ട് സ്വർഗ്ഗത്തിലേക്ക് കയറ്റം ലഭിക്കുമ്പോൾ മറ്റുള്ള ശുദ്ധീകരണാത്മക്കൾ ആനന്ദിക്കുന്നു. ശുദ്ധീകരണത്തിലൂടെ സഹനം, ഔദാര്യം, സേവനം, സഹോദരസ്നേഹം ഇവയുടെ മൂല്യങ്ങൾ അവർ മനസ്സിലാക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുന്നു.

എല്ലാ ആത്മാക്കളുടെയും ഓർമ്മ ആചരിക്കുന്ന ദിവസത്തെ ശുദ്ധീകരണാത്മക്കൾ വളരെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. അന്ന് അവർക്ക് കൂടുതൽ ആഹ്ലാദവും ആശ്വാസവും ലഭിക്കുന്നു. ഈ സമയത്ത് അവർ അനുഭവിക്കുന്ന സന്തോഷത്തിന്റെ തീവ്രത അവർ അനുഭവിക്കുന്ന സഹനത്തിന്റെ അളവുപോലെ തന്നെയാണ്. അപ്പോൾ അവരിൽ നിന്നും പ്രകാശമാനമായ രശ്മികൾ പുറത്തുവരുന്നതു കാണുമ്പോൾ അവരുടെ സന്തോഷത്തിന് അളവുകളില്ല. ദൈവത്തെ കൂടുതൽ സ്നേഹിക്കുവാൻ അവർ പ്രാപ്തരാകുമെന്ന ബോദ്ധ്യം കൂടുതലായി അവർക്ക് ലഭിക്കുന്നു.



ഭൂമിയിൽ വെച്ച് ചെയ്ത ഒരു ലഘു പാപം പോലും ആത്മാവിന് എത്രമാത്രം നാശം ഉണ്ടാക്കുന്നു എന്ന് അവർ മനസ്സിലാക്കുന്നു. ശുദ്ധീകരണസ്ഥലത്ത് ആത്മാക്കൾ ഏകാന്തത അനുഭവിക്കുന്നു. ശുദ്ധീകരണസ്ഥലത്തിന്റെ ഒഴിഞ്ഞ മൂലകളിൽ കിടക്കുന്ന ആത്മാക്കൾ മറ്റുപലരെയുംകാൾ അനേകമടങ്ങ് യാതനകൾ സഹിക്കുന്നു. ജീവിച്ചിരുന്നപ്പോൾ അവരുടെ മതസംബന്ധവും, വിശ്വാസപരവുമായ ഉപേക്ഷകൾ മറ്റനേകം ആളുകളെ ദൈവത്തിൽ നിന്നും അകറ്റിയത് മൂലമാണ് അവർ അവിടെ കഷ്ടപ്പെടുന്നതിന്റെ കാരണം. അവരുടെ പാപങ്ങൾക്കുമാത്രമല്ല, അവർ മൂലം തെറ്റുപറ്റിയവരുടെ പാപങ്ങൾക്കു കൂടി അവർ ഉത്തരവാദിത്വം ഏറ്റെടുത്ത് ശുദ്ധീകരിക്കപ്പെടേണ്ടതായുണ്ട്. ഇവർ തങ്ങൾക്കു ലഭിച്ച താലന്തുകളെ പരസ്യമായി ദൈവത്തെ കുറ്റപ്പെടുത്തുവാനും, സഭയെ അധിക്ഷേപിക്കുവാനും ഉപയോഗിച്ചതുമൂലമാണ്.

അഹങ്കാരം ഏറ്റവും വലിയ പാപമായതിനാൽ അത്തരം ആത്മാക്കളുടെ ശുദ്ധീകരണം ദൈർഘ്യമേറിയതാണ്. ഇത്തരത്തിലുള്ളവർ ഭൂമിയിൽ വെച്ച് തനിക്ക് ദൈവത്തെ ആവശ്യമില്ലെന്നും, ദൈവത്തെ അനുധാവനം ചെയ്യുവാൻ മടിച്ചവരുമായിരുന്നു. താൻ ഒരു വിഡ്ഢിയായിരുന്നല്ലോ എന്നു മനസ്സിലാക്കി അവർ കൂടുതൽ പീഢകൾ സഹിക്കാൻ തയ്യാറാകുന്നു. ദൈവത്തിന്റെ കരുണയും, കൃപയും, സ്നേഹവും കൊണ്ടു മാത്രമാണ് തങ്ങൾ ഇവിടെ എത്തിച്ചേർന്നതെന്നും അല്ലെങ്കിൽ നിത്യനരകമാണ് തങ്ങൾക്കു ലഭിക്കേണ്ടിയിരുന്നതെന്നും അവർ ഗ്രഹിക്കുന്നു. പരിശുദ്ധ അമ്മ ശുദ്ധീകരണസ്ഥലത്ത് എത്തി അവരെ ആശ്വസിപ്പിക്കുവാൻ വരുമ്പോൾ ഈ ആത്മാക്കൾ ഒഴിഞ്ഞു മാറുന്നതായി വെളിപ്പെടുത്തലുകൾ ലഭിച്ചിട്ടുണ്ട്. കാരണം അവളുടെ വിശുദ്ധിയും, ദൈവസ്നേഹവും അവരിൽ വളരെ കൂടുതൽ വേദനയും, പീഢയും ഉളവാക്കുന്നു. ഇതിന് മറ്റൊരു കാരണം ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ അവളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാതെ അവളെ തിരസ്കരിച്ചതിനാൽ ഈ ആത്മാക്കൾക്ക് കൂടുതൽ ലജ്ജ ഉണ്ടാകുന്നു.

ഭൂമിയിൽ വെച്ച് പരിശുദ്ധ അമ്മയെ കൂടുതൽ സ്നേഹിച്ചിരുന്നവർക്ക് ശുദ്ധീകരണസ്ഥലത്ത് അവളിൽ നിന്നും ആശ്വാസം സ്വീകരിക്കാൻ കഴിയും എന്ന് കണ്ടുവല്ലോ. ഇത്തരത്തിലുള്ള ആത്മാക്കളെ അവിടെ വെച്ച് അവൾ ആശ്ചര്യപ്പെടുത്തും. അവൾ അവിടെ കടന്നു വന്ന് ദൈവസ്നേഹത്തിൽ നിന്നും അകറ്റുന്ന അവരുടെ സ്വാർത്ഥസ്നേഹത്തെയും, കുറവുകളെയും കഴുകി കളയുന്നു. അങ്ങനെ ആത്മാവ് പ്രതീക്ഷിച്ചിരുന്നതിൽ നിന്നും വളരെ വേഗത്തിൽ ശുദ്ധീകരണസ്ഥലത്തു നിന്നും സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെടുന്നു. നമ്മൾ ജീവിച്ചിരുന്നപ്പോൾ അവളോടു പ്രകടിപ്പിച്ച സ്നേഹത്തെ അവൾ ഒരിക്കലും മറക്കുന്നില്ല. ഇപ്പോൾ ഭൂമിയിൽ ജീവിച്ചിരിക്കുന്നവരും, പരിശുദ്ധ അമ്മയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വ്യക്തി തന്റെ പ്രിയപ്പെട്ട മരിച്ചു പോയ ഒരു ശുദ്ധീകരണാത്മാവിനു വേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ അവൾ ആ ആത്മാവിനെ ശുദ്ധീകരണസ്ഥലത്തു നിന്നും മോചിപ്പിക്കും. അവരുടെ ഇത്തരം പ്രാർത്ഥനകൾ പരിശുദ്ധ അമ്മയെ വളരെയധികമായി സ്പർശിക്കുന്നതു കാണാം.

ശുദ്ധീകരണസ്ഥലത്തു നിന്ന് ആത്മാക്കളെ മോചിപ്പിക്കാൻ സാധിക്കുന്ന ഏറ്റവും നല്ല ഒരു ആയുധമാണ് ജപമാല പ്രാർത്ഥന. ശുദ്ധീകരണാത്മാവിന് ദൈവത്തോടുള്ള തന്റെ സ്നേഹത്തിന്റെ ഉപരിതലത്തിൽ രൂപപ്പെട്ടിരിക്കുന്ന കടുപ്പമുള്ള പാളിയെ കീറിമുറിച്ച് കളയുവാൻ ഇതിനു സാധിക്കും. പരിശുദ്ധ അമ്മയുമായി ജീവിച്ചിരുന്നപ്പോൾ ആത്മീയബന്ധം ഉണ്ടായിരുന്നവരുടെ ആത്മാക്കൾക്കുവേണ്ടി മാതാവുമായി ഭൂമിയിൽ വെച്ച് ആത്മീയ ബന്ധമുള്ളവർ പ്രാർത്ഥിക്കുമ്പോൾ, അങ്ങനെയുള്ള ആത്മാക്കൾ ശുദ്ധീകരണസ്ഥലത്ത് ശോഭയുള്ള സ്ഥലങ്ങളിൽ ആയിരിക്കുന്നതായി കാണാൻ സാധിച്ചു എന്ന് പറയപ്പെടുന്നു. പരിശുദ്ധ അമ്മയുടെ സ്നേഹം സ്വീകരിക്കുവാൻ പ്രാപ്യമായ അവർ കൂടുതൽ



സന്തോഷം അനുഭവിക്കുന്നവരായി കാണപ്പെട്ടു. ഇവർക്ക് മറ്റുള്ളവരേക്കാൾ ചില പ്രത്യേക ഉൾക്കാഴ്ചകൾ ലഭിച്ചിരുന്നതിനാൽ വളരെ വേഗം ആത്മീയ അറിവുകൾ ലഭിക്കുവാൻ സാധിക്കും. ഭൂമിയിൽ വെച്ച് പരിശുദ്ധ അമ്മയെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യാതിരുന്നവരുടെ ആത്മാക്കൾ ശുദ്ധീകരണസ്ഥലത്ത് വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. അവൾ കടന്നു വരുമ്പോൾ, അവളുടെ നിഴൽ അവരുടെ മേൽ പതിക്കുമ്പോൾ അവർക്ക് ശക്തമായ വേദനയും പീഢകളും അനുഭവപ്പെടുന്നതായി അറിവ് ലഭിച്ചിട്ടുണ്ട്.

# 2

# മരിയാസിമ്മായ്ക്ക് ലഭിച്ച വെളിപ്പെടുത്തലുകൾ

ഓസ്ടിയായിലെ വൊറാൾബേർഗ് കുന്നുകളിലുള്ള, സോൺടാഗ് എന്ന ഒരു ഗ്രാമത്തിലായിരുന്നു മരിയാസിമ്മ ജീവിച്ചിരുന്നത്. തികച്ചും ഒരു ഗ്രാമീണ സ്ത്രീയായി ജീവിച്ചിരുന്ന അവർ കുട്ടിക്കാലം മുതലേ ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിച്ചിരുന്നു. അവൾക്ക് ഏതാണ്ട് ഇരുപത്തിയഞ്ചു വയസ്സായപ്പോൾ മുതൽ ശുദ്ധീകരണാത്മക്കൾ ദർശനത്തിലൂടെ അവളെ സന്ദർശിക്കാറുണ്ടായിരുന്നു. ഉറച്ച ഒരു കത്തോലിക്കാ വിശ്വാസിയും, വളരെ താഴ്മയുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു മരിയ. അവളുടെ ഇടവക വികാരിയിൽ നിന്നും, ബിഷപ്പിൽ നിന്നും അവൾക്ക് ധാരാളം പ്രോൽസാഹനം ലഭിച്ചിരുന്നു. വളരെ ദാരിദ്ര്യത്തിലും എളിമയിലുമുള്ളൊരു ജീവിതമായിരുന്നു അവളുടേത്. വിശുദ്ധ ഡോൺ ബോസ്കോ, വിശുദ്ധ ഫൗസ്റ്റീന, വിശുദ്ധ ജർത്രൂഡ്, ജനോവയിലെ വിശുദ്ധ കാതറീൻ തുടങ്ങിയവർക്കൊക്കെ ലഭിച്ചിരുന്ന തരത്തിലുള്ള ഒരു വരമായിരുന്നു അവൾക്ക് ലഭിച്ചിരുന്നത്.

1940 -ാം മാണ്ടിലെ ഒരു ദിവസം വെളുപ്പിനെ മൂന്നുമണിക്കും

നാലുമണിക്കുമിടയിലാണ് ഒരു ശുദ്ധീകരണാത്മാവ് മരിയയെ ആദ്യ മായി സന്ദർശിക്കുന്നത്. ഏതോ ശബ്ദം കേട്ട് ഉണർന്നെങ്കിലും, അവൾക്ക് ഭയം ഒന്നും അനുഭവപ്പെട്ടില്ല. ഒരു അപരിചിതൻ മുറി ക്കകത്തുകൂടി നടക്കുന്നു. അയാളോട് കടന്നുപോകുവാൻ മരിയ ആവശ്യപ്പെട്ടെങ്കിലും പറഞ്ഞത് കേട്ടില്ല എന്ന ഭാവത്തിൽ മുറിക്കകത്തുകൂടി വീണ്ടും നടക്കുവാൻ തുടങ്ങി. നിങ്ങൾ എന്താണ് ചെയ്യുന്നത് എന്ന് മരിയ ചോദിച്ചെങ്കിലും അയാൾ മറു പടി ഒന്നും നൽകിയില്ല. കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റ മരിയ അയാളെ കടന്നു പിടിക്കാൻ ശ്രമിച്ചെങ്കിലും കൈയ്യിൽ ഒന്നും തടഞ്ഞില്ല. വീണ്ടും കട്ടിലിൽ കയറികിടന്ന മരിയയ്ക്ക് ആ രൂപം കാണുവാൻ കഴിഞ്ഞു. വീണ്ടും എഴുന്നേറ്റ് അയാളെ പിടിക്കു വാൻ ശ്രമിച്ചെങ്കിലും ശ്രമം വിഫലമായി. അയാളെ പിന്നീട് കണ്ടി ല്ലെങ്കിലും ആ രാത്രി അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അടുത്ത ദിവസം വി. കുർബാനയ്ക്കുശേഷം അവൾ തന്റെ ആത്മീയ ഗുരു വിന്റെ പക്കൽ ഈ വിവരം അറിയിച്ചു. ഇനിയും ഇപ്രകാരം കാണു കയാണെങ്കിൽ നിങ്ങൾ ആരാണ് എന്ന് ചോദിക്കുന്നതിനുപകരം നിങ്ങൾക്ക് എന്നിൽ നിന്ന് എന്ത് സഹായമാണ് വേണ്ടത് എന്ന് ചോദിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. അടുത്ത ദിവസം രാത്രി അപരിചിതൻ വീണ്ടും സന്ദർശിച്ചപ്പോൾ മരിയ തന്റെ ആത്മീയ ഗുരു പറഞ്ഞതു പോലെ ചോദിച്ചു. തനിക്കു വേണ്ടി മൂന്നു വിശുദ്ധ കുർബാനകൾ ചൊല്ലി സമർപ്പിച്ചാൽ താൻ വിമുക്തനാവുമെന്ന് അയാൾ പറഞ്ഞു. അപ്പോൾ മാത്രമാണ് അത് ഒരു ശുദ്ധീകരണാ ത്മാവ് ആണെന്ന് മരിയയ്ക്ക് മനസ്സിലായത്. ഈ കാര്യം തന്റെ ആത്മീയ ഗുരു സ്ഥിരീകരിക്കുകയും ഇത്തരത്തിൽ ഇനി കടന്നു വരുന്ന ആത്മാക്കളെ ഔദാര്യ മനോഭ ാവത്തോടെ മാത്രമേ സ്വീക രിക്കാവു എന്നും അവർക്ക് വേണ്ടത് ചെയ്തുകൊടുക്കണമെന്നും ആത്മീയ ഗുരു പരഞ്ഞുകൊടുത്തു. ഇത്തരത്തിൽ വർഷങ്ങളോളം അനേകം ശുദ്ധീകരണാത്മാക്കൾ തന്നെ സന്ദർശിച്ചതായി മരിയ പറയുന്നു.



വി. കുർബാനപോലെ, ജപമാല പ്രാർത്ഥനയും കുരിശിന്റെ വഴിയും അവർക്കുവേണ്ടി ചൊല്ലി സമർപ്പിക്കാൻ അവർ യാചി ച്ചിരുന്നു. ഒരിക്കൽ ശുദ്ധീകരണസ്ഥലത്ത് എത്തിയ ആത്മാക്കൾ അവിടെ നിന്നും ഒരിക്കലും മടങ്ങിപ്പോകുവാൻ ആഗ്രഹിക്കുന്നി ല്ല. ഭൂമിയിൽ ജീവിച്ചിരിക്കുന്നവരേക്കാൾ അളക്കാൻ പറ്റാത്ത വിധം അളവിൽ അവർക്ക് അറിവും ഉൾക്കാഴ്ചയും ലഭിച്ചിട്ടു ണ്ടെന്ന് മരിയ പറയുന്നു. അന്ധകാരം നിറഞ്ഞ ഈ ലോകത്തി ലേക്ക് മടങ്ങിവരുവാൻ അവർ ആഗ്രഹിക്കുന്നില്ല. ശുദ്ധീകരണസ്ഥ ലത്ത് അവർ അനുഭവിക്കുന്ന വേദന വളരെ കഠിനമാണെങ്കിലും ഇതിനു ശേഷം ദൈവത്തോടു കൂടി നിത്യമായും ജീവിക്കാം എന്ന ഒരു ഉറച്ച വിശ്വാസം അവർക്കുണ്ട്. ഇതുമൂലമുണ്ടാകുന്ന സന്തോഷം തങ്ങൾ അനുഭവിക്കുന്ന വേദനയേക്കാൾ കൂടുതലാ ണ്. ഭൂമിയിലേക്കു മടങ്ങി പോകുവാനായി ഭൂമിയിലുള്ളതൊന്നും അവർ വലുതായി കാണുന്നില്ല.

ദൈവമല്ല ഒരു വ്യക്തിയെ ശുദ്ധീകരണസ്ഥലത്തേക്ക് അയ ക്കുന്നതെന്നും മറിച്ച് ആ വ്യക്തിയുടെ ആത്മാവു തന്നെയാണ് അവിടേക്കു പോകുവാൻ ആഗ്രഹം പ്രകടിപ്പിക്കുന്നതെന്നും മരി യക്ക് വെളിപ്പെടുത്തി കിട്ടിയിട്ടുണ്ട്. ശുദ്ധീകരണസ്ഥലത്തുള്ള ഒരു ആത്മാവ് ദൈവത്തിന്റെ ആഗ്രഹത്തോട് പൂർണ്ണമായും ഒട്ടിച്ചേർന്നി രിക്കുന്നു. നന്മയിൽ അവർ സന്തോഷിക്കുകയും, നമ്മുടെ നന്മയെ അവർ ആഗ്രഹിക്കുകയും ചെയ്യുന്നു. ദൈവത്തെയും ഭൂമിയി ലുള്ളവരെയും അവർ സ്നേഹിക്കുന്നു.

മരിക്കുന്ന സമയത്ത് ഒരു ആത്മാവ് ദൈവത്തെയും, അവി ടുത്തെ തേജസും കാണുന്നു. ഇത് പൂർണ്ണമായ തേജസ്സിൽ അല്ലാ യെന്നു മാത്രം. എങ്കിൽ പോലും അതിന്റെ ശോഭ തീർത്തും വർണ്ണ നാതീതമാണ്. സ്വർഗ്ഗത്തിൽ (നിത്യത) ആത്മാവ് എത്തിക്കഴിയു മ്പോൾ മനസ്സിലാക്കുന്ന ശോഭയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് ഒന്നുമല്ല.

മരിയയ്ക്ക് ശുദ്ധീകരണാത്മാക്കളിൽ നിന്നും ലഭിച്ച അറിവുകൾ വെച്ച് പരിശുദ്ധ അമ്മ ശുദ്ധീകരണസ്ഥലം സന്ദർശിക്കാറുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പരിശുദ്ധ അമ്മ ശുദ്ധീകരണാത്മാക്കളെ ആശ്വസിപ്പിക്കുകയും, അവർ ചെയ്തിട്ടുള്ള നന്മകളെ ഓർമ്മിപ്പിക്കാറുമുണ്ട്. അമ്മ അവർക്ക് ധൈര്യവും പ്രോൽസാഹനവും, ആത്മവിശ്വാസവും നൽകുന്നു. പ്രത്യേകിച്ച് ക്രിസ്തുമസ്, സകല ആത്മാക്കളുടെയും ഓർമ്മദിവസം (നവംബർ രണ്ട്) ദു:ഖവെള്ളി, മാതാവിന്റെ സ്വർഗ്ഗാരോപണം, ഈശോയുടെ സ്വർഗ്ഗാരോഹണം തുടങ്ങിയ തിരുനാളുകളിൽ ധാരാളം ആത്മാക്കളെ അമ്മ ശുദ്ധീകരണസ്ഥലത്തുനിന്നും മോചിപ്പിക്കുന്നതായി വെളിപ്പെടുത്തിയിട്ടുണ്ട്.

ജീവിച്ചിരുന്നപ്പോൾ ഔദാര്യം, സേവനം ഇവ ചെയ്യാതിരിക്കുക, മറ്റുള്ളവരോടുള്ള സ്നേഹക്കുറവ്, ഹൃദയകാഠിന്യം, വിദ്വേഷം, ശത്രുത, അപവാദം പറച്ചിൽ മുതലായതരത്തിലുള്ള പ്രവൃത്തികൾ മൂലമുണ്ടായ പാപങ്ങളാണ് ശുദ്ധീകരണസ്ഥലത്തേക്കു പോകുവാനുള്ള കാരണങ്ങൾ എന്ന് മരിയക്ക് അറിവു ലഭിച്ചു. നീചവും, ക്രൂരവുമായ പ്രവൃത്തികൾ, അപവാദം പറച്ചിൽ ഇവയ്ക്ക് വളരെ കൂടുതൽ ശുദ്ധീകരണം ആവശ്യമാണ്.

രണ്ടാളുകളിൽ ഒരു പുരുഷനും ഒരു സ്ത്രീയും, ഇവർ ശുദ്ധീകരണസ്ഥലത്താണോ എന്നറിയുവാൻ മരിയയോട് ഒരാൾ ആവശ്യപ്പെട്ടു. ഇതിലെ സ്ത്രീ സ്വർഗ്ഗത്തിലും, പുരുഷൻ ശുദ്ധീകരണസ്ഥലത്തുമാണെന്ന മരിയയുടെ വെളിപ്പെടുത്തൽ, ചോദിച്ച ആളിനെ വളരെ അത്ഭുതപ്പെടുത്തി. കാരണം മേല്പ്പറഞ്ഞ സ്ത്രീ ഒരു ഭ്രൂണഹത്യക്കിടയിലാണ് മരണപ്പെട്ടത്. എന്നാൽ ആ പുരുഷൻ ദേവാലയത്തിൽ പോകുന്ന ആളും നല്ല ജീവിതം നയിക്കുന്ന ഒരാളുമായിരുന്നു. ഇങ്ങനെ കേട്ടപ്പോൾ തെറ്റു പറ്റിയോ എന്ന സംശയത്താൽ മരിയ ഇതേപ്പറ്റി കൂടുതൽ അന്വേഷണം ആരംഭിച്ചു. പക്ഷെ അവൾക്കു ലഭിച്ച വെളിപ്പെടുത്തൽ ശരിയായിരുന്നു. രണ്ടാളുകളും ഏകദേശം ഒരേ സമയത്താണ് മരിച്ചതെങ്കിലും മരണസമയത്തെ രണ്ടുപേരുടെയും അവസ്ഥകൾ വ്യത്യസ്തമായിരുന്നു. ഈ സ്ത്രീ വളരെ വിനീതയും, എളിമയുള്ളവളും, മരണസമയത്ത് അനുതാപാവസ്ഥയിലും ആയിരുന്നു. പക്ഷെ പുരുഷൻ മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും, പരാതി പറയുകയും, മറ്റുള്ളവരെക്കുറിച്ച് ദൂഷണം പറയുന്ന ആളുമായിരുന്നു. ഈ കാരണത്താലാണ് ആ സ്ത്രീ ശുദ്ധീകരണം വേഗത്തിൽ പൂർത്തിയാക്കി സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ സഹായമായത്. ബാഹ്യമായവ നോക്കി ആരെയും വിധിക്കരുതെന്ന് തിരുവചനത്തിൽ വ്യക്തമായി പറയുന്നുണ്ടല്ലോ.

നമുക്ക് ഇഷ്ടമില്ലാത്ത വ്യക്തികളെ തിരസ്കരിക്കുക, സമാധാന ശ്രമങ്ങൾക്ക് വിസമ്മതിക്കുക, ക്ഷമിക്കാതിരിക്കുക, ഈ അവസ്ഥകൾ എല്ലാം നമ്മിൽ കുന്നുകൂടി ഔദാര്യം ചെയ്യാത്തവരായി നമ്മെ മാറ്റുകയും, ഇത് പാപത്തിന് കാരണമാകുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് മരിയ മറ്റൊരനുഭവം പങ്കു വെയ്ക്കുന്നു. തനിക്ക് നല്ലവണ്ണം പരിചയമുള്ള ഒരു സ്ത്രീ മരണശേഷം ശുദ്ധീകരണസ്ഥലത്തെത്തി. അവർ മരിയയെ സന്ദർശിക്കുകും താൻ കഠിനമായ സഹനത്തിലും പീഢയിലും ആണെന്നും അറിയിച്ചു. ജീവിച്ചിരുന്നപ്പോൾ തനിക്ക് ഒരു കൂട്ടുകാരി ഉണ്ടായിരുന്നു. അവളുമായി താൻ ശത്രുതയിലായിരുന്നുവെന്നും, വർഷങ്ങളോളം ആ അവസ്ഥ തുടർന്നിരുന്നുവെന്നും അവൾ പറഞ്ഞു. ഇതിനിടയ്ക്ക് തന്റെ കൂട്ടുകാരി ക്ഷമിക്കുവാനും അനുരജ്ഞനപ്പെടുവാനും തയ്യാറായിട്ടും അവൾ മരണക്കിടക്കയിലായിട്ടു പോലും താൻ ക്ഷമിക്കുവാൻ തയ്യാറായില്ല എന്ന് ആ ആത്മാവ് പറഞ്ഞു. അവൾ മരിക്കാറായിട്ടുപോലും അവൾക്കുനേരെ താൻ ഹൃദയം അടയ്ക്കുകയും, അനുരജ്ഞനപ്പെടാതിരിക്കുകയും ചെയ്തു. ഇതാണ് താൻ ശുദ്ധീകരണസ്ഥലത്ത് എത്തിയതിന്റെ കാരണമെന്ന് അവർ അറിയിച്ചു. നമ്മുടെ മോശമായ വാക്കുകളും

ചീത്ത പ്രവൃത്തികളും മറ്റുള്ളവരെ കൊല്ലാൻ സാദ്ധ്യമാക്കുന്നതു പോലെ നല്ല വാക്കുകളും നല്ല പ്രവൃത്തികളും മറ്റുള്ളവരെ സുഖ പ്പെടുത്തുവാനും സഹായകമാകുന്നു. മറ്റുള്ളവരോട് നല്ല ഹൃദയ മുള്ളവരായി പെരുമാറുന്നവർക്കും സ്നേഹിക്കുന്നവർക്കും ശുദ്ധീ കരണം ഉണ്ടാകുകയില്ല. അതായത് യഥാർത്ഥ സ്നേഹം നിരവ ധിയായ പാപങ്ങളെ മൂടിക്കളയുന്നു.

ശുദ്ധീകരണാത്മാക്കളുടെ ശുദ്ധീകരണം പൂർത്തിയാക്കാൻ നമുക്ക് പലവിധത്തിൽ അവരെ സഹായിക്കാം. അവർക്ക് നമ്മെ സഹായിക്കാൻ അവസരം ലഭിക്കുമ്പോൾ അവർ നമ്മെ സഹാ യിക്കും. ശുദ്ധീകരണാത്മാക്കളെപ്പറ്റി മനോഹരമായ തന്റെ പുസ്ത കത്തിലൂടെ ഫാദർ ബെറിലോക്സ് ഒരു സ്ത്രീയെക്കുറിച്ച് ഇങ്ങനെ പരാമർശിക്കുന്നുണ്ട്. ഈ വ്യക്തി പ്രാർത്ഥനയും തന്റെ സഹനങ്ങളും ശുദ്ധീകരണാത്മാക്കളുടെ വിടുതലിനുവേണ്ടി കാഴ്ച വെച്ചിരുന്ന ആളായിരുന്നു.അവൾ മരണക്കിടക്കയിൽ കിട ക്കുമ്പോൾ ഒരു ദുഷ്ടാരൂപിയുടെ പക്കൽ നിന്നും അവൾ രക്ഷ പ്പെട്ടു. ഇതു മനസ്സിലാക്കിയ ആ ദുഷ്ടാരൂപി രോഷത്തോടെ അവളെ ആക്രമിച്ചു. ഈ സമയത്ത് അഗാധകൂപത്തിൽ കിടന്ന എല്ലാ ദുഷ്ടാരൂപികളും ഒത്തു ചേർന്ന് ഒരു സേനയായി അവൾക്കെതിരെ തിരിഞ്ഞു. കുറച്ചു സമയത്തേക്ക് ഇവർ പീഢ നങ്ങൾ കൊണ്ട് അവളെ ബുദ്ധിമുട്ടിച്ചു. പെട്ടെന്ന് ഒരു കൂട്ടം അപ രിചിതരും അവർണ്ണനീയമായ സൗന്ദര്യത്തിന്റെ ഉടമകളുമായ കുറേ പ്പേർ ദുഷ്ടാരൂപികളെ ആട്ടിപ്പായിച്ചു. സന്തോഷത്തോടെ ഇത്ര മാത്രം ഉപകാരം തനിക്ക് ചെയ്തു തരുവാൻ നിങ്ങൾ ആരാണെന്ന് മരണാസന്നയായ സ്ത്രീ ചോദിച്ചു. നിങ്ങൾ പ്രാർത്ഥനയിലൂടെ യും, സഹനങ്ങളിലൂടെയും നിത്യതയിലെത്താൻ സഹായിച്ച സ്വർഗ്ഗവാസികളാണെന്ന് അവർ അറിയിച്ചു. ആത്മീയമായും ശാരി രീകമായും വേദനിക്കുന്ന ഈ സ്ഥലത്തു നിന്നും രക്ഷപെടുത്തി



സന്തോഷത്തിന്റെ സ്ഥലമായ നിത്യതയിൽ നിങ്ങളെ എത്തിക്കാൻ കൂടിയാണ് തങ്ങൾ എത്തിയിരിക്കുന്നതെന്ന് അവർ അറിയിച്ചു. മരിക്കാൻ കിടന്ന അവളുടെ മുഖത്ത് പുഞ്ചിരി വിടരുകയും സമാ ധാനത്തിൽ അവൾ മരിക്കുകയും ചെയ്തു. അങ്ങനെ പ്രാവിന്റേതു പോലെ പരിശുദ്ധമായ അവളുടെ ആത്മാവ് തന്റെ സൽപ്രവൃത്തി കൾ മൂലം ശുദ്ധീകരണസ്ഥലത്തു നിന്നും നിത്യതയിൽ എത്തി ച്ചേർക്കപ്പെട്ട അനേകം ആത്മാക്കളുടെ സംരക്ഷണത്തോടും, സഹായത്തോടും, അനുഗ്രഹാശിസുകളോടും, കയ്യടികളോടും കൂടി ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ടു.

നമ്മുടെ പ്രാർത്ഥനകൾ മൂലം വിടുതൽ ലഭിച്ച ശുദ്ധീകര ണാത്മക്കൾക്ക് നമ്മുടെ ആവശ്യങ്ങൾ അറിയുവാനും, സഹായി ക്കുവാനും, കൃപകൾ വാങ്ങിച്ചു തരുവാനും സാധിക്കും. കൂടാതെ മേലുദ്ധരിച്ച അനുഭവത്തിൽ നിന്നും മരണസമയത്ത് നമ്മുടെ ശരീ രത്തെയും, ആത്മാവിനെയും ദുഷ്ടാരൂപികൾ പീഢിപ്പിക്കാൻ ശ്രമി ക്കുമെന്നും ഈ സമയം നാം നിസ്സഹായരാണെന്നുമുള്ള സത്യം മനസ്സിലാക്കുക. സ്വർഗ്ഗവാസികൾക്ക് ഈ സമയം നമ്മെ സഹാ യിക്കാൻ സാധിക്കും. ദുഷ്ടാരൂപികൾ മോശയുടെ മൃതശരീര ത്തിന് അവകാശം പറയുന്ന ഭാഗം യൂദാസ് 1, 9-ൽ രേഖപ്പെടുത്തി യിട്ടുണ്ടല്ലോ.

ജീവിതകാലത്തു ചെയ്ത പാപങ്ങൾ എല്ലാം തുടച്ചുമാറ്റു വാൻ ഒരു സൽപ്രവൃത്തിക്ക് എപ്രകാരം സാധിക്കുമെന്ന് മരിയ ഇങ്ങനെ വെളിപ്പെടുത്തുന്നു. മരിയയുടെ ഗ്രാമത്തിനടുത്തുള്ള ഗ്രാമത്തിൽ താമസിച്ചിരുന്ന ഒരു ചെറുപ്പക്കാരന്റെ അനുഭവം ഇപ്ര കാരമായിരുന്നു. ആ ഗ്രാമത്തിൽ തുടർച്ചയായി പല പ്രകൃതിക്ഷോഭങ്ങൾ മൂലം ധാരാളം ആളുകൾ മരിക്കാനിടയായി. ഒരു ദിവസം ആയാൾ വീട്ടിലിരിക്കുമ്പോൾ അവിടെ ഇത്തരത്തി ലുള്ള ഒരു പ്രകൃതിക്ഷോഭം ഉണ്ടായി. വലിയ കരച്ചിലും സഹായ

ഭ്യർത്ഥനയുമായി ആളുകൾ ശബ്ദമുണ്ടാക്കുന്നതു കേട്ട അയാൾ അവരെ സഹായിക്കാനായി വീടിന് പുറത്തിറങ്ങാൻ ശ്രമിച്ചപ്പോൾ അയാളുടെ അമ്മ തടഞ്ഞു. അമ്മയുടെ വാക്ക് നിരസിച്ചുകൊണ്ട് അവരെ രക്ഷിക്കാനായി അയാൾ പുറത്തു കടന്നു. അയാളും ആ പ്രകൃതിക്ഷോഭത്തിൽപ്പെട്ടു മരിച്ചു. മൂന്നു ദിവസത്തിനുശേഷം അയാളുടെ ആത്മാവ് മരിയയെ സന്ദർശിച്ചിട്ട് തനിക്കുവേണ്ടി മൂന്നു വിശുദ്ധ കുർബാനകൾ ചൊല്ലി സമർപ്പിച്ചാൽ ശുദ്ധീകരണസ്ഥലത്തുനിന്ന് തനിക്ക് വിടുതൽ കിട്ടുമെന്ന് അറിയിച്ചു. ഈ വിവരം മരിയ അയാളുടെ കുടുംബാംഗങ്ങളെ അറിയിച്ചു. ഇയാൾ വളരെ പാപവസ്ഥയിൽ കഴിഞ്ഞിരുന്ന ആളായിരുന്നു എന്ന് അയാളുടെ കൂട്ടുകാരൻ പറഞ്ഞു. തുടർന്ന് മരിച്ച ആത്മാവ് മരിയക്ക് ഇതേക്കുറിച്ച് കൂടുതൽ വ്യക്തത നൽകി. തന്റെ ജീവനെ പണയം വെച്ചുകൊണ്ട് അവർക്കുവേണ്ടി ചെയ്ത യഥാർത്ഥമായ ഒരു സ്നേഹപ്രവൃത്തിക്ക് നന്ദിയായിട്ടാണ് ദൈവം തന്നെ സ്വർഗ്ഗത്തിലേക്ക് മടക്കി വിളിച്ചതെന്ന് അയാൾ വെളിപ്പെടുത്തി. തന്റെ ഒരു ഔദാര്യ പ്രവൃത്തി അസംഖ്യങ്ങളായ തന്റെ പാപങ്ങളെ മൂടിക്കളഞ്ഞു. സഹോദരനു വേണ്ടി ജീവൻ ത്യജിക്കുന്നത് ഏറ്റവും വലിയ ഒരു സ്നേഹപ്രവൃത്തിയാണെന്ന് വചനത്തിലൂടെ പറയുന്നുണ്ടല്ലോ. ഇയാൾക്ക് ഇത്തരത്തിലുള്ള യഥാർത്ഥമായ ഒരു സ്നേഹ പ്രവൃത്തി ചെയ്യുവാൻ പിന്നീട് ഒരു അവസരം ഒരിക്കലും ലഭിക്കുമായിരുന്നില്ല എന്ന് മരിയ കൂട്ടിച്ചേർത്തു. തന്നെത്തന്നെ മറന്ന് ഈ സ്നേഹം പ്രകടിപ്പിക്കാൻ ലഭിച്ച അവസരം കാരുണ്യവാനായ ദൈവം അയാളെ സ്വർഗ്ഗത്തിലേക്കു മടക്കി വിളിക്കാൻ ഉപയോഗിച്ചു. ഒരു പക്ഷേ ഇയാൾ കൂടുതൽ കാലം ജീവിച്ചിരുന്നുവെങ്കിൽ മോശമായ അവസ്ഥയിൽ എത്തിച്ചേരുമായിരുന്നിരിക്കാം. ഇതു കണ്ട ദൈവം അയാളെ മടക്കി വിളിച്ചു. മരണസമയത്ത് ദൈവേഷ്ടത്തിന് നമ്മെ പൂർണ്ണമായി വിട്ടുകൊടുക്കുന്നത് എത്രയധികം ആവശ്യമാണെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ.



നാലു മക്കളുള്ള ഒരു അമ്മയെപ്പറ്റി മരിയ വെളിപ്പെടുത്തിയത് ഇപ്രകാരമായിരുന്നു. മരിക്കാറായ സമയത്ത് പരാതിപ്പെടാതെയും ദൈവവുമായി മല്ലടിക്കുന്നതിനു പകരമായി അവൾ ഇങ്ങനെ പ്രാർത്ഥിച്ചു. ''അവിടുത്തെ ഹിതമറിഞ്ഞുകൊണ്ട് മരണത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ ജീവിതത്തെ ഞാൻ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുന്നു. ഒപ്പം എന്റെ മക്കളെയും അങ്ങയിൽ ഭരമേൽപ്പിക്കുന്നു. അങ്ങ് അവരുടെ കാര്യം ശ്രദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു''. അവളുടെ അവർണ്ണനീയമായ വിശ്വാസം കാരണം ശുദ്ധീകരണസ്ഥലത്തു കടക്കാതെ അവൾ നേരെ സ്വർഗ്ഗത്തിൽ എത്തിച്ചേർന്നു. സ്നേഹം, എളിമ (വിനയം), പൂർണ്ണ സമർപ്പണം ഇവ നേരെ സ്വർഗ്ഗത്തിൽ എത്തിച്ചേരാനുള്ള മൂന്ന് സ്വർണ്ണതാക്കോലുകളാണ്.

വി. കുർബാന ശുദ്ധീകരണാത്മാക്കളെ മോചിപ്പിക്കുവാനുള്ള ഏറ്റവും നല്ല ഒരു മാർഗ്ഗമായി മരിയ വിവരിക്കുന്നു. നമ്മോടുള്ള സ്നേഹത്താലാണ് യേശു തന്നെത്തന്നെ നമുക്കായി നൽകിയത്. വൈദീകൻ യേശുവിന്റെ പ്രതിനിധിയാണ്. ദൈവം തന്നെയാണ് നമുക്കുവേണ്ടി ബലിയാവുകയും, തന്നെത്തന്നെ നമുക്കായി നൽകുകയും ചെയ്തത്. മരിച്ചുപോയവർക്കു വേണ്ടി ചൊല്ലി സമർപ്പിക്കുന്ന വി. കുർബാന ഉദ്ദിഷ്ടഫലം പ്രദാനം ചെയ്യാൻ വളരെ സഹായിക്കുന്നു. ജീവിച്ചിരുന്നപ്പോൾ വി. കുർബാനയിൽ വിശ്വസിച്ചിരുന്നവർക്കും, അതിന് വലിയ പ്രാധാന്യം നൽകിയവർക്കും, മരണാനന്തരം അവർക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന വി.കുർബാനകൾ എത്രമാത്രം ഫലപ്രദമാണെന്ന് പറഞ്ഞറിയിക്കുവാൻ സാദ്ധ്യമല്ല. ജീവിച്ചിരുന്നപ്പോൾ തുറന്ന ഹൃദയത്തോടെ എത്രയധികം വി. കുർബാനകളിൽ അവർ പങ്കെടുത്തിരുന്നുവോ (സമയലഭ്യതയനുസ്സരിച്ച് ഇടദിവസങ്ങൾ ഉൾപ്പെടെ) അനുസരിച്ചായിരിക്കും മരണാനന്തരം അത്തരം ആളുകൾക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന വി. കുർബാനകളിൽ നിന്നും അവർ ലാഭം കൊയ്യുന്നത്. ഇവിടെയും

അവനവൻ വിതച്ചത് അവനവൻ തന്നെ കൊയ്യുന്നു. ഒരു ശുദ്ധീകരണാത്മാവിന് തന്റെ ശവസംസ്കാരം നടക്കുന്നതു പോലും കാണുവാൻ കഴിയും. അവരോട് മറ്റുള്ളവർക്ക് അപ്പോഴുണ്ടായിരുന്ന സമീപനവും മനസ്സിലാക്കാൻ കഴിയും. പ്രാർത്ഥനകളല്ലാതെ നമ്മുടെ കണ്ണുനീരൊഴുക്കലൊന്നും അവർക്ക് ഒരു പ്രയോജനവും ചെയ്യുന്നില്ല. തങ്ങളുടെ ശവസംസ്ക്കാര സമയത്ത് വന്നയാളുകൾ തങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനു പകരം ഒരു പ്രയോജനവും ഇല്ലാത്ത കണ്ണുനീർ ഒഴുക്കൽ മാത്രം നടത്തിയതിനെപ്പറ്റി അവർ മരിയയോട് വെളിപ്പെടുത്തിയിട്ടുണ്ട്.

വി. കുർബാനയെപ്പറ്റി ആർസിലെ ക്യൂർ വെളിപ്പെടുത്തിയ ഒരു സംഭവം ഇപ്രകാരമാണ്. ഒരു വൈദീകൻ തന്റെ വളരെ അടുപ്പമുള്ള ഒരു കൂട്ടുകാരൻ മരിച്ചപ്പോൾ അയാൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. ഇയാൾ ശുദ്ധീകരണസ്ഥലത്ത് വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് ദൈവം വൈദീകന് വെളിപ്പെടുത്തികൊടുത്തു. വി. കുർബാന മാത്രമേ ഇതിന് ഉപകരിക്കുകയുള്ളു എന്നു മനസ്സിലാക്കിയ വിശ്വാസിയായ വൈദീകൻ സമർപ്പണ സമയത്ത് തിരുവോസ്തി കൈയ്യിലെടുത്ത് ഉയർത്തി ഇങ്ങനെ പറഞ്ഞു. ''പരിശുദ്ധനായ നിത്യപിതാവേ! നമുക്ക് ഒരു കൈമാറ്റം നടത്താം. ശുദ്ധീകരണസ്ഥലത്തുള്ള എന്റെ കൂട്ടുകാരന്റെ ആത്മാവ് അങ്ങയുടെ കരങ്ങളിലാണല്ലോ. അതുപോലെ അങ്ങയുടെ പ്രിയപുത്രന്റെ തിരുശരീരം ആണല്ലോ എന്റെ കൈയ്യിൽ ഞാൻ വഹിച്ചിരിക്കുന്നത്. കാരുണ്യവാനും നന്മനിറഞ്ഞവനുമായ പിതാവേ, അങ്ങയുടെ യോഗ്യതയും, അവിടുത്തെ പുത്രന്റെ പീഡാനുഭവത്തിന്റെയും, കുരിശുമരണത്തിന്റെയും യോഗ്യതകൾ സമർപ്പിക്കുന്നതു വഴി എന്റെ കൂട്ടുകാരന്റെ ആത്മാവിനെ മോചിപ്പിക്കേണമേ.'' ഉടനെതന്നെ ഈ അപേക്ഷയ്ക്ക് മറുപടി ലഭിച്ചു. കൂട്ടുകാരന്റെ ആത്മാവ് വെട്ടിത്തിളങ്ങുന്ന തേജസ്സോടെ സ്വർഗ്ഗത്തിലേക്ക് ഉയരുന്നത് അദ്ദേഹം കാണാൻ ഇടയായി. ദൈവം ആ വ്യവസ്ഥയെ



അംഗീകരിച്ചു. ഒരു ശുദ്ധീകരണാത്മാവിനെ അവിടെ നിന്നും മോചിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ ഇപ്രകാരം തന്നെ ചെയ്യുക. വി. കുർബാനയിലൂടെ തന്റെ പ്രിയപുത്രനെ അവിടുത്തെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും യോഗ്യതയോടു കൂടി സമർപ്പിക്കുമ്പോൾ അവിടുന്ന് നമ്മുടെ യാചനകളെ നിരസ്സിക്കുകയില്ല.

നമ്മുടെ കഷ്ടതകൾ, പശ്ചാത്താപം, പ്രായശ്ചിത്ത പ്രവൃത്തികൾ, ഉപവാസം, സ്വയംത്യജിക്കൽ, രോഗപീഢകൾ മുതലായവ മൂലമുള്ള സഹനങ്ങൾ ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി കാഴ്ച വയ്ക്കുന്നത് അവർക്കു വളരെ സഹായകമാകും. ഒരു ശുദ്ധീകരണാത്മാവ് മരിയയോട് തനിക്കു വേണ്ടി മൂന്നുമണിക്കൂർ ശരീരത്തിൽ സഹനങ്ങൾ സ്വീകരിക്കാമോ എന്ന് അഭ്യർത്ഥിച്ചതായി പറയുന്നു. മരിയ ഇതിന് സമ്മതം നൽകി. ഈ മൂന്നു മണിക്കൂർ തനിക്ക് മൂന്നു ദിവസ്സമായി അനുഭവപ്പെടുകയും ആ സമയത്ത് അനുഭവിച്ച വേദന പറഞ്ഞറിയിക്കാൻ പറ്റാത്ത വിധത്തിലായിരുന്നുവെന്ന് മരിയ വെളിപ്പെടുത്തുന്നു.. ഈ സഹനങ്ങൾ തീർന്നുകഴിഞ്ഞ് വാച്ചിൽ നോക്കിയപ്പോൾ മൂന്നു മണിക്കൂർ എടുത്തിരുന്നു എന്നു മനസ്സിലായി. താൻ സ്നേഹത്തോടുകൂടി മൂന്നു മണിക്കൂർ സഹിച്ചതിനാൽ തന്റെ ശുദ്ധീകരണസ്ഥലത്തെ ഇരുപതുവർഷം കുറഞ്ഞു കിട്ടിയതായി അഭ്യർത്ഥന നടത്തിയ ആത്മാവ് അറിയിച്ചു. ഭൂമിയിൽ വെച്ചുള്ള സഹനങ്ങൾക്ക് കൂടുതൽ മൂല്യമുണ്ടെന്ന് ഈ അനുഭവത്തിൽ നിന്നും മനസ്സിലാക്കാം. ഭൂമിയിൽ വെച്ച് നാം കൂടുതൽ സഹിക്കുമ്പോൾ നമ്മിലുള്ള സ്നേഹം വളരുകയും അതുമൂലം ധാരാളം കൃപകൾ നമുക്കു ലഭിക്കുകയും ചെയ്യും. എന്നാൽ ശുദ്ധീകരണസ്ഥലത്തെ സഹനങ്ങളിലൂടെ അത് അനുഭവിക്കുന്ന ആത്മാവിന്റെ പാപങ്ങൾ മാത്രമേ ശുദ്ധീകരിക്കപ്പെടുവാൻ ഉപകരിക്കുന്നുള്ളൂ. അവർക്ക് അവിടെ ഇതുമൂലം അധികമായി കൃപകൾ ഒന്നും ലഭിക്കുന്നില്ല. ഭൂമിയിൽ ജീവിക്കുമ്പോൾ

ഒരാൾക്ക് ധാരാളം കൃപകൾ സ്വീകരിക്കാൻ വഴികളുണ്ട്. അത് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. ഭൂമിയിലെ സഹനങ്ങൾക്ക് അസാധാരണമായ ഒരു അർത്ഥമുണ്ട്. സ്വമേധയാ സഹനങ്ങൾ ഏറ്റെടുക്കുകയോ, അല്ലെങ്കിൽ നമുക്ക് അനുവദിക്കപ്പെട്ടവ സന്തോഷത്തോടെ സ്വീകരിക്കുകയോ ചെയ്യുമ്പോൾ-അല്ലെങ്കിൽ രോഗങ്ങളും ജീവിതത്തിലുണ്ടാകുന്ന കഷ്ടപ്പാടുകളും, നിരാശാജനകമായ അനുഭവങ്ങളും ഒരു ചെറിയ ബലിയായി പൂർണ്ണ എളിമയോടും ക്ഷമയോടും കൂടി സ്വീകരിച്ച് ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടി കാഴ്ചവെക്കുമ്പോൾ അത് അവർക്ക് അളക്കാൻ പറ്റാത്തവിധം പ്രയോജനപ്പെടുന്നു. നമ്മുടെ സഹനങ്ങൾ യേശുവിന്റെ സഹനങ്ങളോടുകൂടി ചേർത്തുവെച്ച് പരിശുദ്ധ അമ്മയുടെ കരങ്ങളിലൂടെ സമർപ്പിക്കുന്നത് അത്യുത്തമമായിരിക്കും. അവയെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് അമ്മയ്ക്ക് അറിയാം. ഇവയെല്ലാം പരിശുദ്ധ അമ്മ നമ്മുടെ മരണസമയത്ത് മടക്കിത്തരും. നമ്മൾ ആത്മാക്കൾക്കുവേണ്ടി കാഴ്ചവെച്ച സഹനങ്ങൾ വരാനിരിക്കുന്ന ലോകത്തിലേക്ക് നമ്മൾ നമുക്കുവേണ്ടി സമ്പാദിക്കുന്ന അത്യധികം വിലപ്പെട്ട നിധികളായി മാറും. മറ്റുള്ളവരെ നാം ഇത് ഓർമ്മപ്പെടുത്തുകയും നമ്മുടെ സഹനങ്ങൾ മറ്റുള്ളവരെ പ്രോൽസാഹിപ്പിക്കുന്നതിന് ഉതകുന്നതുമാകണം.

കുരിശിന്റെ വഴി നടത്തി ഈശോയുടെ പീഡാസഹനങ്ങളെ ധ്യാനിക്കുന്നതു വഴി അല്പാല്പമായി പാപങ്ങളെ വെറുക്കുവാനും മറ്റുള്ളവരുടെ രക്ഷക്കുവേണ്ടി നാം ആഗ്രഹിക്കുവാനും തുടങ്ങുന്നു. നമ്മുടെ മനസ്സിൽ ജനിക്കുന്ന ഈ താല്പര്യം ശുദ്ധീകരണാത്മാക്കൾക്ക് വളരെ ആശ്വാസം നൽകുന്നു. കുരിശിന്റെ വഴി പ്രാർത്ഥന നമ്മെ അനുതാപത്തിലേയ്ക്ക് നയിക്കുന്നു. സമ്പൂർണ്ണ ജപമാലയും ശുദ്ധീകരണാത്മാക്കളെ വളരെയധികം സഹായിക്കുന്നു. ജപമാല പ്രാർത്ഥനയിലൂടെ അനേകം ആത്മാക്കൾ വിടുതൽ പ്രാപിക്കുന്നു. ഈ പ്രാർത്ഥനകൾ ഉപയോഗിച്ച് പരിശുദ്ധ അമ്മ ശുദ്ധീകരണ സ്ഥലത്ത് നിന്ന് അനേകം ആത്മാക്കളെ മോചിപ്പി



ക്കുന്നു. ശുദ്ധീകരണാത്മാക്കൾ പരിശുദ്ധ കന്യകാമറിയത്തെ "കരുണയുടെ അമ്മ" (Mother of Mercy) എന്നു വിളിക്കുന്നു.

സഭയിലൂടെ ഏർപ്പെടുത്തിയിരിക്കുന്ന ദണ്ഡവിമോചനങ്ങൾ ശുദ്ധീകരണാത്മാക്കളെ മോചിപ്പിക്കാൻ എത്രയധികം വിലപ്പെട്ട ഒരു മാർഗ്ഗമാണെന്ന് പലർക്കും ബോദ്ധ്യമില്ല. സഭ നിഷ്കർഷിക്കുന്ന വിലപ്പെട്ട ഈ നിധി ആത്മാക്കളുടെ രക്ഷക്കുവേണ്ടി ഉപയോഗിക്കാതിരിക്കുന്നത് വളരെ ക്രൂരമാണ്. ഇതിന്റെ മൂല്യത്തെപ്പറ്റിയും, വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റിയും സഭാമക്കളിൽ അവബോധം സൃഷ്ടിക്കപ്പെടേണ്ടതായുണ്ട്. പോൾ ആറാമൻ മാർപാപ്പ ഇതേക്കുറിച്ച് വളരെ വിശദമായി എഴുതിയിട്ടുണ്ട്. നമ്മുടെ പ്രാർത്ഥനകൾ ശുദ്ധീകരണാത്മാക്കളെ വളരെയധികം സഹായിക്കുന്നു എന്നതിന് ഹെർമൻ കോഹൻ എന്ന ഒരു യഹൂദന്റെ അനുഭവത്തിൽ നിന്ന് മനസ്സിലാക്കാം. ഇദ്ദേഹം 1864 -ൽ കത്തോലിക്കാസഭ സ്വീകരിച്ചു. വി. കുർബാനയെ വളരെയധികം ബഹുമാനിക്കുകയും, വി. കുർബാനയുടെ ആരാധനയിൽ താൽപര്യപൂർവ്വം പങ്കെടുക്കുകയും ചെയ്തിരുന്ന ഒരാളായിരുന്നു അദ്ദേഹം. കത്തോലിക്കാസഭ സ്വീകരിക്കാതെ തന്റെ അമ്മ മരിച്ചപ്പോൾ വി. കുർബാനയുടെ മുമ്പിൽ കമഴ്ന്നു വീണ് വിലപിച്ച് അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. "ദൈവമെ ഞാൻ അങ്ങയോട് പൂർണ്ണമായും കടപ്പെട്ടിരിക്കുന്നു. അങ്ങ് അത് അർഹിക്കുകയും ചെയ്യുന്നു. എന്നെ അങ്ങ് തിരഞ്ഞെടുത്ത് വിളിച്ചപ്പോൾ ഞാൻ എല്ലാം അങ്ങേക്കായി ബലികഴിച്ചു. പ്രതിഫലമായി നൂറിരട്ടി വാഗ്ദാനം ചെയ്ത ദൈവമെ എന്റെ അമ്മയുടെ ആത്മാവിനെ മാത്രം എന്തുകൊണ്ട് അങ്ങ് നിരസ്സിച്ചു." ഇങ്ങനെ പറഞ്ഞ് കരഞ്ഞപ്പോൾ ഒരു സ്വരം അദ്ദേഹം ശ്രവിച്ചു. "അല്പ വിശ്വാസിയേ! നിന്റെ അമ്മ രക്ഷിക്കപ്പെട്ടിരിക്കുന്നു. എന്റെ മുമ്പിൽ നിന്റെ പ്രാർത്ഥന എത്രയധികം വിലപ്പെട്ടവയായിരുന്നുവെന്നോ! നിന്റെ അമ്മയ്ക്കുവേണ്ടി നീ സമർപ്പിച്ച പ്രാർത്ഥനകൾ എല്ലാം ഞാൻ ഒന്നിച്ചുകൂട്ടി. എന്റെ കരുണ അവളുടെ അവസാനത്തെ മണിക്കൂ

റിൽ അവളെ കരുതി.'' അവൾ മരിച്ചപ്പോൾ ഞാൻ അവളെ സമീപിക്കുകയും അവൾ ഇപ്രകാരം എന്നോടു പറയുകയും ചെയ്തു ''എന്റെ കർത്താവേ, എന്റെ ദൈവമേ''. ''നീ ധൈര്യമായിരിക്കുക. അധികം താമസ്സിക്കാതെ നിന്റെ അമ്മയെ ശുദ്ധീകരണ സ്ഥലത്തു നിന്നും ഞാൻ വിടുവിക്കും'', യേശു വെളിപ്പെടുത്തി. അധികം താമസ്സമില്ലാതെ ഹെർമൻ കോഹന് തന്റെ അമ്മ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതായി ഒരു ദർശനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

വി. ബ്രിജിത്തായുടെ ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥന വളരെ ഫലദായകമാണെന്നു പറയുന്നു. തങ്ങൾക്കു വേണ്ടി ഒന്നും ചെയ്യുവാൻ കഴിവില്ലാത്ത നിസ്സാഹായരായ അവർക്കു വേണ്ടി നമുക്കു പ്രാർത്ഥിക്കാം. നാം അവർക്കുവേണ്ടി പ്രാർത്ഥിച്ചില്ലെങ്കിൽ അവർ ഉപേക്ഷിക്കപ്പെട്ടവരായി മാറും. നമ്മിൽ നിന്നും വളരെയധികം പ്രാർത്ഥനകൾ പ്രതീക്ഷിക്കുന്ന ഇവരെ നിരാശരാക്കാതിരിക്കുക. നമുക്ക് ഔദാര്യം പരിശീലിക്കാൻ നല്ല ഒരു മാർഗ്ഗമാണിത്. സുവിശേഷത്തിലെ മുറിവേറ്റ് മരണാവസ്ഥയിൽ കിടന്ന മനുഷ്യനെ ശുശ്രൂഷിച്ച നല്ല സമരിയക്കാരനെപ്പോലെ ശുദ്ധീകരണാത്മാക്കളെ നമുക്ക് പ്രാർത്ഥനവഴി സഹായിക്കാം. ഇവിടെ മുറിവേറ്റ ആ മനുഷ്യൻ വഴിയാത്രക്കാരെ മാത്രം ആശ്രയിച്ച് അവിടെ കിടക്കുന്നു. ജീവിതയാത്രയിലൂടെ കടന്നുപോകുന്ന നാം നമ്മുടെ പ്രാർത്ഥനകളാകുന്ന ശുശ്രൂഷകൾ വഴി ശുദ്ധീകരണാത്മാക്കളെ അവിടെ നിന്നും രക്ഷിക്കുവാൻ സാധിക്കും.

ഭൂമിയിൽ നമുക്കു ലഭിക്കുന്ന സഹനങ്ങളെ സന്തോഷത്തോടുകൂടി സ്വീകരിച്ച് ദൈവത്തിന് സമർപ്പിക്കുന്നതു വഴി ലഭിക്കുന്ന നന്മകളെക്കുറിച്ച് മരിയ ഒരനുഭവത്തിലൂടെ ഇങ്ങനെ വിവരിക്കുന്നു. 1954-ൽ തന്റെ ഗ്രാമത്തിനടുത്തുള്ള ഒരു ഗ്രാമത്തിൽ അനേകം പ്രകൃതി ദുരന്തങ്ങൾ ഉണ്ടായി. പക്ഷെ വളരെ അത്ഭുകരമാം വിധം അവ ആ ഗ്രാമത്തെ നശിപ്പിക്കാതെ പെട്ടെന്നു നിലച്ചു. ഏതാണ്ട് മുപ്പതോളം വർഷങ്ങളായി രോഗാവസ്ഥയിലും, വേണ്ടവിധം ശുശ്രൂ



ഷകൾ ലഭിക്കാതെയും കിടന്ന ഗ്രാമവാസിയായ സ്ത്രീ അപ്പോൾ മരിക്കുകയും ചെയ്തു. ഇവൾ ഇക്കാലമത്രയും തന്റെ രോഗപീഢകൾ മൂലമുണ്ടായ സഹനങ്ങൾ തന്റെ ഗ്രാമത്തിനുവേണ്ടി കാഴ്ച വയ്ക്കുകയായിരുന്നു. അവളുടെ ഈ സമർപ്പണത്തിന്റെ നന്ദിയായി ആ ഗ്രാമത്തെ വലിയ പ്രകൃതി ദുരന്തങ്ങളിൽ നിന്നും, നാശനഷ്ടങ്ങളിൽ നിന്നും ദൈവം ഒഴിവാക്കിയതായി മറ്റു ചില ശുദ്ധീകരണാത്മാക്കൾ വെളിപ്പെടുത്തി. അവൾ സഹനങ്ങളെല്ലാം ക്ഷമയോടുകൂടി സഹിക്കുകയും ചെയ്തു. ജീവിച്ചിരുന്നപ്പോൾ ആരോഗ്യവതിയായിരുന്നുവെങ്കിൽ ആ ഗ്രാമത്തെ രക്ഷിക്കുവാൻ അവൾക്ക് സാദ്ധ്യമാകുമായിരുന്നില്ല എന്ന് മരിയ കൂട്ടിച്ചേർത്തു. ക്ഷമയോടുകൂടി സഹനങ്ങൾ കാഴ്ച വയ്ക്കുമ്പോൾ പ്രാർത്ഥനവഴിയായി നേടുന്നതിനേക്കാൾ കൂടുതൽ ആത്മാക്കളെ രക്ഷിക്കാമെന്ന് മരിയ പറയുന്നു. പ്രാർത്ഥിച്ചുകൊണ്ട് സഹിക്കുമ്പോൾ ഈ പ്രാർത്ഥനകൾ സഹനങ്ങളെ അതിജീവിക്കാൻ നമ്മെ സഹായിക്കും. സഹനത്തെ ഒരിക്കലും ഒരു ശിക്ഷയായി കരുതാതിരിക്കുക. നമ്മുടെ പ്രായശ്ചിത്ത പ്രവൃത്തികൾ നമുക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കുവേണ്ടിയും സ്വീകരിക്കപ്പെടും. മേൽ വിവരിച്ച അനുഭവം ഇതിന് ഒരു നല്ല ഉദാഹരണമാണല്ലോ. നിഷ്കളങ്കനായ ഈശോ തന്റെ സഹനങ്ങളിലൂടെ നമ്മുടെ പാപങ്ങൾക്കു വേണ്ടി പ്രായശ്ചിത്തം ചെയ്തതുപോലെയാകും ഇത്. ക്ഷമയോടെ ഈശോയുടെ പീഢാസഹനങ്ങളോടു കൂടി നമ്മുടെ സഹനങ്ങൾ ചേർത്തുവച്ച് നാം സഹിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന നിധികളെക്കുറിച്ച് സ്വർഗ്ഗത്തിൽ എത്തിച്ചേരുമ്പോൾ മാത്രമേ നമുക്ക് മനസ്സിലാവുകയുള്ളു.

ആത്മാക്കൾ ശുദ്ധീകരണസ്ഥലത്ത് ദൈവത്തോട് ഒരു എതിർപ്പും കൂടാതെയാണ് സഹനങ്ങൾ സ്വീകരിക്കുന്നതെന്നും, ഈ ശുദ്ധീകരണം അവർക്ക് അത്യന്താപേക്ഷിതമാണെന്ന് അവർ മനസ്സിലാക്കുന്നതായും മരിയക്ക് അറിവ് ലഭിച്ചിട്ടുണ്ട്.

മരണസമയത്ത് അനുതാപത്തിന്റെയും പശ്ചാത്താപത്തി

ന്റെയും പ്രാധാന്യത്തെക്കുറിച്ച് മരിയ ഇങ്ങനെ പറയുന്നു. കുമ്പസാരത്തോടുകൂടി പാപം ക്ഷമിക്കപ്പെടുന്നു, എങ്കിലും അതുമൂലമുണ്ടാകുന്ന ഫലങ്ങൾ നിലനിൽക്കുന്നു. അതായത് മരണശേഷം നേരെ സ്വർഗ്ഗത്തിൽ എത്തണമെങ്കിൽ ഈ സമയത്ത് പൂർണ്ണ ദണ്ഡവിമോചനം (Indulgence) ലഭിച്ചിരിക്കണം. ഈ അവസ്ഥയിൽ എത്തിച്ചേരണമെങ്കിൽ ആത്മാവ് ഇതിൽ നിന്നെല്ലാം പൂർണ്ണമായി വിടുതൽ പ്രാപിച്ചിരിക്കണം. മോശമായ ജീവിതം നയിച്ച ഒരു സ്ത്രീയെപ്പറ്റി അവളുടെ മരണശേഷമുള്ള അവസ്ഥയെക്കുറിച്ച് പ്രാർത്ഥിച്ചു മനസ്സിലാക്കിയെടുക്കുവാൻ അവളുടെ ബന്ധുക്കൾ മരിയയോട് അഭ്യർത്ഥിച്ചു. ട്രെയിനിൽ നിന്ന് വീണാണ് അവൾ മരണപ്പെട്ടത്. നരകത്തിൽ നിന്നും അവൾ രക്ഷപ്പട്ടതായി ഒരു ആത്മാവ് മരിയക്ക് പറഞ്ഞുകൊടുത്തു. ഇതിന് അവളെ സഹായിച്ചത് മരണസമയത്ത് അവൾക്കുണ്ടായ ആഴമായ പശ്ചാത്താപമായിരുന്നു. മരണസമയത്ത് അവൾ ഇങ്ങനെ പറഞ്ഞു. ‘‘ഇപ്പോൾ എന്റെ ജീവനെ തിരികെയെടുക്കുന്നത് ഏറ്റവും നല്ല കാര്യമാണ്, കാരണം ഇതു മൂലമെങ്കിലും ദൈവമേ, അങ്ങയെ വേദനിപ്പിക്കാതെയും വൃണപ്പെടുത്താതെയും ഇരിക്കുവാൻ എനിക്കു സാധിക്കുമല്ലോ’’. ഈ ഏറ്റുപറച്ചിൽ അവളുടെ നിരവധിയായ പാപങ്ങൾ തുടച്ചുമാറ്റപ്പെടുവാൻ കാരണമായി. മരണസമയത്ത് അവൾക്കുണ്ടായ ആഴമായ അനുതാപവും, ദൈവമുമ്പാകെ പ്രകടിപ്പിച്ച എളിമപ്പെടലും നിത്യനരകത്തിൽ നിന്നും ശുദ്ധീകരണസ്ഥലത്ത് അവളെ എത്തിച്ചു.

ജീവിതകാലത്ത് പാപാവസ്ഥയിൽ കഴിഞ്ഞിരുന്ന ഒരു ആത്മാവിന് മരണസമയത്ത് ദൈവത്തിലേക്കുതിരിയുവാൻ അവസരം ലഭിക്കുമെന്ന് മരിയ പറയുന്നു. വളരെ ചുരുങ്ങിയ ഒരു സമയം (ഒരു പക്ഷേ ഏതാനും മിനിറ്റുകൾ) ഇതിനായി അനുവദിക്കപ്പെട്ടേക്കും. ഈ സമയത്ത് നാം നയിച്ച ജീവിതത്തെ ഒരു സിനിമ കാണുന്നതുപോലെ കാണുവാൻ കഴിയും. അപ്പോൾ പാപങ്ങളെക്കുറിച്ചോർത്ത് അനുതപിച്ച് ദൈവത്തെ സ്വീകരിക്കുകയാണെങ്കിൽ രക്ഷപ്പെടുവാൻ



കഴിയും. ഇങ്ങനെയുള്ള സമയത്ത് ദൈവത്തിലേക്ക് തിരിയുവാൻ ഒരു പ്രത്യാശ ലഭിച്ചെങ്കിൽ മാത്രമേ ഇതു സാധ്യമാവുകയുള്ളു. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം മരണസമയം എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് ഇതിൽ നിന്നും ഊഹിക്കാം. ‘‘നന്മ നിറഞ്ഞ മറിയമേ’’ എന്നുള്ള പ്രാർത്ഥനയുടെ അവസാന ഭാഗത്ത് ‘‘പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചുകൊള്ളേണമേ’’ എന്ന് തിരുസഭ ചേർത്തു വച്ചിരിക്കുന്നതിന്റെ അർത്ഥം ഇതിൽ നിന്നും വ്യക്തമാണല്ലോ.

നിത്യജീവിതത്തെക്കുറിച്ച് ഒഴികെ ബാക്കിയുള്ള സഭാപഠനങ്ങൾ ഒക്കെ വിശ്വസിച്ചിരുന്ന ഒരാളെപ്പറ്റി മരിയ ഇങ്ങനെ പറയുന്നു. അദ്ദേഹം ഒരു ദിവസം ഗുരുതരമായ രോഗവസ്ഥയിലായി, സുബോധം നഷ്ടപ്പെട്ടു. ഒരു ബോർഡ് സ്ഥാപിച്ചിരിക്കുന്ന മുറിയിൽ കിടക്കുന്നതായിട്ട് അദ്ദേഹത്തിന് തോന്നി. ഈ ബോർഡിൽ താൻ ചെയ്ത നന്മ പ്രവൃത്തികളും, തിന്മ പ്രവൃത്തികളും തെളിഞ്ഞു വരുവാൻ തുടങ്ങി. തുടർന്ന് ഈ മുറിയും, ബോർഡും അപ്രത്യക്ഷമായതായി അയാൾക്കു മനസ്സിലായി. അതിനുശേഷം മനോഹരമായ ഒരു സ്ഥലം കണ്ട അയാൾ ബോധം തിരികെ ലഭിച്ചപ്പോൾ ജീവിത രീതി തന്നെ മാറ്റുവാൻ തീരുമാനമെടുക്കുകയും ചെയ്തു.

മരണസമയത്ത് തന്റെ ജീവിതാവസ്ഥയെക്കുറിച്ചും തുടർന്ന് അനുഭവിക്കേണ്ടിവരുന്ന സഹനങ്ങളെക്കുറിച്ചും ദൈവം അറിവു നൽകുന്നതായി മരിയ പറയുന്നു. പക്ഷേ എല്ലാവർക്കും ഒരേ അളവിലുള്ള വെളിപ്പെടുത്തലായിരിക്കുകയില്ല നൽകപ്പെടുന്നത്. ഓരോരുത്തരും നയിച്ച ജീവിത രീതിയെ ആശ്രയിച്ചായിരിക്കും ഈ വെളിപ്പെടുത്തലിന്റെ ആഴവും അളവും. നമ്മുടെ മരണസമയത്ത് സാത്താൻ നമ്മെ ആക്രമിക്കുമ്പോൾ അതിന് ദൈവം അനുമതി നൽകുന്നതായി മരിയ വെളിപ്പെടുത്തുന്നു. പക്ഷേ ഇതോടൊപ്പം അവനെ എതിർക്കുവാനും, ആട്ടിയോടിക്കുവാനുമുള്ള കൃപയും ദൈവം നമുക്ക് നൽകിയിട്ടുണ്ടല്ലോ. മരണസമയത്ത് ഒരു വ്യക്തിക്ക്

ഈ കൃപ ഉപയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. അതു വേണ്ട വിധത്തിൽ ഉപയോഗിക്കണമെന്ന് മാത്രം. മരിക്കുവാൻ തുടങ്ങുകയാണ് എന്ന അറിവു ലഭിച്ചാൽ തന്നെ പൂർണ്ണമായി ദൈവത്തിന് വിട്ടുകൊടുത്ത് തന്റെ സഹനങ്ങൾ എല്ലാം ദൈവത്തിന് കാഴ്ചവെച്ചുകൊണ്ട് ദൈവത്തിൽ പൂർണ്ണമായി ആനന്ദിക്കുക. ഇത്തരം ഒരു ഒരുക്കമാണ് മരണസമയത്ത് നമുക്ക് ആവശ്യമായത്. മരിക്കുവാൻ കിടക്കുന്ന ഒരു വ്യക്തിക്ക് വേണ്ടി നമുക്ക് ചെയ്യാവുന്ന പ്രധാനമായ കാര്യം അയാൾക്കു വേണ്ടി കഠിനമായി പ്രാർത്ഥിക്കുക, എന്നുള്ളതാണ്. പിന്നീട് ആ വ്യക്തിയുടെ അവസ്ഥയെക്കുറിച്ച് തുറന്നു പറഞ്ഞ് കൊടുത്ത് മരിക്കുവാനായി അയാളെ ഒരുക്കുക.

ഒരു വിശുദ്ധനോ വിശുദ്ധയോ ആകുവാനായി ആഗ്രഹിക്കുന്നവരോടായി മരിയ പറയുന്നത് അഹങ്കാരം വെടിഞ്ഞ് എളിമയിൽ ജീവിക്കുക എന്നതാണ്. സാത്താൻ ഒരുക്കുന്ന ഏറ്റവും വലിയ കെണി അഹങ്കാരമാണ്.

മരണാനന്തരം ശുദ്ധീകരണസ്ഥലത്ത് ശുദ്ധീകരണം പൂർത്തിയാക്കുന്നതിന് പകരം ഭൂമിയിൽ വെച്ച് തന്റെ ശുദ്ധീകരണം പൂർത്തിയാക്കുവാനുള്ള അനുവാദത്തിനായി ദൈവത്തോട് യാചിക്കാമെന്ന് മരിയ പറയുന്നു. ഇതേക്കുറിച്ച് ഒരു അനുഭവത്തിലൂടെ മരിയ വിശദീകരിക്കുന്നു. ക്ഷയരോഗം ബാധിച്ചതിനെ തുടർന്ന് ഒരു വൈദീകനും, ഒരു ചെറുപ്പക്കാരി സ്ത്രീയും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഭൂമിയിൽ വെച്ച് തന്നെ സഹനങ്ങൾ സ്വീകരിച്ച് ശുദ്ധീകരണം പൂർത്തിയാക്കി നേരെ സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാം എന്ന് ഈ സ്ത്രീ, വൈദീകനോട് പറഞ്ഞു. ഇത് ചോദിക്കാൻ താൻ ധൈര്യപ്പെടുന്നില്ലെന്ന് വൈദീകൻ മറുപടി നൽകി. ഇവരുടെ സംഭാഷണം ഒരു കന്യാസ്ത്രീ ശ്രവിക്കുന്നുണ്ടായിരുന്നു. ആദ്യം സ്ത്രീയും തുടർന്ന് വൈദീകനും മരിച്ചു. മരണാനന്തരം വൈദീകൻ കന്യാസ്ത്രീക്ക് ദർശനം നൽകി ഇങ്ങനെ പറഞ്ഞു. ''മരിച്ചുപോയ ആ സ്ത്രീ ദൈവത്തോട് ചോദിച്ച



വിഷയത്തെക്കുറിച്ച് അവൾക്കുണ്ടായിരുന്ന വിശ്വാസം എനിക്കുണ്ടായിരുന്നുവെങ്കിൽ ഞാനും നേരെ സ്വർഗ്ഗത്തിലേക്ക് പോകുമായിരുന്നു.''

ശുദ്ധീകരണസ്ഥലത്തുള്ള വിവിധ തരത്തിലുള്ള പീഢകളെക്കുറിച്ച് മരിയ ഇങ്ങനെ പറയുന്നു. ഓരോ വ്യക്തിക്കും ഓരോ തരത്തിലുള്ള സഹനങ്ങളാണ് അവിടെ അനുഭവിക്കേണ്ടത്. അതിൽ തന്നെ വ്യത്യസ്ഥ അളവുകൾ ഉണ്ട്. ലോകത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും ശുദ്ധീകരണാത്മാക്കൾ അറിയുന്നില്ലെങ്കിലും ധാരാളം കാര്യങ്ങൾ അവർ അറിയുന്നതായി മരിയക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ലോകത്തിൽ എന്തെങ്കിലും സംഭവിക്കാൻ പോകുന്നതിനു മുമ്പായി ഇവരിൽ ചിലർ അവ്യക്തമായ ചില വെളിപ്പെടുത്തലുകൾ നൽകുന്നതായി മരിയ പറയുന്നു. നിങ്ങളുടെ മുമ്പിൽ എന്തോ പതിയിരിക്കുന്നതായി ഈ സമയത്ത് അവർ വെളിപ്പെടുത്താറുണ്ട്. ആളുകളുടെ മാനസ്സാന്തരത്തിന് ആവശ്യമായവ മാത്രമാണ് അവർ വെളിപ്പെടുത്താറുള്ളത്.

ഒരിക്കൽ മരിയ തന്നെ സന്ദർശിച്ച ഒരു ശുദ്ധീകരണാത്മാവിനോട് മറ്റൊരു ആത്മാവിന്റെ അവസ്ഥയെപ്പറ്റി ചോദിച്ചപ്പോൾ ഇതേക്കുറിച്ച് അവർക്ക് വിവരങ്ങൾ നൽകുന്നത് പരിശുദ്ധ അമ്മയാണെന്ന് പറഞ്ഞു. ശുദ്ധീകരണസ്ഥലത്ത് മിഖായേൽ മാലാഖ ഉൾപ്പെടെ മറ്റു മാലാഖമാരും വരാറുണ്ട്. അതുപോലെ ശുദ്ധീകരണാത്മാവിന്റെ കാവൽമാലാഖയും അവിടെ ഉണ്ടാകും. അവരവരുടെ കാവൽമാലാഖമാർ അവരെ ആശ്വസിപ്പിക്കുകയും അവരുടെ വേദനകൾ ശമിപ്പിക്കാൻ സഹായിക്കുകയും ചെയ്യും. ശുദ്ധീകരണാത്മാക്കൾക്ക് അവരെ കാണുവാൻ കഴിയും.

ദൈവത്തെ മനസ്സിലാക്കുവാൻ ഒരു ജീവിതം പോരാ എന്ന് ചോദിക്കുന്നവരോടായി മരിയ ഇങ്ങനെ പറയുന്നു. എല്ലാ മനുഷ്യർക്കും അവരുടെ മനഃസ്സാക്ഷി വെളിപ്പെടുത്തി കൊടുക്കുന്നതനുസരിച്ച് നന്മയും തിന്മയും തിരിച്ചറിയുവാൻ സാധിക്കും. ഇതേ

പ്പറ്റിയുള്ള ഉൾക്കാഴ്ച ദൈവം എല്ലാവർക്കും നൽകിയിട്ടുണ്ട്. ഓരോരുത്തർക്കും ഇതിന്റെ അളവിൽ വ്യത്യാസം ഉണ്ടെന്ന് മാത്രം. ഇത് വേണ്ടവിധം ഉപയോഗിച്ച് അനുഗ്രഹം പ്രാപിക്കുവാൻ കഴിയും. ആത്മഹത്യ ചെയ്ത ആത്മാക്കൾക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം, കാരണം അവരും മരണത്തോട് മല്ലടിക്കുമ്പോൾ പശ്ചാത്തപിക്കുന്നതായി അറിവു ലഭിച്ചിട്ടുണ്ട്. അവരുടെ ജീവിതം വെട്ടിച്ചുരുക്കാതെ ജീവിച്ചിരുന്നെങ്കിൽ, മറ്റുള്ളവർക്കു വേണ്ടി അവർക്കു ചെയ്തു കൊടുക്കുവാൻ സാധിക്കാമായിരുന്ന സഹായങ്ങളെക്കുറിച്ച് മനസ്സിലാക്കുമ്പോൾ അവർ കൂടുതൽ ദുഃഖം അനുഭവിക്കുന്നു. ആത്മഹത്യാപ്രവണത ചിലപ്പോഴൊക്കെ രോഗകാരണങ്ങളാൽ ആയതിനാൽ ദൈവം അത് പരിഗണിച്ചേക്കാം.

ശരീരത്തിലും, മനസ്സിലും സഹനങ്ങൾ ഉണ്ടാകുമ്പോൾ അത് തനിക്ക് തീരെ സഹിക്കുവാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കുമ്പോൾ ഇവയെ ഞാൻ ആത്മാക്കളുടെ രക്ഷക്കായി കാഴ്ചവെയ്ക്കുന്നു എന്നു പറഞ്ഞു ദൈവത്തോടു പ്രാർത്ഥിക്കുക. അപ്പോൾ അത് സഹിക്കുവാനുള്ള വിശ്വാസവും ധൈര്യവും ശക്തിയും ദൈവം നൽകും. പക്ഷെ ഇക്കാലത്ത് ഇങ്ങനെ ആരും ചെയ്യാറില്ലെന്ന് മരിയ പറയുന്നു. ഇങ്ങനെ ചെയ്യുന്ന ആളിന് കൂടുതൽ ആനന്ദം ലഭിക്കുന്നു. സ്വർഗ്ഗത്തിൽ അനേകായിരം തരത്തിലുള്ള സന്തോഷാവസ്ഥകൾ ഉണ്ട് (എന്റെ രാജ്യത്തിൽ അനേകം വാസസ്ഥലങ്ങൾ ഉള്ളതായി വചനത്തിലൂടെ ഈശോ പറയുന്നുണ്ടല്ലോ). ഇവ ഓരോന്നിനും അതിന്റേതായ പൂർണ്ണതയും സഫലീകരണവുമുണ്ട്. സ്വർഗ്ഗത്തിൽ എത്തിയ ആത്മാക്കൾക്ക് തനിക്ക് അർഹതപ്പെട്ട സന്തോഷാവസ്ഥ ലഭിച്ചിരിക്കുന്നു എന്ന ബോദ്ധ്യവും, അതിൽ അവർ പൂർണ്ണമായി ആനന്ദിക്കുകയും ചെയ്യുന്നു.

സ്വർഗ്ഗത്തിലെത്താൻ നമുക്ക് എന്തൊക്കെ ആവശ്യമാണോ അത് ഏറ്റവും കൂടുതലായി ലഭിക്കുന്നത് കത്തോലിക്കാസഭയിലൂടെയാണ് എന്ന് മരിയ വെളിപ്പെടുത്തുന്നു. ഇടുങ്ങിയ ചിന്താഗ



തികൾ വെച്ചു പുലർത്തുന്ന ഒറ്റപ്പെട്ട ചില സഭകൾ ദുഷ്ടത നിറഞ്ഞതും, തെറ്റുകളും തിന്മകളും പ്രവർത്തിക്കുന്നവരുമാണ്. അതിൽപ്പെട്ടവരെ മോചിപ്പിക്കേണ്ടത് ആവശ്യമാണെന്നും അവർ കൂട്ടിച്ചേർത്തു.

ശുദ്ധീകരണസ്ഥലത്ത് ധാരാളം വൈദീകരെ കണ്ടതായി മരിയ പറയുന്നു. വി. കുർബാനയോട് ആദരവും ബഹുമാനവും പ്രദർശിപ്പിക്കാത്തവരാണ് ഇവർ. പ്രാർത്ഥനക്കുറവു മൂലം വിശ്വാസം ക്ഷയിച്ചതുമൂലമാണ് ഇവർ ഇവിടെ എത്തിയത്. എന്നാൽ അനേകം വൈദീകർ നേരെ സ്വർഗ്ഗത്തിലേക്ക് പോയതായും മരിയ പറയുന്നു. ഈശോ അഭിലഷിക്കുന്ന വിധത്തിൽ ഒരു വൈദീകൻ എത്തിച്ചേരണമെങ്കിൽ അവർ പരിശുദ്ധാത്മാവിനോട് വളരെ കൂടുതൽ പ്രാർത്ഥിക്കുന്നവരും, ജപമാല ദിവസവും ചൊല്ലുന്നവരുമായിരിക്കണം.

കുട്ടികൾ ശുദ്ധീകരണസ്ഥലത്ത് ഉള്ളതായും അവരുടെ ശുദ്ധീകരണം അത്രയധികം ദൈർഘ്യവും വേദനയും ഇല്ലാത്തതുമാണെന്ന് പറയുന്നു. ഇതിനു കാരണം അവർ ആലോചനക്കുറവുള്ളവരായതു കൊണ്ടാണ്. ഒരിക്കൽ മരിയയെ നാലു വയസ്സുള്ള ഒരു ശുദ്ധീകരണാത്മാവ് സന്ദർശിച്ചു. ഇരട്ടപെൺകുട്ടികളിൽ ഇളയ കുട്ടിയായിരുന്നു അവൾ. രണ്ടുപേർക്കും അവരുടെ മാതാപിതാക്കൾ ഓരോ പാവ ക്രിസ്തുമസ്സിന് സമ്മാനമായി നൽകിയിരുന്നു. ഇളയ കുട്ടിയുടെ പാവ പൊട്ടിപ്പോയപ്പോൾ മൂത്തവൾ അറിയാതെ അവളുടെ പാവയുടെ സ്ഥലത്ത് പൊട്ടിപ്പോയ പാവ എടുത്തുവെച്ചു. നല്ല പാവ അവൾ എടുത്തു. മൂത്തകുട്ടിക്ക് ഇത് വളരെയധികം വിഷമം ഉണ്ടാക്കുമെന്ന് വ്യക്തമായി മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് അവൾ അങ്ങനെ ചെയ്തത്. ഇത് അനീതിയും മോഷണവുമാണെന്നും അവൾ മനസ്സിലാക്കിയിരുന്നതായി പറഞ്ഞു. ബോധപൂർവ്വം ചെയ്ത ഈ പ്രവൃത്തി മൂലമാണ് അവൾ ശുദ്ധീകരണം അനുഭവിക്കേണ്ടി വന്നത്. ലോലമായ മനഃസാക്ഷി

യുടെ ഉടമകളാണ് കുട്ടികൾ എങ്കിൽപോലും കള്ളത്തരം കാണിക്കുന്നതിൽ നിന്നും, അത്തരം തെറ്റായ ചിന്തകളിൽ നിന്നും അവർ പോരാടി പിന്മാറേണ്ടതാണ്. ഇതിനായി മാതാപിതാക്കൾ അവരുടെ കുട്ടികളുടെ മനഃസാക്ഷിയെ നല്ലരീതിയിൽ രൂപപ്പെടുത്തുവാൻ സഹായിക്കേണ്ടതാണ്. നല്ല മാതൃക കാണിച്ചുകൊടുക്കുകയും, പ്രാർത്ഥന വഴിയായും ഇതു സാധിക്കും. കുട്ടികളെ അനുഗ്രഹിക്കുകയും, ദൈവവഴികൾ അവരെ അഭ്യസിപ്പിക്കുകയും ചെയ്യണം.

സ്വർഗ്ഗഭോഗികൾ ശുദ്ധീകരണസ്ഥലത്ത് വളരെയധികം കഷ്ടപ്പെടുന്നതായി മരിയ പറയുന്നു. കാരണം ഇത് തിന്മയിൽ നിന്നുമാണല്ലോ കടന്നു വരുന്നത്. അവർക്കുവേണ്ടി കൂടുതലായി പ്രാർത്ഥിക്കുക. തിന്മക്കെതിരെ പടപൊരുതുന്ന മിഖായേൽ മാലാഖയോട് ഇതിൽ നിന്നും പിന്തിരിയാനുള്ള ശക്തി ലഭിക്കുവാൻ അവർ കൂടുതൽ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഇതു പോലെ ജീവിച്ചിരുന്നപ്പോൾ മയക്കുമരുന്നിന് അടിമകളായിരുന്ന ആത്മാക്കളെയും ശുദ്ധീകരണസ്ഥലത്തു കണ്ടതായി മരിയ പറയുന്നു.

ദൈവത്തെ എനിക്ക് ആവശ്യമില്ല എന്ന ചിന്ത ഒരു വ്യക്തിയുടെ ഹൃദയത്തിൽ വന്നു കഴിയുമ്പോൾ ആത്മാവ് നാശത്തിലേക്കായിരിക്കും നീങ്ങുന്നത്. ഇങ്ങനെയുള്ളവർ നിത്യനരകത്തിലേക്കായിരിക്കും യാത്ര ചെയ്യുന്നത്. ദൈവം ആരെയും നരകത്തിലേക്ക് തള്ളി വിടാൻ ആഗ്രഹിക്കുന്നില്ല, മറിച്ച് തന്റെ കരുണ സ്വീകരിക്കുവാനാണ് ആഗ്രഹിക്കുന്നത്. പരിശുദ്ധാത്മാവിനെതിരായ പാപങ്ങൾ ചെയ്യുമ്പോൾ പൂർണ്ണ അറിവോടെ നാം ദൈവകരുണയെ നിരസ്സിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ നഷ്ടപ്പെടുവാൻ സാദ്ധ്യതയുള്ള ആത്മാക്കൾക്കു വേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതായുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു അനുഭവം മരിയ വിവരിക്കുന്നു.

ഒരിക്കൽ മരിയ ഒരു ട്രെയിൻ യാത്രയിൽ ഒരാളെ പരിചയപ്പെട്ടു. ദൈവത്തെയും, സഭയെയും, വൈദീകരെയുമൊക്കെ ദുഷിച്ച്



ഇയാൾ സംസാരിച്ചുകൊണ്ടിരുന്നു. ഇതിന് നിങ്ങൾക്ക് അധികാരമില്ലെന്നും, തെറ്റാണെന്നും മരിയ പറഞ്ഞുകൊടുത്തു. റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ ഈ വ്യക്തിയുടെ ആത്മാവ് നശിച്ചു പോകരുതേ എന്ന് മരിയ പ്രാർത്ഥിച്ചു. വർഷങ്ങൾക്കു ശേഷം ഇദ്ദേഹത്തിന്റെ ആത്മാവ് മരിയക്ക് ദർശനം നൽകി ഇങ്ങനെ പറഞ്ഞു. താൻ നരകത്തിന് വളരെയടുത്ത് എത്തിയിരുന്നെന്നും, നിങ്ങളുടെ ആ ചെറിയ പ്രാർത്ഥന മൂലമാണ് രക്ഷപ്പെട്ട് ശുദ്ധീകരണസ്ഥലത്ത് എത്തിയതെന്നും അറിയിച്ചു. മറ്റുള്ളവരുടെ നന്മക്കുവേണ്ടി ഒരു ചെറിയ ചിന്തയോ, ഹൃദയത്തിൽ ഒരു ആഗ്രഹമോ, ഒരു ചെറിയ പ്രാർത്ഥനയോ, നരകത്തിൽ പതിക്കാൻ സാദ്ധ്യതയുള്ളവരെ സഹായിക്കുമെന്ന് ഇതിൽ നിന്നും ഗ്രഹിക്കാമല്ലോ. മരണസമയത്ത് ദൈവത്തെ വേണ്ട എന്നു പറയാതിരിക്കുവാൻ ആ വ്യക്തിക്ക് ഇവ സഹായകമാകും. ഒരിക്കൽ മരിയയോട് താൻ ഒരിക്കലും സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്നില്ല എന്ന് ഒരാൾ പറഞ്ഞു. ദൈവം അനീതി പ്രവർത്തിക്കുന്നവനാണ് എന്നുള്ളതാണ് അതിന്റെ കാരണമായി അയാൾ പറഞ്ഞത്. അതിനാൽ മരണാന്തരം താൻ ഒരിക്കലും ദൈവത്തെ കാണുവാൻ ആഗ്രഹിക്കുന്നില്ലെന്നും ഒരു കോടാലി ഉപയോഗിച്ച് ദൈവത്തെ കൊല്ലുവാനാണ് തന്റെ ആഗ്രഹമെന്നും അയാൾ പറഞ്ഞു. എല്ലാവർക്കും ഇച്ഛാശക്തിയും വിവേചനത്തിനുള്ള കഴിവും ദൈവം നൽകിയിട്ടുണ്ട്. ഇത് പൂർണ്ണ സ്വാതന്ത്ര്യത്തോടു കൂടി ഉപയോഗിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. ഇതിൽ ഒരിക്കലും ദൈവം ഇടപെടാറില്ല. പാപാവസ്ഥയിൽ ജീവിച്ചിരുന്ന ആളിന് മരണസമയത്തു പോലും മാനസാന്തരത്തിന് ദൈവം അവസരവും കൃപയും നൽകുന്നുണ്ട്. ആത്മാർത്ഥമായി അപ്പോൾ ക്ഷമക്കുവേണ്ടി യാചിക്കുമ്പോൾ വ്യക്തി രക്ഷിക്കപ്പെടുന്നു. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. നന്മ പ്രവൃത്തികളും ഔദാര്യപ്രവൃത്തികളും ആതുരസേവനവും വഴിയായി യഥാർത്ഥ സ്നേഹം പരിശീലിക്കുന്നതു വഴി പാവപ്പെട്ടവരെ പോലെ അവർക്കും സ്വർഗ്ഗത്തിൽ എത്തിച്ചേരാം.

ഔജാ ബോർഡുകൾ ഉപയോഗിച്ചും അതു പോലെയുള്ള മറ്റു മാർഗ്ഗങ്ങളിൽ കൂടി മരിച്ച ആത്മാക്കളെ വിളിച്ചു വരുത്തുന്നത് തെറ്റാണ്. ഇത് പൈശാചികമാണ്. അതിൽ കൂടി പ്രവർത്തിക്കുന്നത് പിശാചാണ്. മറിച്ച് നമ്മൾ ക്ഷണിക്കാതെ തന്നെ ആത്മാക്കൾ നമ്മെ സമീപിച്ചാൽ അവരെ നിശ്ചയമായും പ്രാർത്ഥനയിലൂടെ നാം സഹായിക്കേണ്ടതാണ്. അതുപോലെ മരിച്ചവർക്കുവേണ്ടി അവർ ആവശ്യപ്പെട്ടില്ലെങ്കിൽ പോലും നാം പ്രാർത്ഥിക്കേണ്ടതാണ്.

ദൈവം പ്രവർത്തിക്കുന്നതുപോലെ ചില അവസരങ്ങളിൽ സാത്താനും പ്രവർത്തിക്കും. അത് അവൻ അനുകരിക്കുന്നതാണ്. ശബ്ദത്തിലൂടെയും മരിച്ചവർ ദർശനം നൽകുന്നതുപോലെയുമെല്ലാം അവന് അനുകരിക്കുവാൻ കഴിയും. സൗഖ്യങ്ങൾ പോലും അവൻ നൽകാറുണ്ട്. പക്ഷെ അത് നിലനിൽക്കുകയില്ല എന്നു മാത്രം. ഒരിക്കൽ മരിയയുടെ പക്കൽ ഒരു ശുദ്ധീകരണാത്മാവ് എന്നതു പോലെ ഒരു ആത്മാവ് വന്ന് ഇങ്ങനെ പറഞ്ഞു. ''എന്റെ പിന്നാലെ ഒരു ആത്മാവ് വരും അതിനെ സ്വീകരിക്കുകയോ, പറയുന്നത് അനുസരിക്കുകയോ ചെയ്യരുത്. അത് പറയുന്നത് അനുസരിച്ചാൽ നീ വളരെ കൂടുതൽ സഹിക്കേണ്ടതായി വരും. നിനക്ക് അതു താങ്ങാൻ സാധിക്കുകയില്ല''. ഇത് ഒരു ദുഷ്ടാരൂപിയാണെന്ന് സംശയം തോന്നിയ മരിയ നീ ദുഷ്ടാരൂപിയാണെങ്കിൽ വിട്ട് പോകുക എന്ന് ആജ്ഞാപിച്ചു. പെട്ടെന്ന് ഒരു വലിയ കരച്ചിലോടെ ആ ദുഷ്ടാരൂപി സ്ഥലം വിട്ടു. അല്പം കഴിഞ്ഞപ്പോൾ തന്റെ സഹായം യഥാർത്ഥമായി ആവശ്യമുണ്ടായിരുന്ന ഒരു ശുദ്ധീകരണാത്മാവ് വരികയും വേണ്ട സഹായം ചെയ്യുകയും ചെയ്തു. ദുഷ്ടാരൂപികളെ ആട്ടിപ്പായിക്കാൻ വിശുദ്ധജലം വളരെ ഫലപ്രദമാണ് എന്ന് അവർ വെളിപ്പെടുത്തുന്നു.

മരിയ ജർമനിയിലും, ഓസ്ട്രിയയിലും മാത്രമല്ല യൂറോപ്പിൽ മുഴുവനും പ്രസിദ്ധയാണ്. പല ആത്മാക്കളും തന്നെ സന്ദർശിച്ചിട്ട്



അവർ തെറ്റായ രീതിയിൽ സമ്പാദിച്ചിട്ടുള്ള വസ്തുവകകൾ തിരികെ നൽകാനും ആ വിവരം അവരുടെ ബന്ധുക്കളെ അറിയിക്കാനും അഭ്യർത്ഥിക്കാറുണ്ട്. ഇത്തരം വെളിപ്പെടുത്തലുകൾ മരിയ നൽകുമ്പോൾ അവിടെയുള്ള ആളുകൾക്ക് അവളുടെ അസാധാരണമായ ഈ സിദ്ധിയിൽ ബോദ്ധ്യം ലഭിക്കുന്നു. പലപ്പോഴും മരിയ അറിയാത്തതായ ദൂരസ്ഥലങ്ങളിൽ പോയി തനിക്ക് അപരിചിതരായവരെ കണ്ട്, ആത്മാവ് ജീവിച്ചിരുന്നപ്പോൾ അനധികൃതമായി സമ്പാദിച്ച വസ്തുവകകൾ, പണം മുതലായവ അതിന്റെ യഥാർത്ഥ ഉടമയ്ക്ക് മടക്കികൊടുക്കുവാനായി അവർ ആവശ്യപ്പെടാറുണ്ട്. താൻ അനധികൃതമായി സമ്പാദിച്ച വസ്തുവകകൾ മടക്കി നൽകുന്നതു വഴിയായി ശുദ്ധീകരണസ്ഥലത്തുനിന്ന് തനിക്ക് മോചനം ലഭിക്കുമെന്ന് അവർ വെളിപ്പെടുത്തുന്നു. സ്ഥലമാണെങ്കിൽ അതിന്റെ വിസ്തീർണ്ണം, പണമാണെങ്കിൽ കൃത്യമായ തുക ഇവയെല്ലാം വളരെ പരിചിതയെന്നതു പോലെ മരിയ അവർക്ക് പറഞ്ഞുകൊടുക്കാറുണ്ട്. ഇതുമൂലം മരിയ അവിടെ വളരെ പ്രസിദ്ധയാണ്.

മരിയയുടെ ഈ പ്രത്യേക സിദ്ധിയെയും അവൾക്കു ലഭിച്ച ദർശനങ്ങളേയും വെളിപ്പെടുത്തലുകളേയും അവളുടെ ബിഷപ്പ് അംഗീകരിക്കുന്നു. അദ്ദേഹത്തോടൊപ്പം അവളുടെ ഇടവക വികാരിയും ഇതിനെ സ്ഥിരീകരിക്കുന്നു. ഇതിന് പ്രധാന കാരണം ദൈവശാസ്ത്രപരമായി ഇതിൽ തെറ്റുകൾ ഒന്നും ഇല്ലാത്തതുമൂലമാണ്. തനിക്ക് ശുദ്ധീകരണാത്മക്കളെക്കുറിച്ച് വളരെയധികം അറിവുകളും ബോദ്ധ്യങ്ങളും ലഭിച്ചതിനാൽ താൻ ചെയ്യുന്ന ഒരു ചെറിയ തെറ്റു പോലും വളരെ ഗുരുതരമായിരിക്കും എന്ന് മരിയ പറയുന്നു. താൻ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി വളരെയധികം സഹായങ്ങൾ പ്രാർത്ഥനകളിലൂടെയും സഹനങ്ങളിലൂടെയും ചെയ്യാറുണ്ടെങ്കിലും തനിക്കും ശുദ്ധീകരണമുണ്ടാകും. എങ്കിലും താൻ സഹായിച്ച ആത്മാക്കൾ നിത്യതയിലെത്താൻ തന്നെ സഹായിക്കുമെന്ന് മരിയ വിശ്വസിക്കുന്നു.

തന്റെ പൂർവ്വകാല ജീവിതത്തെക്കുറിച്ച് മരിയ ഇങ്ങനെ പറയുന്നു. മഠത്തിൽ ചേരാൻ താൻ ആഗ്രഹിച്ചിരുന്നു. ചെറുപ്പകാലത്തുതന്നെ ശുദ്ധീകരണാത്മാക്കളെക്കുറിച്ച് ധാരാളം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അനാരോഗ്യമാണ് മഠത്തിൽ ചേരാൻ തടസ്സമായത്. ഇതുമൂലം വളരെയധികം വിഷമമുണ്ടായി. ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി തന്റെ ജീവിതം മാറ്റിവെക്കുവാനായി ദൈവം വെളിപ്പെടുത്തികൊടുത്തു. വീട്ടിലെ എട്ടുമക്കളിൽ ഒരുവളായിരുന്ന മരിയ ചെറുപ്പകാലത്ത് കൃഷിസ്ഥലങ്ങളിൽ ജോലി ചെയ്തിരുന്നു. ഇരുപത്തിയഞ്ച് വയസ്സുമുതൽ ശുദ്ധീകരണാത്മാക്കൾ സന്ദർശിക്കാൻ തുടങ്ങുകയും അവർക്കുവേണ്ടി ജീവിതം മാറ്റിവെക്കുകയും ചെയ്തു. 2004, മാർച്ച് മാസം, ശുദ്ധീകരണാത്മാക്കളെ സ്നേഹിച്ച മരിയ ഈ ലോകത്തിൽ നിന്നും യാത്രയായി.

# 3

# വിശുദ്ധ ഫൗസ്റ്റീനായും ശുദ്ധീകരണാത്മാക്കളും

പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശുദ്ധയാക്കി പ്രഖ്യാപിച്ച വി. ഫൗസ്റ്റീനാ തന്റെ ഡയറിക്കുറിപ്പിലൂടെ ശുദ്ധീകരണാത്മാക്കളെക്കുറിച്ച് ധാരാളം കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

ഒരിക്കൽ സിസ്റ്റർ ഫൗസ്റ്റീനായ്ക്ക് താൻ ആർക്കൊക്കെ വേണ്ടി പ്രാർത്ഥിക്കണമെന്ന് മനസ്സിലാക്കി തരാമെന്ന് ഈശോ വെളിപ്പെടുത്തി. ആ രാത്രി തന്റെ കാവൽമാലാഖ വന്ന് തന്നെ അനുഗമിക്കുവാൻ ഫൗസ്റ്റീനയോട് ആവശ്യപ്പെട്ടു. നിമിഷങ്ങൾക്കകം അഗ്നിനിറഞ്ഞ ഒരു സ്ഥലത്ത് ദുരിതം അനുഭവിക്കുന്ന



വലിയ ഒരു ആത്മാക്കളുടെ കൂട്ടത്തെ തനിക്ക് കാണിച്ചുകൊടുത്തു. ഫൗസ്റ്റീനാ അവരുടെ ദുരിതങ്ങളെക്കുറിച്ച് ചോദിച്ചു മനസ്സിലാക്കി. ദൈവത്തെ കാണുവാനും പ്രാപിക്കുവാനുമുള്ള അവരുടെ ആഗ്രഹം പൂർത്തികരിക്കപ്പെടാത്തതാണ് ഏറ്റവും വലിയ വേദനയായി അവർ പറഞ്ഞത്. ശുദ്ധീകരണം പൂർത്തിയായെങ്കിൽ മാത്രമെ ഇതു സാധിക്കുകയുള്ളു. ശുദ്ധീകരണസ്ഥലത്ത് പരിശുദ്ധകന്യകമറിയത്തെ കണ്ടതായി ഫൗസ്റ്റീന വെളിപ്പടുത്തി. 'സമുദ്രതാരം' എന്നാണ് ഇവർ പരിശുദ്ധ അമ്മയെ വിളിക്കുന്നത്. അവൾ അവിടെ വന്ന് ആത്മാക്കളെ ഉന്മേഷരാക്കുന്നു. അധിക സമയം അവിടെ നിൽക്കാൻ തന്റെ കാവൽമാലാഖ അനുവദിക്കാഞ്ഞതിനാൽ അവർ അവിടെ നിന്നും വേഗം മടങ്ങി. ഈ അനുഭവം ഇവർക്കുവേണ്ടി കൂടുതൽ പ്രാർത്ഥിക്കുവാൻ തനിക്ക് ബോദ്ധ്യം നൽകിയതായി ഫൗസ്റ്റീന പറയുന്നു.

ഒരിക്കൽ ഫൗസ്റ്റീനായെ നെവിഷ്യേറ്റായി ക്രാക്കോവ് എന്ന സ്ഥലത്തേക്ക് അയച്ചു. അവിടെയെത്തിയപ്പോൾ സിസ്റ്റർ ഹെൻട്രി മരിക്കാറായി കിടക്കുകയായിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവളുടെ ആത്മാവ് തന്റെ അടുക്കൽ എത്തി. അവളുടെ മദർ വഴിയായി കുമ്പസാരക്കാരനായിരുന്ന വൈദീകനോട് ഒരു വിശുദ്ധ കുർബ്ബാനയും മറ്റു പ്രാർത്ഥനകളും തനിക്കുവേണ്ടി അർപ്പിക്കണമെന്ന് ഫൗസ്റ്റീനയെ പറഞ്ഞ് ഏല്പിച്ചു. ഫൗസ്റ്റീനാ ഇതു സമ്മതിച്ചെങ്കിലും ഇതിന്റെ യാഥാർത്ഥ്യത്തെപ്പറ്റി സംശയം തോന്നിയതിനാൽ മദറിനോട് പറഞ്ഞില്ല. അടുത്ത രാത്രിയിലും ഈ ആത്മാവ് വന്ന് ഇതേ ആവശ്യം ഉന്നയിച്ചു. തുടർന്ന് മദറിനെകണ്ട് വിഷയം ധരിപ്പിക്കുകയും വേണ്ടത് ചെയ്യാമെന്ന് മദർ സമ്മതിക്കുകയും ചെയ്തു. അപ്പോൾ ഫൗസ്റ്റീനായുടെ മനസ്സിൽ വളരെ സമാധാനം അനുഭവപ്പെട്ടു. മൂന്നാം ദിവസം ഇതേ ആത്മാവ് വീണ്ടും ദർശനം നൽകിയിട്ട് ഫൗസ്റ്റീനാ ചെയ്ത സൽപ്രവൃത്തിക്ക് ദൈവം പ്രതിഫലം നൽകട്ടെയെന്ന് ആശംസിച്ചു മടങ്ങി.

മറ്റൊരു സംഭവം ഫൗസ്റ്റീന പറയുന്നത് ഇപ്രകാരമാണ്. ഒരു ദിവസം ഫൗസ്റ്റീനാ ദൈവസന്നിധിയിലേക്ക് ആനയിക്കപ്പെട്ടു. പഞ്ചക്ഷതത്തോടുകൂടിയ ഈശോയെ അവിടെ കണ്ടു. അപ്പോൾ തന്റെ ആത്മാവിന്റെ അവസ്ഥ പൂർണ്ണമായി തനിക്ക് വെളിവാക്കപ്പെട്ടു. ദൈവം വെറുക്കുന്ന എല്ലാകാര്യങ്ങളും തനിക്ക് മനസ്സിലായി. ഒരു ചെറിയ തെറ്റിനുപോലും കണക്ക് കൊടുക്കേണ്ടതായുണ്ട് എന്ന് തനിക്ക് ബോദ്ധ്യം ലഭിച്ചു. നീ ആരാണെന്ന് ഈശോ അവളോട് ചോദിച്ചപ്പോൾ താൻ അവിടുത്തെ ദാസിയാണെന്ന് അവൾ മറുപടി നൽകി. താൻ ഒരു ദിവസത്തേക്ക് ശുദ്ധീകരണാഗ്നിയിൽ കിടക്കേണ്ടതായി വരുമെന്ന് ഈശോ അറിയിച്ചു. അവൾ അതിന് തയ്യാറായപ്പോൾ ഈശോ അവളെ തടഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു. ശുദ്ധീകരണസ്ഥലത്ത് ഒരു ദിവസം അല്ലെങ്കിൽ ഭൂമിയിൽ കുറച്ചു സമയം, ഇതിൽ ഏതാണ് നീ ആഗ്രഹിക്കുന്നത്? രണ്ടിടത്തും സഹിക്കാൻ സമ്മതമാണെന്ന് ഫൗസ്റ്റീനാ മറുപടി നൽകി. നീ ഒരിടത്തുസഹിച്ചാൽ മതിയെന്നും അതു ഭൂമിയിൽ തന്നെ ആക്കിത്തരാമെന്നും ഈശോ സമ്മതിച്ചതായി ഫൗസ്റ്റീനാ തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1934- ൽ താൻ പങ്കെടുത്ത ഒരു ധ്യാനത്തിൽ ഈശോ ധാരാളം വെളിപ്പെടുത്തലുകൾ ഫൗസ്റ്റീനയ്ക്ക് നൽകി. ചില സമയങ്ങളിൽ കൂടുതൽ സംസാരിക്കുന്ന സ്വഭാവം തനിക്കുള്ളതായി ഫൗസ്റ്റീനാ പറഞ്ഞു. ഒന്നു രണ്ട് വാക്കുകൾ കൊണ്ട് അത് പൂർത്തികരിക്കാമെങ്കിലും താൻ കൂടുതൽ സമയം ഇതിനുവേണ്ടി ചിലവഴിക്കാറുണ്ട്. ഇങ്ങനെ പാഴാക്കുന്ന സമയങ്ങളിൽ ശുദ്ധീകരണാത്മക്കളുടെ വിടുതലിനുവേണ്ടിയുള്ള പ്രാർത്ഥനകൾ ചൊല്ലുവാൻ ഈശോ തന്നോട് ആവശ്യപ്പെട്ടതായി അവൾ വെളിപ്പെടുത്തി. ന്യായവിധിയുടെ സമയത്ത് ഓരോ വാക്കും തൂക്കിനോക്കപ്പെടുമെന്ന് ഈശോ അവൾക്ക് അറിവു നൽകി.

ഭൂമിയിൽ വെച്ച് നമുക്ക് ലഭിക്കുന്ന ഏറ്റവും വിലപ്പെട്ട നിധി



യാണ് സഹനങ്ങൾ. ഇതിലൂടെ നമ്മുടെ ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു. മരണാനന്തരം മാത്രമേ ഭൂമിയിൽ വെച്ച് നമുക്ക് അനുവദിക്കപ്പെട്ട സഹനങ്ങളുടെ മൂല്യം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഇപ്പോൾ ഭൂമിയിൽ ലഭിച്ചിരിക്കുന്ന ഈ അവസരങ്ങളെ ഉപയോഗപ്പെടുത്തുക.

ഒരിക്കൽ ചാപ്പലിൽ ആരാധനയിലിരുന്നുകൊണ്ട് ഒരു ശുദ്ധീകരണാത്മാവിനുവേണ്ടി ഫൗസ്റ്റീനാ പ്രാർത്ഥിക്കുകയായിരുന്നു. ചില സമയത്ത് നാം ഏത് ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുന്നുവോ അവർക്കു വേണ്ടി അതു സ്വീകരിക്കപ്പെടാതിരിക്കുകയും അതിനെ മറ്റു ചിലർക്കുവേണ്ടി ദൈവം തിരിച്ചുവിടുന്നതായും തനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. നാം ഉദ്ദേശിക്കുന്നവരെ കൂടാതെ മറ്റുള്ള ആത്മാക്കൾക്കുവേണ്ടിയും നമ്മുടെ പ്രാർത്ഥനയെ ദൈവം ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നു.

ഒരിക്കൽ മരിച്ച ഒരു സന്യസ്ഥയുടെ ആത്മാവ് തന്റെ അടുക്കൽ വന്ന് ഒരു ദിവസം തനിക്കുവേണ്ടി ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഫൗസ്റ്റീനയോട് അപേക്ഷിച്ചു.അപ്രകാരം ചെയ്ത ഫൗസ്റ്റീനയ്ക്ക് അനുഭവത്തിലൂടെ ആത്മാവ് അനുഭവിക്കുന്ന വേദന മനസ്സിലായി. ദൈവത്തെ പ്രാപിക്കുവാനുള്ള ആത്മാവിന്റെ ആഴമായ ദാഹവും തന്നിൽ ഒന്നാകുവാനുള്ള ആഗ്രഹവും ഫൗസ്റ്റീനായ്ക്ക് വ്യക്തമായി. കുറച്ചു സമയത്തേക്കു മാത്രമേ ഈ അനുഭവം നീണ്ടുനിന്നുള്ളുവെങ്കിലും ശുദ്ധീകരണാത്മാക്കളുടെ തീവ്രമായ ഇത്തരം ആഗ്രഹത്തെക്കുറിച്ച് തനിക്ക് വളരെ കൂടുതൽ മനസ്സിലാക്കുവാൻ സാധിച്ചു.

നമ്മുടെ പ്രാർത്ഥനകൾക്കുവേണ്ടി ശുദ്ധീകരണാത്മാക്കൾ എത്രയധികം ആഗ്രഹിക്കുന്നു എന്നതിലേക്ക് വെളിച്ചം വീശുന്ന മറ്റൊരനുഭവം ഫൗസ്റ്റീന ഇങ്ങനെ വിവരിക്കുന്നു. സിസ്റ്റർ ഡൊമനിക്ക് രാത്രി ഒരു മണിക്ക് മരിച്ചു. അവളുടെ ആത്മാവ് തന്നെയാണ് ഈ വിവരം ഫൗസ്റ്റീനായെ അറിയിച്ചത്. ശുദ്ധീകരണസ്ഥ

ലത്താണ് ആത്മാവ് എന്നു മനസ്സിലാക്കിയ ഫൗസ്റ്റീന, സിസ്റ്ററിനു വേണ്ടി കൂടുതൽ പ്രാർത്ഥിച്ചു. അവരുടെ നിയമമനുസരിച്ച് മൂന്നു ദിവസത്തിനു പകരം രണ്ടു ദിവസം മാത്രമേ പ്രാർത്ഥിച്ചുള്ളു. നാലാം ദിവസം ആത്മാവ് ഫൗസ്റ്റീനായെ സന്ദർശിച്ചിട്ട് തനിക്ക് ഇനിയും പ്രാർത്ഥനകൾ ആവശ്യമുണ്ടെന്നും അപ്രകാരം ചെയ്യണമെന്നും അഭ്യർത്ഥിച്ചു. അതിനാൽ സിസ്റ്ററിന്റെ ആത്മാവിനുവേണ്ടി കൂടുതൽ ദിവസങ്ങൾ പ്രാർത്ഥിക്കുവാൻ താൻ തയ്യാറായതായി ഫൗസ്റ്റീന വെളിപ്പെടുത്തുന്നു.

ഒരു ദിവസം ഒരു സ്ത്രീയുടെ ആത്മാവ് രാത്രിയിൽ തന്നെ സന്ദർശിച്ചിട്ട് പ്രാർത്ഥന സഹായം ആവശ്യപ്പെട്ടു. കുറച്ചു സമയം അവൾക്കുവേണ്ടി പ്രാർത്ഥിച്ചെങ്കിലും ആത്മാവ് അവിടം വിട്ട് പോയില്ല. അപ്പോൾ ഫൗസ്റ്റീനാ മനസ്സിൽ ഇങ്ങനെ ചിന്തിച്ചു, ''നീ ഒരു നല്ല ആത്മാവാണെങ്കിൽ എന്നെ സ്വസ്ഥമായി വിടുക. ഞാൻ നാളെ നേടിയെടുക്കുന്ന ദണ്ഡവിമോചനങ്ങൾ എല്ലാം നിനക്കുവേണ്ടിയായിരിക്കും''. പെട്ടെന്ന് അവളുടെ ആത്മാവ് മടങ്ങിപോയി.

ഫൗസ്റ്റീനായ്ക്ക് ഈശോ നേരിട്ടു പഠിപ്പിച്ചു കൊടുത്ത പ്രാർത്ഥനകളായ കരുണകൊന്തയും, കരുണയുടെ നൊവേനയും വളരെ പ്രസിദ്ധമാണല്ലോ. മരണസമയത്ത് ഒരു വ്യക്തിക്കുവേണ്ടി കരുണകൊന്ത ചൊല്ലുന്നത് എത്രയധികം പ്രയോജനം ചെയ്യുമെന്ന് അനേക അനുഭവങ്ങളിലൂടെ ഫൗസ്റ്റീനാ വിവരിക്കുന്നുണ്ട്.

ഒരിക്കൽ ഈശോ മരണാവസ്ഥയിലായിരിക്കുന്നവർക്കുവേണ്ടി കരുണകൊന്ത ചൊല്ലുവാൻ ഫൗസ്റ്റീനയോട് ആവശ്യപ്പെട്ടു. പെട്ടെന്ന് ദർശനത്തിലൂടെ തനിക്ക് അപരിചിതമായ ഒരു ചെറിയ വീട്ടിൽ ഒരു പ്രായമായ മനുഷ്യൻ മരിക്കാൻ കിടക്കുന്നതായി കണ്ടു. ആ വ്യക്തിയുടെ ആത്മാവ് അപ്പോൾ വളരെയധികം പീഢകൾ സഹിക്കുന്നുണ്ടായിരുന്നു. അയാളുടെ കിടക്കയ്ക്കരികെ കുടുംബാംഗങ്ങളോടൊപ്പം അനേകം ദുഷ്ടാരൂപികളും നിൽക്കുന്നുണ്ടായിരുന്നു. താൻ കരുണകൊന്ത ചൊല്ലുവാൻ തുടങ്ങിയപ്പോൾ ദുഷ്ടാരൂപികൾ തന്നെ ഭീഷണിപ്പെടുത്തികൊണ്ട് ഓടിപ്പോവുകയും അയാളുടെ ആത്മാവ് ശാന്തമായി സമാധാനത്തിൽ മരിക്കുകയും ചെയ്തു.



ഒരു ദിവസം ഒരു വ്യക്തിക്ക് സുഖമരണം ലഭിക്കുന്നതിനു വേണ്ടി ഫൗസ്റ്റീനാ പ്രാർത്ഥിക്കുകയായിരുന്നു. രണ്ടാഴ്ചയായി അവൾ മരണകിടക്കയിലായിരുന്നു. അവൾക്കുവേണ്ടി ദൈവത്തോട് താൻ ഇങ്ങനെ പ്രാർത്ഥിച്ചു. ''അങ്ങയുടെ മഹത്വത്തിനായി ഞാൻ ചെയ്യുന്ന ജോലികൾ അങ്ങയെ പ്രീതിപ്പെടുത്തുന്നുണ്ടെങ്കിൽ അവളുടെ ആത്മാവിനെ മടക്കി വിളിക്കുക. അവൾ അങ്ങയുടെ കരുണയിൽ വിശ്രമിക്കട്ടെ''. ഈശോ ഈ പ്രാർത്ഥന അനുവദിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അവൾ മരിച്ചതായി അവിടെനിന്നും അറിവുകിട്ടി.

ഒരു ചെറുപ്പക്കാരൻ മരണക്കിടക്കയിൽ കിടന്ന് ആത്മാവിൽ വളരെയധികം വേദനകൾ സഹിച്ചുകൊണ്ടിരുന്നപ്പോൾ, കരുണകൊന്ത ചൊല്ലി ഫൗസ്റ്റീന, അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. എങ്കിലും അദ്ദേഹത്തിന്റെ പീഢകൾ തുടർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന് വളരെ കൂടുതൽ പ്രാർത്ഥനയും, യേശുവിന്റെ കരുണയും ആവശ്യമുണ്ടെന്നു മനസ്സിലാക്കിയ ഫൗസ്റ്റീന തന്റെ മുറിയിൽ പോയി തറയിൽ കമഴ്ന്ന് കിടന്ന് കരുണക്കായി പ്രാർത്ഥിച്ചു. പെട്ടെന്ന് ദൈവത്തിന്റെ വലിയ രാജകീയ പ്രൗഢിയും, നീതിയും താൻ അനുഭവിച്ചറിഞ്ഞു. വലിയ ഭയത്തോടുകൂടി താൻ വീണ്ടും കരുണയ്ക്കു വേണ്ടി പ്രാർത്ഥിച്ചു. തന്റെ വൃതവാഗ്ദാനം ചെയ്ത സമയത്തു ലഭിച്ച കുരിശുരൂപം എടുത്ത് മരിക്കാൻ കിടന്ന ആളിന്റെ നെഞ്ചിൽ വച്ച് ഇപ്രകാരം പ്രാർത്ഥിച്ചു. ''ഞാൻ വൃതവാഗ്ദാനം ചെയ്ത സമയത്ത് അങ്ങ് എന്നെ സ്നേഹത്തോടുകൂടി ദർശിച്ചുവല്ലോ. അതേ അളവിലുള്ള സ്നേഹത്തിൽ ഈ വ്യക്തിയുടെ ആത്മാവിനെയും ദർശിക്കേണമേ. മരണ സമയത്ത് അങ്ങയുടെ കരുണയിൽ ആശ്രയിച്ചാൽ ചൊരിയപ്പെടുന്ന കരുണയുടെ അളവിനെയും, എന്നോടു

വെളിപ്പെടുത്തിയ വാഗ്ദാനത്തിന്റെ ശക്തിയിലും വിശ്വസിച്ചുകൊണ്ട് മരണം കാത്തുകിടക്കുന്ന ആത്മാവിന്റെ മേൽ കരുണ കാണിക്കണമേ''. പെട്ടെന്ന് അദ്ദേഹത്തിന്റെ പീഢകൾ അവസാനിക്കുകയും സമാധാനത്തിൽ മരിക്കുകയും ചെയ്തു. മരണസമയത്ത് കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യവും, ഈശോയുടെ കരുണ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റിയും ഇതിൽ നിന്നും ബോദ്ധ്യമാകുമല്ലോ. ജീവിച്ചിരിക്കുമ്പോഴും മരണസമയത്തും ദൈവത്തിന്റെ കരുണ ഒരു വ്യക്തിക്ക് വളരെയധികം ആവശ്യമാണ്. കരുണകൊന്ത ദൈവകോപത്തെ ശമിപ്പിക്കാൻ വേണ്ടിയുള്ള ഏറ്റവും നല്ല ഒരു പ്രാർത്ഥനയാണെന്ന് ഫൗസ്റ്റീന വെളിപ്പെടുത്തുന്നു. ദൈവം ഫൗസ്റ്റീനായ്ക്ക് ഇങ്ങനെ പറഞ്ഞുകൊടുത്തു. ''മരണസമയത്ത് ആരൊക്കെ കരുണകൊന്ത ചൊല്ലുന്നുവോ അവർക്കെല്ലാം എന്റെ സംരക്ഷണം ഉണ്ടാകും. മരിക്കാൻ കിടക്കുന്ന വ്യക്തിക്കുവേണ്ടി മറ്റുള്ളവർ കരുണകൊന്ത ചൊല്ലിയാൽ പോലും ദൈവം അവരോട് ക്ഷമിക്കും. മരണകിടക്കയ്ക്കരികെ ഇത് ചൊല്ലുമ്പോൾ ദൈവകോപം ശമിപ്പിക്കപ്പെടുകയും എന്റെ ആഴമായ കരുണ ആത്മാവിനെ വലയം ചെയ്യുകയും ചെയ്യും. ഇത് എന്റെ പുത്രന്റെ അതിദാരുണമായ പീഢാസഹനത്തെ പ്രതിയാണ്''.

കരുണയുടെ നൊവേനയുടെ എട്ടാമത്തെ നിയോഗം ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി മാത്രമായി മാറ്റിവച്ചിരിക്കുന്നു. ഈ നൊവേന ദുഃഖവെള്ളിയാഴ്ച ആരംഭിച്ച് പുതുഞായറാഴ്ച അവസാനിക്കുന്നു. പുതുഞായറാഴ്ച ദൈവകരുണയുടെ തിരുനാളായി പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ.

ശുദ്ധീകരണസ്ഥലത്തെയും ആത്മാക്കളെയും കുറിച്ച് വെളിപ്പെടുത്തലുകൾ നൽകിയ ഈശോ ഒരു ദർശനത്തിലൂടെ നരകവും ഫൗസ്റ്റീനയ്ക്ക് കാണിച്ചുകൊടുത്തതായി തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'ഡിവൈൻ മേഴ്സി ഇൻ മൈ സോൾ' എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിലെ (Book II)ൽ 159 മുതൽ 162 വരെയുള്ള പേജുകളുടെ യഥാർത്ഥ തർജ്ജിമയിലൂടെ താഴെ ഇത് വിവരിക്കുന്നു.



''ഒരു ദിവസം എന്നെ ഒരു മാലാഖ നരകത്തിന്റെ ഉള്ളറകളിലേക്ക് കൂട്ടികൊണ്ടുപോയി. കഠിനമായ വേദനകളുടേയും ദണ്ഡനങ്ങളുടെയും ഒരു സ്ഥലമായിരുന്നു അത്. ഒപ്പം അത് വളരെ ഭയാനകവും, വിസ്തൃതവുമായിരുന്നു. ഒന്നാമതായി ദൈവത്തെ തീർത്തും നഷ്ടപ്പെട്ട ഒരു അവസ്ഥ ആത്മാവ് അവിടെ അനുഭവിക്കുന്നു. രണ്ടാമതായി അവിടെയുള്ള ആത്മാക്കളുടെ മനഃസാക്ഷിയിൽ ഒരിക്കലും അവസാനിക്കാത്ത മനോവേദന അനുഭവപ്പെടുന്നു. ആത്മാവിന്റെ ഇത്തരം അവസ്ഥയ്ക്ക് ഒരു മാറ്റവും ഉണ്ടാകുന്നില്ല എന്നുള്ളതാണ് മൂന്നാമതായുള്ളത്. നാലാമതായി ആത്മാവിനെ ഇല്ലാതാക്കാതെതന്നെ അതിന്റെ ഉള്ളിലേക്ക് അഗ്നി തുളച്ചുകയറുന്ന അനുഭവം, അതായത് ഭയാനകവും ഭീകരവുമായ ക്ലേശവും വേദനയും. അതിന് കാരണം അത് ദൈവകോപത്താൽ കത്തപ്പെട്ട തികച്ചും ആത്മീയമായ അഗ്നി ആയതിനാലാണ്. അഞ്ചാമത്തെ ദണ്ഡനം അനസ്യൂതമായ (തുടർച്ചയായുള്ള) അന്ധകാരവും കഠിനമായ ശ്വാസം മുട്ടിക്കുന്ന ദുർഗന്ധവും. അവിടെ അന്ധകാരമാണെങ്കിലും പിശാചുക്കളും ശപിക്കപ്പെട്ടവരും കുറ്റം ചുമത്തപ്പെട്ടവരുമായ ആത്മാക്കൾക്കും തമ്മിൽ തമ്മിൽ കാണുവാൻ സാധിക്കും എന്നുള്ളതാണ് അവിടുത്തെ പ്രത്യേകത. അവർ അവരുടെ തന്നെയും, അവിടെയുള്ള മറ്റുള്ളവരുടെയും ദുഷ്ടതകളും തിന്മകളും പാപങ്ങളും കണ്ടുകൊണ്ടിരിക്കുന്നു. ആറാമത്തെ ദണ്ഡനം സാത്താനുമായുള്ള അവരുടെ നിത്യമായുള്ള സഹവാസമാണ്. നൈരാശ്യം, ദൈവത്തോടുള്ള വെറുപ്പ്, നീചമായ വാക്കുകൾ, ദൈവനിന്ദ, ശാപവാക്കുകൾ തുടങ്ങിയ അവസ്ഥകളിലൂടെ ആത്മാവ് കടന്നുപോകുന്നു. ഏഴാമത്തെ ദണ്ഡനം അവിടെയുള്ള എല്ലാ ആത്മാക്കളും മേൽ വിവരിച്ച അവസ്ഥകളിലൂടെ കടന്നുപോകുന്നു എന്നു മാത്രമല്ല, ഈ അവസ്ഥ ഒരിക്കലും അവസാനിക്കുന്നില്ല എന്നുള്ളതുമാണ്. ഇതിൽ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട ആത്മാക്കൾക്കുവേണ്ടി പ്രത്യേകമായ ദണ്ഡനങ്ങൾ തീരുമാനിക്കപ്പെട്ടിട്ടുണ്ട്. പഞ്ചേന്ദ്രിയങ്ങളുടെ പീഢകളും, വേദനകളും

ഇതിൽ ഉൾപ്പെടുന്നു. ഏതുരീതിയിലുള്ള പാപപ്രവൃത്തികളാണോ ചെയ്തത് അതിനുയോജിച്ച വിധത്തിൽ ഓരോ ആത്മാവും ഭീകരത നിറഞ്ഞതും വിവരിക്കാൻ പറ്റാത്ത വിധത്തിലുള്ള സഹനങ്ങളിലൂടെയും പീഢകളിലൂടെയും കടന്നുപോകുന്നു. പലതരത്തിലുള്ള ദണ്ഡനങ്ങളും, പീഢനങ്ങളും നിറഞ്ഞ വലിയ ഗുഹകളും, കുഴികളും അവിടെ കണ്ടു. അവ ഓരോന്നിലുമുള്ള തീവ്രവേദനകൾ ഒന്നിൽ നിന്നും മറ്റൊന്നിനേക്കാൾ വ്യത്യസ്ഥമാണ്. സർവ്വശക്തനായ ദൈവത്തിന്റെ സർവ്വശക്തിയും എന്നെ താങ്ങിയിരുന്നില്ലെങ്കിൽ ഈ പീഢാസഹനങ്ങളുടെ കാഴ്ചകൾ ഒരു നോക്കുകണ്ടപ്പോൾ തന്നെ ഞാൻ മരിച്ചു പോകുമായിരുന്നു. തന്റെ ഇന്ദ്രീയങ്ങൾ ഉപയോഗിച്ചു ചെയ്തിട്ടുള്ള പാപങ്ങൾക്ക് ഇവിടെ എത്തിച്ചേരുന്ന ഒരു പാപി മരണാനന്തരജീവിതകാലം മുഴുവൻ ഈ പീഢകൾ സഹിക്കേണ്ടിവരുമെന്ന് മനസ്സിലാക്കിയിരിക്കട്ടെ. ദൈവം ആജ്ഞാപിച്ചതുകൊണ്ടാണ് ഞാൻ ഇപ്പോൾ കണ്ടതൊക്കെ എഴുതുന്നത്. ഇതുമൂലം നരകം എന്നൊരു സ്ഥലമില്ല എന്നു പറഞ്ഞ് ഒരാത്മാവിനും ഒഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല. അല്ലെങ്കിൽ അവിടെ ആരും പോയിട്ടില്ലെന്നോ, അതിനാൽ അത് എപ്രകാരമായിരിക്കുമെന്ന് പറയുവാൻ സാധിക്കുകയില്ലെന്നോ, എന്നൊക്കെ ആരും പറയാതിരിക്കാൻ വേണ്ടിയാണിത്.

സിസ്റ്റർ ഫൗസ്റ്റീനയായ ഞാൻ, ദൈവം കല്പിച്ചതനുസരിച്ച് നരകത്തിന്റെ അഗാധതകൾ സന്ദർശിക്കാൻ ഇടയാകുകയും , അങ്ങനെയൊരു സ്ഥലം യഥാർത്ഥത്തിൽ ഉണ്ടെന്നും, അതേപ്പറ്റി ജീവിച്ചിരിക്കുന്ന മനുഷ്യാത്മാക്കളോട് പറഞ്ഞു മനസ്സിലാക്കുവാനും കൂടിയാണ് ഇപ്രകാരം സംഭവിച്ചത്. ഇത് എഴുതുമ്പോൾ അതേപ്പറ്റി പറയുവാൻ സാധിക്കുന്നില്ലെങ്കിലും എഴുതുവാൻ ദൈവം എന്നോട് ആജ്ഞാപിച്ചു. ഇതുമൂലം പിശാചുക്കൾ എന്നെ വളരെയധികം വെറുത്തെങ്കിലും ദൈവത്തിന്റെ ആജ്ഞക്ക് മുമ്പിൽ അവർക്ക് എന്നെ അനുസരിക്കേണ്ടതായി വന്നു. ഞാൻ യഥാർത്ഥമായി കണ്ട



നരകത്തിന്റെ ഒരു മങ്ങിയ നിഴൽ മാത്രമാണ് ഇവിടെ വിവരിക്കുന്നത്. നരകവും ഇത്തരം അവസ്ഥകളും ഇല്ലായെന്ന് വിശ്വസിച്ചിരുന്ന ആത്മാക്കളെയാണ് വളരെ കൂടുതലായി അവിടെ കാണുവാൻ കഴിഞ്ഞതെന്ന് എനിക്ക് മനസ്സിലായി. ഞാൻ മടങ്ങിയെത്തിയപ്പോൾ ഇതൊക്കെ കണ്ടതുമൂലമുണ്ടായ ഭീതിയിൽ നിന്നും ഒട്ടും തന്നെ വിമുക്തമായിട്ടില്ലായിരുന്നു. ആത്മാക്കൾ എത്രയധികം ഭയാനകമായ വിധത്തിൽ അവിടെ (നരകത്തിൽ) സഹിക്കുകയും, ക്ലേശിക്കുകയും പീഢിപ്പിക്കപ്പെടുകയും ചെയ്യുന്നു!

ഈ ദർശനം കണ്ടതിനെ തുടർന്ന് വളരെ കൂടുതൽ തീക്ഷ്ണമായി പാപികളുടെ മാനസാന്തരത്തിനു വേണ്ടി ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. ഈ വിവരണത്തിലൂടെ ശുദ്ധീകരണസ്ഥലവും നരകവും തമ്മിലുള്ള വ്യത്യാസം ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി മാത്രമാണ് ഈ ഭാഗം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# 4

# ശുദ്ധീകരണാത്മാക്കളെ സ്നേഹിച്ച എവുപ്രാസിയമ്മയും, മറിയം ത്രേസ്യായും

## വാഴ്ത്തപ്പെട്ട എവുപ്രാസിയമ്മയും ശുദ്ധീകരണാത്മാക്കളും

ദൈവത്തിന്റെ പ്രത്യേക അനുമതിയോടുകൂടി ചില ശുദ്ധീകരണാത്മാക്കൾ തന്നെ സന്ദർശിച്ചിരുന്നതായി വാഴ്ത്തപ്പെട്ട എവുപ്രാസിയമ്മ വെളിപ്പെടുത്തുന്നു. 1906, ഡിസംബർ മാസം രണ്ടും, മൂന്നും തീയ്യതികളിലായി ചില ശുദ്ധീകരണാത്മാക്കൾ തന്നെ സന്ദർശിച്ചു പ്രാർത്ഥനാ സഹായം യാചിച്ചു. കഠിനമായ വേദനതങ്ങൾ അനുഭവിക്കുന്നുവെന്നും, ദൈവത്തെ കാണുവാൻ കഴിയാത്തതിലുള്ള ദുഃഖം തങ്ങൾക്കു സഹിക്കാൻ പറ്റുന്നില്ലെന്നും അവർ അറിയിച്ചു.

ശുദ്ധീകരണാത്മാക്കളുടെ ഓർമ്മ ആചരിക്കുന്ന നവംബർ മാസം ധാരാളം ആത്മാക്കൾ തന്നെ സന്ദർശിച്ചിരുന്നതായും അവർക്കുവേണ്ടി താൻ നിരന്തരം പ്രാർത്ഥിച്ചിരുന്നുവെന്നും എവുപ്രാസിയമ്മ പറയുന്നു. പ്രത്യേകിച്ച് താനുമായോ, മഠവുമായോ ബന്ധപ്പെട്ടവർ മരിച്ചു കഴിയുമ്പോൾ തന്നെ സന്ദർശിക്കുവാൻ ദൈവം അനുമതി നൽകിയിരുന്നതായും അവർ പറഞ്ഞു. എവുപ്രാസിയമ്മക്ക് ഉറക്കക്കുറവുള്ളതിനാൽ രാത്രി മുഴുവൻ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി ജപമാല ചൊല്ലി കാഴ്ചവെക്കാറുണ്ടായിരുന്നു എന്ന് തന്നോടൊപ്പമുണ്ടായിരുന്ന മറ്റു സിസ്റ്റേഴ്സും പറയുന്നു.

എവുപ്രാസിയമ്മയോടൊപ്പം ഒരു മുറിയിൽ കഴിഞ്ഞിരുന്ന ഒരു സിസ്റ്റർ തന്റെ അനുഭവം ഇങ്ങനെ പങ്കുവെക്കുന്നു. തന്റെ അമ്മ മരിച്ചതിനുശേഷം ഒരു ദിവസം എവുപ്രാസിയമ്മയോടൊപ്പം ജപമാല ചൊല്ലിക്കൊണ്ടിരുന്നപ്പോൾ അശ്രദ്ധയോടെ താൻ വെളിയിലേക്ക് നോക്കിക്കൊണ്ടിരുന്നു. ഉടനെ എവുപ്രാസിയമ്മ തന്നെ വിളിച്ചിട്ട് തന്റെ മരിച്ചുപോയ അമ്മ, പ്രാർത്ഥനാ സഹായം യാചിച്ചുകൊണ്ട് അവിടെ നിൽക്കുന്നതായി പറഞ്ഞു. ഇതു മനസ്സിലാക്കിയ സിസ്റ്റർ ഭക്തിയോടുകൂടി ജപമാല ചൊല്ലുവാൻ തുടങ്ങി. ഇതുപോലെ തന്നെ ഒല്ലൂർ മഠത്തിലുണ്ടായിരുന്ന സിസ്റ്റർ മൈക്കിൾ തന്റെ പിതാവിന്റെ മരണശേഷം എവുപ്രാസിയമ്മയോടൊപ്പം ജപമാല പ്രാർത്ഥനക്ക് കൂടിയിട്ടുണ്ട്. കൊന്തയുടെ ഒരു രഹസ്യം ചൊല്ലി കഴിഞ്ഞപ്പോൾ എവുപ്രാസിയമ്മയിൽ ചില ഭാവഭേദങ്ങൾ സിസ്റ്റർ മൈക്കിൾ ശ്രദ്ധിച്ചു. ജപമാല ചൊല്ലി തീർന്നതിനുശേഷം തന്റെ പിതാവിന്റെ ഫോട്ടോ കാണിച്ചു കൊടുക്കുവാൻ എവുപ്രാസിയമ്മ ആവശ്യപ്പെട്ടു. അടുത്ത ദിവസം ഇവർ രണ്ടുപേരും ചേർന്ന് ജപമാല ചൊല്ലിയപ്പോൾ തലേന്ന് സംഭവിച്ചതുപോലെ ചില ശുദ്ധീകരണാത്മാക്കൾ വന്നിരുന്നു. അക്കൂട്ടത്തിൽ തന്റെ പിതാവും ഉണ്ടായിരുന്നതായി എവുപ്രാസിയമ്മ വെളിപ്പെടുത്തിയതായി സിസ്റ്റർ മൈക്കിൾ പറയുന്നു.

1932 -ൽ എവുപ്രാസിയമ്മയോട് അടുപ്പമുണ്ടായിരുന്ന കുഞ്ഞന്ന എന്ന സ്ത്രീ, മരിച്ചു പോയ തന്റെ പിതാവിനുവേണ്ടി പ്രാർത്ഥനാ



സഹായം ചോദിച്ചു. പ്രാർത്ഥിച്ചതിനുശേഷം, വി.കുർബ്ബാന കൂടാതെ തന്റെ കഷ്ടപാടുകളും ചെയ്യുന്ന ജോലികളുമെല്ലാം അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി കാഴ്ചവെക്കുവാൻ എവുപ്രാസിയമ്മ ആവശ്യപ്പെട്ടു. അപ്രകാരം ചെയ്ത കുഞ്ഞന്ന കുറച്ചു കാലത്തിനുശേഷം എവുപ്രാസിയമ്മയോട് തന്റെ പിതാവിന്റെ അവ്സഥയെക്കുറിച്ച് അന്വേഷിച്ചപ്പോൾ മറുപടി ഒന്നും പറയാതെ ഒന്നു മന്ദഹസിക്കുക മാത്രം ചെയ്തു. ഇത് തന്റെ പിതാവ് നിത്യതയിലെത്തി എന്നുള്ളതിന്റെ സൂചന ആയിരുന്നുവെന്ന് അവൾ സാക്ഷ്യപ്പെടുത്തി.

ഒരിക്കൽ സിസ്റ്റർ മെറ്റിൽഡാ മരിച്ചുപോയ തന്റെ വല്യപ്പന്റെ മകൻ അന്തോണിക്കുവേണ്ടി പ്രാർത്ഥനാ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹത്തിന്റെ ആത്മാവിന് എന്തു സംഭവിച്ചു എന്ന് അറിയുവാനായിരുന്നു സിസ്റ്ററിന്റെ ആഗ്രഹം. രണ്ടുപേരും ചേർന്ന് പള്ളിയിലിരുന്ന് ഈ വിഷയം ജപമാലയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അന്തോണിയുടെ ആത്മാവ് പള്ളിയിൽ നിൽക്കുന്നതായി എവുപ്രാസിയമ്മ കണ്ടു. അദ്ദേഹത്തെ കണ്ട സ്ഥലവും ധരിച്ചിരുന്ന വേഷവുമെല്ലാം എവുപ്രാസിയമ്മ കൃത്യമായി പറഞ്ഞു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ സ്ഥിരമായി നിന്നിരുന്ന സ്ഥലവും വസ്ത്രധാരണ രീതിയും എല്ലാം കൃത്യമായി എവുപ്രാസിയമ്മ പറഞ്ഞപ്പോൾ സിസ്റ്ററിനു വിശ്വാസമായി. അദ്ദേഹം ശുദ്ധീകരണസ്ഥലത്താണെന്നും, നീണ്ട ശുദ്ധീകരണമുണ്ടെന്നും എവുപ്രാസിയമ്മ അറിയിച്ചു. അന്നു മുതൽ തന്നോടൊപ്പം ഈ സിസ്റ്ററും മരിച്ചുപോയവർക്കുവേണ്ടി ജപമാല ചൊല്ലുവാൻ അതീവതാല്പര്യം പ്രകടിപ്പിച്ചിരുന്നതായി എവുപ്രാസിയമ്മ പറയുന്നു.

1906, ഡിസംബർ 26-ാം തീയതി മേനാച്ചേരി പിതാവിന് എവുപ്രാസിയമ്മ എഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു. രണ്ടു ദിവസം അടുപ്പിച്ച് തന്റെ മുറിയുടെ വാതിലിൽ മുട്ടും, തട്ടും, കരച്ചിലും കേട്ടു. രാത്രി ഒരു മണി സമയം തന്റെ തലയിണമേൽ ആരോ തട്ടിയപ്പോൾ താൻ പേടിച്ചുപോയി. ഉടനെ ഒരാളിന്റെ ശബ്ദം കേട്ടു. താൻ ഈശോയുടെ ബിയാട്രിസ് ആണെന്നും ശുദ്ധീകരണസ്ഥലത്തേക്ക് തന്നെ സർവ്വേശ്വ

രൻ അയച്ചിരിക്കുന്നു എന്നും പറഞ്ഞു. അവിടെ കഠിനവേദന അനുഭവിക്കുന്ന നിങ്ങളുടെ സഹോദരിയായ, തന്റെ മേൽ കനിവ് തോന്നേണമെയെന്ന് അപേക്ഷിച്ചു. നിങ്ങൾ പ്രാർത്ഥിച്ചാൽ അവിടുത്തെ ശിക്ഷയുടെ കാലാവധി കുറച്ചു കിട്ടുമെന്നും പറഞ്ഞു. ദൈവത്തിന്റെ അനുവാദം ലഭിച്ചതുമൂലമാണ് ശുദ്ധീകരണസ്ഥലത്തുനിന്നും ഇവിടെ എത്താൻ കഴിഞ്ഞതെന്നും തന്നെ ബന്ധിച്ചിരുന്ന തുടൽ കാണിച്ചു തരാമെന്നും ശുദ്ധീകരണാത്മാവ് പറഞ്ഞു. അവർ ഒരു ചങ്ങല തന്റെ കയ്യിൽ വെച്ചുകൊടുക്കുയും അപ്പോൾ തന്റെ കൈയ്യിൽ പൊള്ളലനുഭവപ്പെട്ടതായും എവുപ്രാസിയമ്മ പറയുന്നു. അവിടെയുള്ള മറ്റുള്ളവരോടുകൂടിയും തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പറയുവാൻ ഏല്പിച്ചിട്ട് ആത്മാവ് അപ്രത്യക്ഷയായി. ഈ വിവരങ്ങൾ എവുപ്രാസിയമ്മ തന്റെ ശ്രേഷ്ഠത്തിയമ്മയെ അറിയിച്ചു. അടുത്ത ദിവസം ശ്രേഷ്ഠത്തിയമ്മയുടെ മുറിയിലാണ് എവുപ്രാസിയമ്മ കിടന്നത്. പതിവുപോലെ മുട്ടും തട്ടും തുടർന്നു. ശ്രേഷ്ഠത്തിയമ്മ കുരിശുവരച്ച് ഹന്നാൻ വെള്ളം തളിച്ചുകൊണ്ട് ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയിച്ചു. താൻ പന്ത്രണ്ടു ദിവസം ഇവിടെവന്ന് പ്രാർത്ഥനയാചിക്കണമെന്നുള്ള കല്പന ദൈവത്തിൽനിന്നും പരിശുദ്ധ അമ്മയിൽ നിന്നും ലഭിച്ചതുമൂലമാണ് ഇങ്ങനെ വരുന്നതെന്ന് അറിയിച്ചു. എന്ത് തെറ്റിനാണ് ശുദ്ധീകരണം അനുഭവിക്കുന്നത് എന്ന ശ്രേഷ്ഠത്തിയമ്മയുടെ ചോദ്യത്തിന് തന്റെ അമിത സ്വാതന്ത്ര്യത്തിനും പരസ്നേഹം, ദാരിദ്ര്യവൃതം എന്നിവയ്ക്ക് വിരുദ്ധമായ തന്റെ പ്രവർത്തനങ്ങൾ മൂലമാണെന്നും ശുദ്ധീകരണാത്മാവ് മറുപടി നൽകി. കടമകൾ വേണ്ട വിധത്തിൽ ചെയ്യാതിരുന്നതും, ചിലത് സാരമില്ലെന്ന മട്ടിൽ തള്ളിക്കളഞ്ഞതും ഇതിന് കാരണമായി. നിങ്ങൾക്കെങ്കിലും ഇതുപോലെ ഒരു അബദ്ധം പറ്റാതിരിക്കാൻ വേണ്ടിയാണ് താനിത് അറിയിക്കുന്നതെന്നും കുറച്ചുകാലം കൂടി ശുദ്ധീകരണമുണ്ടെന്നും അറിയിച്ചിട്ട് ആത്മാവ് അപ്രത്യക്ഷമായി. 24-05-1900 -ൽ ഒല്ലൂർ മഠം സ്ഥാപിതമായപ്പോൾ അമ്പഴക്കാട്ടു നിന്നുംവന്നവരിൽ വൃതവാഗ്ദാനം ചെയ്തിരുന്ന ഏക കന്യാസ്ത്രീയായിരുന്നു മദർ ബിയാട്രിസ്. തന്റെ ജീവിത കാലം മുഴുവൻ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി



പ്രാർത്ഥിച്ചിരുന്നുവെന്നും, നിങ്ങൾ ഒക്കെ തന്റെ മാത്രമാണെങ്കിൽ എല്ലാ ദിവസവും ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ എവുപ്രാസിയമ്മ അഭ്യർത്ഥിക്കുന്നു. ഒപ്പം നിത്യരക്ഷ നേടുന്നതിനുള്ള ഒരു തുറപ്പുചീട്ടാണ് ശുദ്ധീകരണാത്മാക്കളോടുള്ള ഭക്തിയെന്ന് എവുപ്രാസിയമ്മ നമ്മെ ഓർമ്മിപ്പിക്കുന്നു.

"മരണം വരുമൊരുനാൾ
ഓർക്കുക മർത്യാ നീ
കൂടെ പോരും നിൻ
ജീവിത ചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ
അലസത കൂടാതെ"

ഈ ഗാനം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതുതന്നെയല്ലേ?

## വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായും ശുദ്ധീകരണാത്മാക്കളും

എവുപ്രാസിയമ്മയെപ്പോലെ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായും ശുദ്ധീകരണാത്മാക്കളെ പ്രത്യേകം സ്നേഹിച്ചിരുന്നു. താൻ കാഴ്ചവെച്ചിട്ടുള്ള ജപമാല പ്രാർത്ഥനകളും, ദണ്ഡവിമോചനങ്ങളും ശുദ്ധീകരണാത്മാക്കളുടെ ശിക്ഷയുടെ കാലാവധി കുറയ്ക്കുവാനും അവരെ നിത്യതയിൽ എത്തിക്കുവാനും സഹായകമായതായി വാഴ്ത്തപ്പെട്ട മറിയം ത്രേസ്യാ വെളിപ്പെടുത്തുന്നു.

ഒരിക്കൽ ഒരു ക്യാൻസർ രോഗി മരിക്കാറായി കിടക്കുകയാണെന്ന് മനസ്സിലാക്കിയ മറിയം ത്രേസ്യാ അദ്ദേഹത്തെ സന്ദർശിച്ചു. മരിക്കാറായ വസൂരിരോഗികളെ വളരെയധികം പീഢിപ്പിച്ചിട്ടുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. മരണക്കിടക്കയിലായിരുന്ന അദ്ദേഹത്തെ ധാരാളം പിശാചുക്കൾ പൊതിഞ്ഞിരുന്നതായി വിശുദ്ധയ്ക്ക് കാണുവാൻ കഴിഞ്ഞു. അവർ അദ്ദേഹത്തെ താൻ ചെയ്ത ദുഷ്പ്രവൃത്തികൾ കാണിച്ചിട്ട് അപഹസിക്കുകയും അയാളിൽ നിരാശ ജനിപ്പിക്കുകയും ചെയ്തു.

അദ്ദേഹത്തിനുവേണ്ടി സിസ്റ്റർ ജപമാല ചൊല്ലുകയും 'ഈശോ' എന്ന് തുടർച്ചയായി പറയുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. എങ്കിലും ഈശോയുടെ തിരുനാമം ഏറ്റുപറയുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അടുത്ത ദിവസം അവിടെ എത്തിയ സിസ്റ്റർ അദ്ദേഹത്തിന്റെ ഭാര്യയോട് ശുദ്ധീകരണസ്ഥലത്തെ ആരുമില്ലാത്ത ആത്മാക്കൾക്കുവേണ്ടി ഒരു വി.കുർബാന ചൊല്ലിക്കാമോ എന്ന് ചോദിക്കുകയും, അതിന് അവർ സമ്മതിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തിന്റെ കാതിൽ "ഈശോ, മറിയം, യൗസേപ്പേ ഈ ആത്മാവിന് കൂട്ടായിരിക്കണമേ" എന്ന ജപം പലതവണ അദ്ദേഹത്തിന്റെ കാതിൽ സിസ്റ്റർ ചൊല്ലികൊടുക്കുകയും അദ്ദേഹം മരിക്കുകയും ചെയ്തു. പിന്നീട് തിരുകുടുംബം മാലാഖമാരെ അയക്കുന്നതായും അവർ അദ്ദേഹത്തിന്റെ ആത്മാവിനെ രക്ഷയുടെ കവാടത്തിലേക്ക് അയക്കുന്നതായും സിസ്റ്ററിന് ദർശനമുണ്ടായി.

മറ്റൊരു ദിവസം ഒരു ശുദ്ധീകരണാത്മാവ് തന്നെ സന്ദർശിച്ചിട്ട് ഏഴു വർഷമായി താൻ ശുദ്ധീകരണസ്ഥലത്ത് കഷ്ടപ്പെടുകയാണെന്നും, സഹായിക്കുവാൻ ആരുമില്ലെന്നും, അതിനാൽ ഒരു വി.കുർബാന ചൊല്ലി സമർപ്പിക്കണമെന്നും അപേക്ഷിച്ചു. ഈ വിവരം മറിയം ത്രേസ്യ തന്റെ ആത്മീയ പിതാവിനെ അറിയിക്കുകയും ചെയ്തു. വി.കുർബാനയോടൊപ്പം ജപമാല പ്രാർത്ഥനയും ദണ്ഡവിമോചനങ്ങളും സിസ്റ്റർ കാഴ്ച വെച്ചു. വി.കുർബ്ബാന അർപ്പിച്ചതിന്റെ എട്ടാംദിവസം ശനിയാഴ്ച ഈ ആത്മാവ് മഹത്വത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് പോകുന്നതായി തനിക്ക് ദർശനം ലഭിച്ചു.

1905- ൽ, മരണാസന്നനായ ഒരു വൃദ്ധനെ സന്ദർശിച്ചു മറിയം ത്രേസ്യാ ശുശ്രൂഷകൾ നൽകിയിരുന്നു. താൻ നൽകിയ ആത്മീയ ഉപദേശങ്ങൾ അദ്ദേഹത്തിന് സ്വീകാര്യമായിരുന്നില്ല. അദ്ദേഹം മരിക്കുന്നതിന്റെ തലേദിവസം സിസ്റ്റർ അദ്ദേഹത്തെ സന്ദർശിക്കുകയും നല്ല മരണം ലഭിക്കുന്നതിനുവേണ്ടി മാതാവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. പൂർണ്ണബോധമില്ലാത്ത അവസ്ഥയിലായിരുന്ന അദ്ദേഹത്തിന്റെ ഒരു വശത്ത് പിശാചുക്കളും മറുവശത്ത് മാലാഖമാരും നിന്നിരുന്നു.



ദൈവത്തിൽ ശരണപ്പെടുവാനും പാപങ്ങളെക്കുറിച്ച് അനുതപിക്കുവാനും മാലാഖമാർ ഉപദേശിച്ചപ്പോൾ, പിശാചുക്കൾ അദ്ദേഹം ചെയ്ത പാപങ്ങൾ ഒരോന്നായി കാണിച്ചുകൊടുക്കുവാൻ തുടങ്ങി. ഇതുകണ്ട് നിരാശനായ അദ്ദേഹത്തിനുവേണ്ടി സിസ്റ്റർ പ്രാർത്ഥിക്കുവാൻ തുടങ്ങി. പിശാചുക്കൾ തെളിവുകൾ നിരത്തി അദ്ദേഹത്തിന്റെ മേൽ അവകാശവാദം ഉന്നയിച്ചപ്പോൾ മാലാഖമാരും വിട്ടില്ല. അദ്ദേഹം ശനിയാഴ്ചകളിൽ ദിവ്യബലിയിൽ സംബന്ധിച്ചിരുന്നതായി അവർ അവകാശപ്പെട്ടു. ഇതുകേട്ട പിശാചുക്കൾ തെളിവുകൾ ഉപയോഗിച്ച് അദ്ദേഹം ഈ ബലികളിൽ പങ്കെടുത്തത് ശുദ്ധമായ നിയോഗത്തോടെ ആയിരുന്നില്ലെന്നും തന്റെ സൽപ്പേരിനു മാത്രമായിരുന്നുവെന്നും വാദിച്ചു. ഈ സത്യത്തിന്റെ മുമ്പിൽ മാലാഖമാർ നിശബ്ദരായി. മറിയം ത്രേസ്യാ തന്റെ ആത്മീയ പിതാവിനെ വരുത്തി മരണാസന്നർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ചൊല്ലിപ്പിച്ചു. സുബോധമില്ലാതെ കിടന്ന അദ്ദേഹം അനുതപിക്കുകയോ പാപങ്ങൾ ഏറ്റുപറയുകയോ ചെയ്തില്ല. രോഗിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പറഞ്ഞേൽപ്പിച്ചിട്ട് വൈദീകൻ മടങ്ങി. സിസ്റ്റർ പ്രത്യാശയോടെ 153 മണി ജപം ചൊല്ലി അദ്ദേഹത്തിനു വേണ്ടി കാഴ്ചവെച്ചു. അധികം താമസിക്കാതെ അനുതപിക്കാത്ത അദ്ദേഹത്തിന്റെ സമീപത്തേക്ക് ഈശോ വിധിയാളനായി കടന്നു വരുന്നത് സിസ്റ്റർ കണ്ടു. പെട്ടെന്ന് പരിശുദ്ധ അമ്മ അവിടെ എത്തി, അദ്ദേഹത്തിനുവേണ്ടി കരുണക്കായി യാചിച്ചു. ശനിയാഴ്ചകളിൽ വി.കുർബ്ബാനകളിൽ സംബന്ധിച്ചിരുന്ന അദ്ദേഹത്തെ ശിക്ഷിക്കുകയോ, തന്നിൽ ആശ്രയിക്കുന്നവരെ ഉപേക്ഷിക്കുകയോ ചെയ്യരുതേയെന്ന് അമ്മ അപേക്ഷിച്ചു. രോഗിയുടെ സമീപത്തേക്ക് അമ്മ കടന്നു വന്നപ്പോൾ പിശാചുക്കൾ ഭയന്നു മാറി. രോഗിയുടെ കാതിൽ മനസ്താപത്തിനുവേണ്ട കാര്യങ്ങൾ പരിശുദ്ധ അമ്മ പറഞ്ഞുകൊടുത്തു. ഉടനെ രോഗി തന്റെ മഹാപാപങ്ങളെ ഓർത്ത് അനുതപിക്കുവാൻ തുടങ്ങി. നല്ലൊരു മരണം അദ്ദേഹത്തിന് ലഭിച്ചു.ഏതാനും ദിവസങ്ങൾക്ക് ശേഷം അദ്ദേഹം സിസ്റ്ററിന് ദർശനം നൽകി. താൻ ശുദ്ധീകരണസ്ഥലത്താണെന്നും, നീണ്ടകാലം ശുദ്ധീകരണമുണ്ടെന്നും അറിയിച്ചു. തുടർന്നു പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചുകൊണ്ട് ആത്മാവ് അപ്രത്യക്ഷമായി.

പരിശുദ്ധ അമ്മയുടെ അമലോത്ഭവ വിശ്വാസസത്യപ്രഖ്യാപന ത്തിന്റെ സുവർണ്ണ ജൂബിലി ദിവസമായിരുന്നല്ലോ 1904, ഡിസംബർ 8-ാം തീയതി. അതിനോടനുബന്ധിച്ച് ഇടവകപള്ളിയിൽ ധ്യാനത്തിന് താൻ പങ്കെടുക്കുകയായിരുന്നു. ധ്യാനം കഴിഞ്ഞതിന്റെ അടുത്ത ദിവസം രാത്രി പ്രഭാപൂരിതയായ ഒരു ശുദ്ധീകരണാത്മാവ് തനിക്ക് ദർശനം നൽകി, ഇങ്ങനെ അറിയിച്ചു. ത്രേസ്യാക്ക് നന്ദി പറയുവാനാണ് താൻ എത്തിയ തെന്നും ധ്യാനത്തിൽ പങ്കെടുക്കുകയും ജൂബിലിയുടെ ദണ്ഡവിമോചനം നേടിയെടുത്ത് ശുദ്ധീകരണാത്മാക്കൾക്ക് കാഴ്ചവെച്ചതിന്റെ ഫലം തനിക്ക് ലഭിച്ചതായും ആത്മാവ് വെളിപ്പെടുത്തി.

ഏകദേശം ഇരുപത് വർഷമായി താൻ ശുദ്ധീകരണസ്ഥലത്ത് ആയി രുന്നുവെന്നും ഇന്നേ ദിവസം താൻ നിത്യതയിലേക്ക് എടുക്കപ്പെടുക യാണെന്നും നന്ദിയോടുകൂടി ആത്മാവ് ഓർമ്മപ്പെടുത്തി. സ്വർഗ്ഗഭാഗ്യം എളുപ്പം കരസ്ഥമാക്കുവാനുള്ള ഒരു സുഗമമായ മാർഗ്ഗമാണ് ആരോരു മില്ലാത്ത ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത്. ദിവ സവും ഒരു ചെറിയ ത്യാഗമെങ്കിലും ചെയ്ത് അവർക്കുവേണ്ടി കാഴ്ചവെയ്ക്കുവാൻ മറിയം ത്രേസ്യാ നമ്മെ ആഹ്വാനം ചെയ്യുന്നു.

ഒരിക്കൽ ഒരു വൈദീകന്റെ ആത്മാവ് മറിയം ത്രേസ്യായ്ക്ക് ദർശനം നൽകി. താൻ ശുദ്ധീകരണസ്ഥലത്ത് വളരെയധികം കഷ്ടപ്പെടുന്നതായി അദ്ദേഹം അറിയിച്ചു. ഭാരമേറിയ ചങ്ങലകളാൽ ബന്ധിതനായിട്ടാണ് അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞത്. തന്റെ ആത്മീയ പിതാവ് സമീപ ത്തുണ്ടായിരുന്നതിനാൽ അദ്ദേഹത്തോട് ഈ വിവരം സിസ്റ്റർ പറഞ്ഞു. എന്താണ് ചെയ്തു തരേണ്ടതെന്ന് ചോദിക്കുവാൻ അദ്ദേഹം മറിയം ത്രേസ്യായോട് പറഞ്ഞു. ശുദ്ധീകരണസ്ഥലത്ത് തനിക്ക് ഏകദേശം അഞ്ച് വർഷങ്ങളോളം കഴിയേണ്ടിവരുമെന്നും, അതിന്റെ കാലാവധി കുറച്ചു കിട്ടുവാൻ തന്നെ സഹായിക്കണമെന്നും ശുദ്ധീകരണാത്മാവ് അഭ്യർത്ഥി ച്ചു. അന്നു മുതൽ പ്രായ്ശ്ചിത്തപ്രവൃത്തികൾ, വിശുദ്ധകുർബാന, ദണ്ഡവിമോചനം എന്നിവ വഴി സിസ്റ്റർ അദ്ദേഹത്തെ സഹായിക്കുവാൻ തുടങ്ങി. പിന്നീട് രണ്ടു പ്രാവശ്യം അദ്ദേഹത്തിന്റെ ആത്മാവ് ദർശനം നൽകി. അപ്പോൾ അദ്ദേഹം ബന്ധന വിമുക്തനായി കാണപ്പെട്ടു. സിസ്റ്റർ



തനിക്കുവേണ്ടി ചെയ്തകാര്യങ്ങൾ വഴിയായി തനിക്ക് ആശ്വാസം ലഭി ച്ചതായും അധികം താമസിക്കാതെ നിത്യതയിൽ എത്തിച്ചേരുമെന്നും പ്രത്യാശിക്കുന്നതായി പറഞ്ഞു.

ശുദ്ധീകരണാത്മാക്കളെക്കുറിച്ച് ചിന്തിക്കുകയും, വി.കുർബ്ബാന, ദാന ധർമ്മങ്ങൾ, പ്രാർത്ഥനകൾ ഇവ വഴി ഒരാത്മാവിനെയെങ്കിലും നിത്യത യിലേക്ക് കടത്തിവിടുവാൻ സഹായിക്കുന്നവർ ഭാഗ്യവാന്മാർ. എന്തെ ന്നാൽ അവരുടെ ആത്മാക്കൾ നിത്യനാശത്തിൽ നിപതിക്കുവാൻ സ്വർഗ്ഗ ത്തിലുള്ള അവരുടെ സ്നേഹിതർ ഒരിക്കലും ഇടയാക്കുകയില്ല എന്ന് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ നമ്മെ ഓർമ്മിപ്പിക്കുന്നു.

## ഉപസംഹാരം

നമ്മുടെ പൂർവ്വീകർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ശുദ്ധീ കരണം പൂർത്തിയാക്കി നിത്യതയിലെത്താൻ അവരെ സഹായിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. മരണാനന്തരം നമ്മിൽ നിന്നും അവർ പ്രതീക്ഷിക്കുന്നത് ഇതു മാത്രമാണ്. നിർഭാഗ്യവശാൽ പലരും ഇതു വേണ്ട വിധത്തിൽ നിർവഹിക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു.

നമ്മുടെ പൂർവ്വീകർക്കുവേണ്ടി മാത്രമല്ല, ശുദ്ധീകരണസ്ഥലത്തെ ആരോരുമില്ലാത്ത മറ്റ് ശുദ്ധീകരണാത്മാക്കൾക്കുവേണ്ടിയും നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. അവർക്കുവേണ്ടി നമുക്ക് ചെയ്യാവുന്ന ഏറ്റവും വലിയ ഒരു പുണ്യപ്രവൃത്തിയായിരിക്കും അത്. കുരിശിൽ കിടന്നുകൊണ്ട് 'എനിക്ക് ദാഹിക്കുന്നു' എന്ന് ഈശോ പറഞ്ഞപ്പോൾ അവിടുത്തേക്ക് ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമായിരുന്നു. തന്റെ മനുഷ്യാവതാരവും പീഢാസഹനങ്ങളും കുരിശുമരണവും എല്ലാം മന ഷ്യരുടെ രക്ഷക്കും നിത്യജീവനും വേണ്ടിയായിരുന്നു. കാൽവരിയാത്ര യിൽ കുരിശു വഹിക്കാൻ ശക്തിയില്ലാതെ വന്നപ്പോൾ കിറേനക്കാര നായ ശിമയോൻ ഈശോയെ സഹായിക്കുന്നതായി ബൈബിളിൽ രേഖ പ്പെടുത്തിയിട്ടുണ്ടല്ലോ. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള കാൽവ രിയാത്രയിൽ അവിടുത്തെ കുരിശ് അല്പസമയത്തേക്ക് താങ്ങുവാൻ

ശിമയോന് ഭാഗ്യം ലഭിച്ചെങ്കിൽ ഇന്നും അതേ ഭാഗ്യത്തിനുള്ള അവസരം നമ്മുടെ മുമ്പിലും ലഭ്യമായിരിക്കുകയാണ്. ശുദ്ധീകരണസ്ഥലത്തുനിന്നും നിത്യതയിലേക്കുള്ള യാത്രയിൽ ആത്മാക്കൾ സഹനങ്ങളിലൂടെയാണല്ലോ കടന്നുപോകുന്നത്. അവർക്കുവേണ്ടി പ്രാർത്ഥന, വിശുദ്ധ കുർബാന, ത്യാഗ പ്രവൃത്തികൾ, സഹനങ്ങൾ, ഔദാര്യപ്രവൃത്തികൾ ഇവവഴി നിസ്സഹായരായ അവരെ സഹായിക്കുന്നതിലൂടെ നാമൊക്കെ ശിമയോന്മാരായി മാറുകയാണ്. പരസ്നേഹത്തെപ്പറ്റി പഠിപ്പിച്ച ഈശോ ''നിന്നേപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക'' എന്നാണല്ലോ വചനത്തിലൂടെ നമ്മോട് പറയുന്നത്. ലോകത്തിലുള്ളവർ എല്ലാം നമ്മുടെ അയൽക്കാർ തന്നെയാണല്ലോ. അങ്ങനെയെങ്കിൽ മരണം വഴിയായി ഈ ലോകത്തിൽ നിന്നും വേർപ്പെട്ട നമ്മുടെ അയൽക്കാരെ മേൽ വിവരിച്ച പ്രാർത്ഥനകളും സൽപ്രവൃത്തികളും വഴി നമുക്ക് സഹായിക്കാം.

താൻ അർപ്പിക്കുന്ന ദിവ്യബലികളിൽ ധാരാളം ശുദ്ധീകരണാത്മാക്കൾ കടന്നുവരാറുണ്ടെന്ന് വി. പാദ്രേപിയോ വെളിപ്പെടുത്തുന്നു. ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥനകളും ത്യാഗ പ്രവൃത്തികളും കാഴ്ചവെച്ച് അവരെ അത്യധികം സ്നേഹിച്ച ഒരു വിശുദ്ധനായിരുന്നു വി. പാദ്രേപിയോ. നാം അർപ്പിക്കുന്ന ഓരോ ദിവ്യബലികളിലൂടെയും നിസ്സഹായരായ ഈ ആത്മാക്കളെ നമുക്ക് സഹായിക്കാം.

ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് ഇതിനു മുമ്പ് വിശദമായി പ്രതിപാദിച്ചിരുന്നുവല്ലോ. മരിയാവാൾതോർത്താ എന്ന ദർശകയ്ക്ക് (ദൈവമനുഷ്യന്റെ സ്നേഹ ഗീത, 16-ാം വാല്യത്തിൽ നിന്നും) ഈശോ ഇതേക്കുറിച്ച് വെളിപ്പെടുത്തികൊടുത്തതുകൂടി മാത്രം വിവരിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ. ''എന്റെ സഭയിൽ എപ്പോഴും പുരോഹിതരും, പണ്ഡിതരും, പ്രവാചകരും ബാധകൾ ഒഴിപ്പിക്കുന്നവരും, പാപമോചനം നൽകുന്നവരും അത്ഭുതം പ്രവർത്തിക്കുന്നവരും അരൂപിയാൽ നിവേശിതരും ഉണ്ടായിരിക്കും. കാരണം ജനത്തിന് ആവശ്യമായവ സഭയിൽ നിന്നും



ലഭിക്കണം. സ്വർഗ്ഗത്തിൽ നിന്നും പ്രബോധിപ്പിക്കുന്ന സഭയെ സ്വർഗ്ഗീയസഭ തനിയെ വിട്ടുകളയുകയില്ല. പ്രബോധിപ്പിക്കുന്ന സഭ യുദ്ധം ചെയ്യുന്ന സഭയെ സഹായിക്കും. ഇവ മൂന്നു വ്യത്യസ്ത ഘടകങ്ങളല്ല. അവ മൂന്നും ഒന്നാണ്. അവരുടെയിടയിൽ ഒരു ഭിന്നതയുമില്ല. എന്നാൽ സ്നേഹത്തിന്റെ ഐക്യമാണുള്ളത്. ലക്ഷ്യത്തിലുള്ള ഐക്യവും സ്നേഹത്തെ ആഗ്രഹിക്കുവാനും സ്വർഗ്ഗത്തിൽ അത് അനുഭവിക്കുവാനും, ആ രാജ്യമാണ് ലക്ഷ്യം. ഇക്കാരണത്താൽ സമരസഭ, സ്നേഹത്തോടുകൂടെ സഹനസഭയ്ക്ക് ആവശ്യമായതു നൽകണം. ഇവരിൽ ഒരു വിഭാഗം വിജയസഭയിലേക്ക് നിയോഗിക്കപ്പെട്ടു കഴിഞ്ഞു. എങ്കിലും അതിൽ നിന്നും അകറ്റിയിരിക്കുകയാണ്, കാരണം മോചിക്കപ്പെട്ട കുറ്റങ്ങൾക്ക് പരിപൂർണ്ണ ദൈവനീതിയനുസരിച്ചുള്ള പരിഹാരമായിട്ടില്ല. മൗതീക ശരീരത്തിൽ എല്ലാം സ്നേഹത്തിലൂടെയും സ്നേഹം വഴിയുമാണ് ചെയ്യപ്പെടേണ്ടത്. കാരണം അതിൽ പ്രവഹിക്കുന്ന രക്തം സ്നേഹമാണ്. വിശുദ്ധീകരിക്കപ്പെടുന്ന നിന്റെ സഹോദരങ്ങളെ സഹായിക്കുക. ശാരീരികമായ കാരുണ്യ പ്രവൃത്തികൾക്ക് സ്വർഗ്ഗത്തിൽ പ്രതിസമ്മാനമുണ്ടെന്ന് ഞാൻ പറഞ്ഞതുപോലെ ആത്മീയമായ കാരുണ്യ പ്രവൃത്തികൾക്കും സ്വർഗ്ഗത്തിൽ സമ്മാനമുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. സത്യമായും ഞാൻ പറയുന്നു, മരിച്ചവരുടെ ആത്മാക്കൾക്കായുള്ള ഒരു പ്രാർത്ഥന കാരുണ്യത്തിന്റെ ഒരു വലിയ പ്രവൃത്തിയാണ്. അതിന് ദൈവം നിങ്ങളെ അനുഗ്രഹിക്കും. നിങ്ങൾ ആർക്കുവേണ്ടി പ്രാർത്ഥിച്ചുവോ, ആ ആത്മാക്കൾ നിങ്ങളോട് നന്ദിയുള്ളവരായിരിക്കും. ശരീരത്തിന്റെ പുനഃരുത്ഥാനത്തിൽ നിങ്ങളെല്ലാം വിധികർത്താവായ ക്രിസ്തുവിന്റെ മുമ്പിൽ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ ഞാൻ ആഗ്രഹിക്കുന്നവരോടുകൂടെ ശുദ്ധീകരിക്കപ്പെടുന്ന സഹോദരങ്ങളോട് കാരുണ്യം കാണിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ദാനധർമ്മം നടത്തുകയും ചെയ്തവരുടെ ആത്മാക്കൾ ഉണ്ടായിരിക്കും. ഞാൻ നിങ്ങളോടു പറയുന്നു ഒരു നന്മപ്രവൃത്തിപോലും ഫലമില്ലാതായി പോകുകയില്ല. അനേകം ആളുകൾ സ്വർഗ്ഗത്തിൽ തെളിവായി പ്രകാശിക്കും.

അവർ സുവിശേഷം പ്രസംഗിച്ചിട്ടില്ല, എന്നാൽ അവർ വിശുദ്ധീകരിക്കപ്പെടുന്ന ആത്മാക്കൾക്കുവേണ്ടിയും പാപികളുടെ മാനസ്സാന്തരത്തിനുവേണ്ടിയും പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തിൽ അറിയപ്പെടാത്തവരായ പുരോഹിതരും പ്രേഷിതരും ദൈവം മാത്രം അറിയുന്ന സഹനത്തിന്റെ ബലിയാടുകളുമായിരിക്കുന്നവരും കർത്താവിന്റെ ശുശ്രൂഷകരുടെ പ്രതിസമ്മാനം സ്വീകരിക്കും. കാരണം അവരുടെ ജീവിതത്തെ അവർ സഹോദരസ്നേഹത്തിനും ദൈവമഹത്വത്തിനുമായി നിരന്തരം സ്നേഹബലിയായി അർപ്പിച്ചവരാണ്. ഞാൻ സത്യമായി പറയുന്നു, ‘‘നിത്യജീവിതത്തിലേക്ക് പല വഴികളിലൂടെ പ്രവേശിക്കാം. അതിൽ ഒന്ന് ഇതാണ്. ഇത് എന്റെ ഹൃദയത്തിന് വളരെ പ്രീതിയുളവാക്കുന്നു’’.



# അനുബന്ധം

## A. കത്തോലിക്കസഭയും ശുദ്ധീകരണസ്ഥലവും

കത്തോലിക്കസഭയുടെ മതബോധനത്തിൽ (Catechism of the catholic church) ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് 1-ാം ഭാഗം, 12-ാം വകുപ്പിൽ, III -ൽ, 1030 മുതൽ 1032 വരെ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

1030 ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുന്നവർ പൂർണ്ണമായി ശുദ്ധീകരിക്കപ്പെട്ടവരല്ലെങ്കിലും നിത്യരക്ഷയുടെ ഉറപ്പ് നേടിയവരാണ്. എന്നാൽ സ്വർഗ്ഗീയാനന്ദത്തിലേക്ക് പ്രവേശിക്കുവാൻ ആവശ്യമായ വിശുദ്ധി നേടുന്നതിനുവേണ്ടി അവർ മരണാനന്തരം ശുദ്ധീകരണത്തിന് വിധേയരായിത്തീരുന്നു.

1031 തിരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമശുദ്ധീകരണത്തെ സഭ ശുദ്ധീകരണസ്ഥലം (Purgatory) എന്നു വിളിക്കുന്നു. ശപിക്കപ്പെട്ടവരുടെ ശിക്ഷയിൽ നിന്ന് അത് തികച്ചും വിഭിന്നമാണ്. ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ച് സഭയുടെ വിശ്വാസപ്രബോധനങ്ങൾ പ്രത്യേകമായും ഫ്ളോറൻസിലെയും, ത്രെന്തിലെയും സുന്നഹദോസുകളിൽ ക്രോഡീകരിക്കപ്പെട്ടവയാണ്. സഭയുടെ പരമ്പര്യം വിശുദ്ധഗ്രന്ഥത്തിലെ ചിലഭാഗങ്ങൾ പരാമർശിച്ചു കൊണ്ട് ശുദ്ധീകരിക്കുന്ന അഗ്നിയെപ്പറ്റി പറയുന്നുണ്ട്.

ലഘുവായ കുറ്റങ്ങളെ സംബന്ധിച്ചിടത്തോളം അവസാന വിധിക്കുമുമ്പ് ഒരു ശുദ്ധീകരണാഗ്നിയുണ്ടെന്ന് നാം വിശ്വസിക്കണം. പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ വരും യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്നു സത്യം തന്നെയായവൻ പറ

യുന്നു. ചില കുറ്റങ്ങൾ ഈ യുഗത്തിൽ ക്ഷമിക്കപ്പെടാമെന്നും എന്നാൽ മറ്റു ചിലതു വരാനുള്ള യുഗത്തിലും ക്ഷമിക്കപ്പെടാമെന്നും ഈ വാചകത്തിൽ നിന്നും നാം മനസ്സിലാക്കുന്നു.

1032 മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവിലും അധിഷ്ഠിതമാണ് ഈ പ്രബോധനം. വിശുദ്ധ ഗ്രന്ഥത്തിൽ ആ പതിവിനെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. "അതുകൊണ്ട് മരിച്ചവർക്കു പാപമോചനം ലഭിക്കുന്നതിനുവേണ്ടി അവൻ (യൂദാസ് മഖാബയർ) പാപപരിഹാര കർമ്മം അനുഷ്ഠിച്ചു. ആരംഭകാലം മുതൽ സഭ മരിച്ചവരുടെ അനുസ്മരണത്തെ ആദരിക്കുകയും അവർക്കുവേണ്ടി പരിഹാര പ്രാർത്ഥനകൾ, സർവോപരി ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. അവർ ശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന്റെ സൗഭാഗ്യ ദർശനം പ്രാപിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. മരിച്ചവർക്കുവേണ്ടിയുള്ള ധർമ്മദാനം, ദണ്ഡവിമോചന കർമ്മങ്ങൾ, പ്രായ്ശ്ചിത്ത പ്രവൃത്തികൾ എന്നിവയും സഭ പ്രോത്സാഹിപ്പിക്കുന്നു.

നമുക്ക് അവരെ സഹായിക്കുകയും അവരുടെ ഓർമ്മ ആചരിക്കുകയും ചെയ്യാം. ജോബിന്റെ പുത്രന്മാർ തങ്ങളുടെ പിതാവിന്റെ ബലി വഴി ശുദ്ധീകരിക്കപ്പെട്ടുവെങ്കിൽ മരിച്ചവർക്കുവേണ്ടിയുള്ള നമ്മുടെ കാഴ്ചകൾ അവർക്ക് ആശ്വാസം നൽകുമെന്നതിൽ നാം എന്തിനു സംശയിക്കണം? മരിച്ചവരെ സഹായിക്കുന്നതിലും നമ്മുടെ പ്രാർത്ഥനകൾ അവർക്കായി സമർപ്പിക്കുന്നതിലും നാം ശങ്കിക്കരുത്.

കൂടാതെ നരകത്തിന്റെ അസ്തിത്വത്തെക്കുറിച്ച് 1033-1037 വരെ വളരെ വിശദമായി കത്തോലിക്കസഭയുടെ മതബോധനത്തിൽ (catechism of the Catholic Church) രേഖപ്പെടുത്തിയിട്ടുണ്ട്.



## B. വി. ബൈബിളും ശുദ്ധീകരണസ്ഥലവും

വി.ഗ്രന്ഥത്തിൽ അനേക സ്ഥലങ്ങളിൽ ഇതേക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അവയിൽ ചിലതുമാത്രം താഴെ ഉദ്ധരിക്കുന്നു.

ദാനിയേൽ 12/10, സഖറിയാ 13/9, മലാക്കി 3/2-3, 2 മക്കാബയർ 12/42-45, മത്തായി 5/26, ലൂക്കാ 12/47-48, ലൂക്കാ 12/58 -59, 1 കോറിന്തോസ് 3/13-15, 2 തിമോത്തേയോസ് 1/16-18, ഹെബ്രായർ 12/23, വെളിപാട് 21/27, 1 പത്രോസ് 3/19, മത്തായി 12/32, പ്രഭാഷകൻ 2/5.

## C. വിശുദ്ധരും ശുദ്ധീകരണസ്ഥലവും

ശുദ്ധീകരണസ്ഥലത്തെ തീയുടെ സാന്ദ്രത നരകത്തിലെ തീയുടേതു പോലെ തന്നെയാണ്. അതുമായി ഏറ്റവും ചെറിയ ബന്ധം പുലർത്തിയാലുള്ള വേദന ഈ ലോകത്തിലെ എല്ലാ സഹനങ്ങളും കൂടിച്ചേർന്നാൽ ഉള്ളതിനേക്കാൾ കഠോരമാണ്.

*വി. തോമസ് അക്വിനാസ്*

സ്വർഗ്ഗ പ്രവേശനത്തിനു മുമ്പായി എല്ലാ കുറ്റങ്ങളിൽ നിന്നും ആത്മാവ് വിശുദ്ധീകരിക്കപ്പെടണം. ഈ ലോകജീവിതത്തിൽ അനുഭവിക്കാനോ ഊഹിക്കാൻ പോലുമോ കഴിയാത്ത ഭയങ്കരമായ തീയിൽ വേദനിച്ച് ആത്മാവ് നിർമ്മലമാക്കപ്പെടണം.

*വി. അഗസ്തീനോസ്*

ഈ ലോകത്തിലെ എല്ലാ കഷ്ടതകളും വേദനകളും അവസാന വിധിദിവസം വരെ സഹിക്കുന്നതാണ് ഒരു ദിവസം ശുദ്ധീകരണാഗ്നിയിൽ കിടക്കുന്നതിനേക്കാൾ സ്വീകാര്യമായിട്ടുള്ളത്.

*വി. സിറിൾ*

വിശുദ്ധരിൽ നിന്ന് ധാരാളം അനുഗ്രഹങ്ങൾ, വലിയദാനങ്ങൾ ഞാൻ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അവയേക്കാൾ മഹത്തായ ദാനങ്ങൾ ശുദ്ധീകരണാത്മാക്കളുടെ പ്രാർത്ഥന വഴിയായി എനിക്ക് സാധിച്ചിട്ടുണ്ട്. സഹിക്കുന്ന ആ ആത്മാക്കൾ ഒടുവിൽ അവരുടെ വേദനകളിൽ നിന്നും മോചിതരായി സ്വർഗ്ഗഭാഗ്യം അനുഭവിക്കുമ്പോൾ ഭൂമിയിലെ തങ്ങളുടെ സുഹൃത്തുക്കളെ ഒരിക്കലും മറക്കുകയില്ല. അവരുടെ കൃതജ്ഞതയ്ക്ക് ഒരു അതിരും പരിമിതിയും കല്പിക്കുകയുമില്ല. അവരുടെ പ്രാർത്ഥനകൾ വഴി തങ്ങളുടെ സ്നേഹിതരെ അപകടങ്ങളിൽ നിന്നും ഭയപ്പെടുത്തുന്ന തിന്മകളിൽ നിന്നും സംരക്ഷിക്കും.

*ബൊളോഞ്ഞായിലെ വി. കത്രീന*

ശുദ്ധീകരണാത്മാക്കൾക്ക് തങ്ങൾക്കായി യോഗ്യതകൾ ഒന്നും നേടാൻ കഴിയില്ലെങ്കിലും നമുക്കുവേണ്ടി വലിയകൃപകൾ വാങ്ങിത്തരാൻ കഴിയും. അവർ വിശുദ്ധാത്മാക്കളെ പോലെ മദ്ധ്യസ്ഥരല്ലെങ്കിലും ദൈവത്തിന്റെ പരിപാലനയിലൂടെ നമുക്കുവേണ്ടി വലിയ ആനുകൂല്യങ്ങൾ ദൈവത്തിൽ നിന്നും നേടിത്തരാനും, തിന്മകൾ, രോഗങ്ങൾ, അപകടങ്ങൾ തുടങ്ങിയവയിൽ നിന്ന് നമ്മെ പരിരക്ഷിക്കുവാനും സാധിക്കും.

*വി.അൽഫോൻസ് ലിഗോരി.*

ഒരൊറ്റ മാരകപാപം നിത്യകാലത്തെ നരകശിക്ഷയ്ക്ക് ഒരാത്മാവ് വിധിക്കപ്പെടാൻ മതിയെങ്കിൽ (അനുതപിക്കാതെ മരിച്ചവരെങ്കിൽ) എണ്ണമറ്റ മനഃപൂർവ്വമായ ലഘുപാപങ്ങൾ ചെയ്ത ആത്മാക്കൾ നീണ്ട വർഷങ്ങൾ ശുദ്ധീകരണസ്ഥലത്ത് വിധിക്കപ്പെടുന്നതിൽ അതിശയിക്കാനൊന്നുമില്ല.

*ദൈവശാസ്ത്രജ്ഞനായ വൈസ്ലി*



## D. വി. ജോർത്രൂഡും ശുദ്ധീകരണാത്മക്കളും

ജീവിച്ചിരുന്നപ്പോൾ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി ധാരാളം പ്രാർത്ഥിക്കുകയും തന്റെ സഹനങ്ങൾ അവർക്ക് വേണ്ടി കാഴ്ചവെക്കുകയും ചെയ്ത വി.ജർത്രൂഡ് തന്റെ മരണസമയം അടുത്തപ്പോൾ പിശാചുക്കളാൽ പരീക്ഷിക്കപ്പെടുകയും അവൾ അനേകവർഷം ശുദ്ധീകരണസ്ഥലത്ത് കഴിയേണ്ടിവരുമെന്ന് പറഞ്ഞുകൊടുക്കുകയും ചെയ്തു. ഇതിന്റെ കാരണം തന്റെ സഹനങ്ങൾ മുഴുവൻ മറ്റ് ആത്മാക്കൾക്കുവേണ്ടി കാഴ്ചവെച്ചതിനാലാണ് എന്ന് അവർ ഓർമ്മിപ്പിച്ചു. സ്വർഗ്ഗം അനേകം ദൂതന്മാരെയും, ശുദ്ധീകരണസ്ഥലത്തുനിന്നും അവൾ മോചിപ്പിച്ച ധാരാളം ആത്മാക്കളെയും അവളുടെ പക്കലേക്ക് അയക്കുകയും, അവസാനം യേശു തന്നെ വന്ന് സാത്താനെ ഓടിച്ചുകളയുകയും അവളെ ആശ്വസിപ്പിക്കുകയും ചെയ്തതായി പറയുന്നു.

ആത്മാക്കളുടെ രക്ഷക്കുവേണ്ടി ഈശോ വി.ജർത്രൂഡിനെ പഠിപ്പിച്ച പ്രാർത്ഥന ഇങ്ങനെയായിരുന്നു. "നിത്യ പിതാവേ, ഇന്നേ ദിവസം ലോകമാസകലം അർപ്പിക്കപ്പെടുന്ന ദിവ്യബലികളിൽ അങ്ങേയ്ക്ക് സമർപ്പിക്കപ്പെടുന്ന അങ്ങേ തിരുക്കുമാരന്റെ തിരുരക്തം ശുദ്ധീകരണസ്ഥലത്തെ സകല ആത്മാക്കൾക്കും, ലോകത്തിലെ എല്ലാ പാപികൾക്കും സാർവത്രിക സഭയിലെയും എന്റെ കുടുംബത്തിലെയും പാപികൾക്കുവേണ്ടിയും ഞാൻ കാഴ്ച വെച്ചുകൊള്ളുന്നു."

ഈ പ്രാർത്ഥന ദിവസവും പലതവണ നാം പ്രാർത്ഥിക്കുന്നത് നന്നായിരിക്കും.

## E. വായനക്കാരോടുള്ള അഭ്യർത്ഥന

എല്ലാവർഷവും നിങ്ങളുടെയും കുടുംബാംഗങ്ങളുടെയും ജന്മദിനം ആഘോഷിക്കുന്ന ദിവസങ്ങളിൽ (അല്ലെങ്കിൽ അതിനടുത്ത സൗകര്യമുള്ള ദിവസം) ഒരു വി.കുർബ്ബാന ചൊല്ലി ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി കാഴ്ച വെക്കുക. ഇത് നിങ്ങളുടെ നിത്യതയ്ക്ക് കാരണമായിത്തീരും.

Reference : 1. Divine Mercy in my soul by Maria Faustina

2. The amazing secrets of the souls in purgatory: An interview with Maria Simma by Sr. Emmanuel

3. കഥ പറയുന്ന എവുപ്രാസിയമ്മ - ടി.ടി. മുണ്ടക്കൽ

4. പഞ്ചക്ഷത മറിയം ത്രേസ്യ - ടി.ടി. മുണ്ടക്കൽ



## ഭ്രൂണഹത്യയിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ വേണ്ടിയുള്ള പ്രാർത്ഥന

(Prayer to save children from abortion by Bishop Fulton J. Sheen)



"ഈശോ, മറിയം, ഔസേപ്പേ ഞാൻ നിങ്ങളെ അത്യധികമായി സ്നേഹിക്കുന്നു. ഞാൻ ആത്മീയമായി ദത്തെടുത്തിരിക്കുന്ന ഗർഭസ്ഥശിശുവിന്റെ ജീവൻ ഭ്രൂണഹത്യയിൽ നിന്നും രക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് യാചിക്കുന്നു".

ദിവസവും പത്തുപ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലി, പത്ത് കുഞ്ഞുങ്ങളെ ആത്മീയമായി ദത്തെടുക്കുക. നിങ്ങൾ ആത്മീയമായി ദത്തെടുത്തിരിക്കുന്ന ഈ കുഞ്ഞുങ്ങൾ അമ്മയുടെ ഉദരത്തിലായിരിക്കുന്ന പത്തു മാസം എല്ലാ ദിവസവും ഈ പ്രാർത്ഥന ചൊല്ലുക. എങ്കിൽ നിങ്ങൾക്ക് ആ കുഞ്ഞുങ്ങളെ രക്ഷിക്കാൻ സാധിക്കും. നിങ്ങൾ ദൈവത്തിന്റെ മുമ്പിൽ ചെല്ലുമ്പോൾ ആ കുഞ്ഞുങ്ങളെ കാണാൻ സാധിക്കും.

# കാവൽ മാലാഖയോടുള്ള പ്രാർത്ഥന

എനിക്ക് അധികം വിശ്വാസവും സ്നേഹവുമുള്ള സഹായിയായ മാലാഖയേ, എന്റെ കാവലായി സർവ്വേശ്വരനാൽ അവിടുന്നു നിയമിക്കപ്പെട്ടിരിക്കയാൽ, എന്നെ വിട്ടുപിരിയാതെ എല്ലായ്പ്പോഴും കാത്തുരക്ഷിച്ചാദരിച്ചുവരുന്നുവല്ലോ. ഇപ്രകാരമുള്ള അവിടുത്തെ സഹായത്തിനും മറ്റനേക ഉപകാരങ്ങൾക്കും അങ്ങേക്ക് എത്രയോ സ്തോത്രം ചെയ്യേണ്ടതാകുന്നു. ഞാൻ നിദ്രചെയ്യുമ്പോൾ അവിടുന്ന് എന്നെ കാക്കുന്നു. ചഞ്ചലപ്പെടുമ്പോഴും ഞെരുക്കപ്പെടുമ്പോഴും അവിടുന്ന് എന്നെ ആശ്വസിപ്പിക്കുന്നു. എനിക്കു വരുന്ന ആപത്തുകളെ നീക്കുന്നതും മേലിൽ വരുവാനിരിക്കുന്ന കാര്യങ്ങൾ സൂക്ഷ്മമുള്ളവനായി പാപവഴിയെ അടച്ച് നല്ലവഴിയെ പ്രവേശിപ്പിക്കുന്നതിന് എനിക്ക് നല്ല വിചാരം തന്നുകൊണ്ട് സർവ്വേശ്വരന്റെ കരുണ ലഭിക്കാനിടയാക്കുന്നതും അവിടുന്നു മാത്രമാകുന്നു. അയ്യോ, അങ്ങയുടെ അപേക്ഷകളാൽ ദൈവകോപം എന്നിൽ നിന്നു നീങ്ങാതിരുന്നുവെങ്കിൽ ഇപ്പോൾ ഞാൻ നരകവാസി ആകുമായിരുന്നു. ആയതുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ഒരിക്കലും എന്നെ കൈവിടരുതേ, ദുഃഖത്തിൽ ആശ്വസിപ്പിക്കേണമെ. എന്റെ പ്രാർത്ഥനകൾ, കണ്ണുനീർ, പ്രലോഭനങ്ങൾ മുതലായ സകല സൽക്രിയകളേയും മറ്റു പ്രവൃത്തികളേയും ദൈവതിരുമനസ്സിന് ഒത്തതാക്കി സർവ്വേശരന്റെ ഇഷ്ടപ്രസാദത്തോടുകൂടെ ഞാൻ ഈ ലോകത്തുനിന്നു പിരിഞ്ഞ് നിത്യായുസ്സുപ്രാപിക്കാൻ കൃപ ചെയ്തരുളേണമേ, ആമ്മേൻ ഈശോ.

**ഈ പുസ്തകം വായിച്ചിട്ട് നിങ്ങൾക്ക് സംതൃപ്തി ലഭിക്കുന്നുണ്ടെങ്കിൽ, മറ്റുള്ളവരിലേക്ക് ഇതിലെ സന്ദേശങ്ങൾ എത്തിക്കുവാനായി ഇതിന്റെ കോപ്പികൾ വാങ്ങി വിതരണം ചെയ്യുന്നത് നിങ്ങൾക്ക് അനുഗ്രഹപ്രദമായിരിക്കും. ഒരു സുവിശേഷവേലയായി അത് മാറുകയും ചെയ്യും.**



## ശുദ്ധീകരണം കുറയ്ക്കുവാനുള്ള ചില വഴികൾ

1. നിങ്ങളുടെ ഓരോ പ്രാർത്ഥനയിലും, പങ്കെടുക്കുന്ന ദിവ്യബലികളിലും, ദിവ്യകാരുണ്യ സ്വീകരണസമയത്തും, ഓരോ നന്മ പ്രവർത്തികൾ ചെയ്യുമ്പോഴും നന്മരണത്തിനു വേണ്ടിയുള്ള ആഗ്രഹം ദൈവം മുൻപാകെ പ്രകടിപ്പിക്കുക. ഒപ്പം ശുദ്ധീകരണം ഭൂമിയിൽ വച്ചു തന്നെ തീർക്കുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.
2. എപ്പോഴും ദൈവഇഷ്ടം ചെയ്യുവാനായി ആഗ്രഹിക്കുക. അതാണ് ഒരു വ്യക്തിക്ക് എപ്പോഴും നല്ലത്. ഓരോ "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയിലും "അവിടുത്തെ ഹിതം എന്നിൽ നിറവേറണമേ" എന്ന് പ്രാർത്ഥിക്കുക.
3. എല്ലാ കഷ്ടപ്പാടുകളും, ദുരിതങ്ങളും, വേദനകളും, ജീവിത നൈരാശ്യങ്ങളും അവ ചെറുതോ വലുതോ ആകട്ടെ അവയെ സന്തോഷത്തോടു കൂടി സ്വീകരിക്കുക.അനാരോഗ്യം, വസ്തുവകകളുടെ നഷ്ടം, പ്രിയപ്പെട്ടവരുടെ മരണം, പ്രതികൂല കാലാവസ്ഥകൾ അങ്ങനെ എല്ലാം ദൈവത്തിൽ നിന്നാണെന്ന് കരുതി അവയെ ദൈവകരങ്ങളിൽ നിന്നും സ്വീകരിക്കുക. ദൈവ സ്നേഹത്തെ പ്രതി ഇത്തരത്തിലുള്ള സഹനങ്ങൾ ക്ഷമയോടുകൂടി സഹിക്കുന്നതു വഴിയായി അവ നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമായി മാറും.
4. യേശുവിന് ജീവിതകാലത്ത് പീഢാസഹനങ്ങൾ ഉണ്ടായതു പോലെ നമുക്കും അനുദിന ജീവിതത്തിൽ പീഢാസഹനങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. നമ്മുടെ ജീവിതകാലത്ത് നമുക്കുണ്ടാകുന്ന കഷ്ടപ്പാടുകളെയും നിരാശകളെയും യേശുവിന്റെ പീഢാസഹനങ്ങളോട് ചേർത്ത് വച്ച് അവയെ സ്വീകരിക്കുകയും, ക്ഷമയോടുകൂടി സഹിക്കുകയും ചെയ്യുക. ആ സഹനങ്ങളിലൂടെ നമുക്ക് ധാരാളം കൃപകൾ നേടിയെടുക്കാം.
5. ദൈവം നമ്മോടു ക്ഷമിക്കുന്നതു പോലെ മറ്റുള്ളവരിൽ നിന്നു നമുക്ക് ലഭിക്കുന്ന മുറിവുകളേയും, നിന്ദനങ്ങളേയും അതേ അളവിൽ ക്ഷമിക്കുക.
6. മാരക പാപങ്ങളിൽ നിന്നും മനഃപൂർവ്വം ചെയ്യുന്ന ലഘു പാപങ്ങളിൽ നിന്നു വിട്ടു നിൽക്കുക. ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും, ഔദാര്യം കാണിക്കാതിരിക്കുന്നതും വഴിയായി വരുന്ന പാപങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കുക.
7. ദാനധർമ്മങ്ങൾ ചെയ്യുന്നതു ശീലമാക്കുക. ഇവയെല്ലാം പരാതിയോ, പിറുപിറുപ്പോ കൂടാതെയായിരിക്കണം ചെയ്യേണ്ടത്. മറ്റുള്ളവരെക്കുറിച്ച് പരാതി പറയുകയോ സഹായം ചെയ്യുവാൻ കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്തുകയോ ചെയ്യരുത്. ഇവയൊക്കെ വലിയ പ്രായശ്ചിത്ത പ്രവർത്തികളായി മാറും.
8. സകല ശുദ്ധീകരണാത്മാക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുക. ശുദ്ധീകരണം പൂർത്തിയാക്കിയ ആത്മാക്കൾ നമ്മെ തിരികെ സഹായിക്കും.
9. കഴിയുമെങ്കിൽ ആഴ്ചയിലൊരിക്കൽ കുമ്പസാരിക്കുക. ദിവസേന ദിവ്യബലികളിൽ പങ്കെടുക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുക. മരിക്കാറായി കിടക്കുന്നവർക്ക് നന്മരണത്തിനുവേണ്ടി വി. ബലി അർപ്പിക്കുന്നത് നല്ലതായിരിക്കും.
10. അല്പ സമയമാണെങ്കിൽ പോലും എല്ലാ ദിവസവും ദിവ്യകാരുണ്യ

ആരാധനയിൽ പങ്കെടുക്കുക. ദിവ്യകാരുണ്യത്തിൽ ഈശോയെ കണ്ടുകൊണ്ട് മുട്ടുകുത്തീനിന്ന് കാരുണ്യവാനായ എന്റെ ഈശോയെ, പാപിയായ എന്നോട് കരുണ കാണിക്കണമെ. ഈശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. എനിക്ക് നന്മരണം നല്കേണമെ എന്ന് പ്രാർത്ഥിക്കുക.

11. വിശ്വാസത്തോടുകൂടി വെന്തിങ്ങാ ധരിക്കുന്നതും, ചുംബിക്കുന്നതും ഒരു ശീലമാക്കുക.
13. വിശുദ്ധ ജലം നമ്മുടെ ഭവനങ്ങളിൽ സൂക്ഷിക്കുക, പ്രത്യേകിച്ച് അഗ്നി, കൊടുങ്കാറ്റ്, പ്രകൃതി ക്ഷോഭങ്ങൾ, പകർച്ച വ്യാധികൾ ഇവയ്ക്ക് പ്രതിവിധിയായി ഇത് ഉപയോഗിക്കുക. "യേശുവേ, ഈ വിശുദ്ധജലത്താലും, തിരുരക്തത്താലും എന്റെയും സകല ശുദ്ധീകരണാത്മാക്കളുടേയും പാപങ്ങളെ കഴുകി കളയട്ടെ" എന്ന് പ്രാർത്ഥിച്ചു കൊണ്ട് വിശുദ്ധ ജലം തളിച്ച്, കുരിശ് വരയ്ക്കുക.

✝


**5/- രൂപ വിലയുള്ള "കുരുക്കുകൾ അഴിക്കുന്ന**
**പരി. കന്യകാമറിയത്തോടുള്ള നൊവേന"**

പുസ്തകം ലഭിക്കുവാനായി താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

*(ഏറ്റവും കുറഞ്ഞത് 4 കോപ്പിയെങ്കിലും ആവശ്യപ്പെടുക)*

**പ്രൊഫ. എം. എ. അബ്രാഹം, മണിമലേത്ത് വീട്,**
**മാതിരപ്പിള്ളി ജംഗ്ഷൻ, കോതമംഗലം.**
**പിൻ – 686 691 , കേരള. ഫോൺ – 0485 2824842**

ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ ബഹു. ജോസ് ഉപ്പാണിയച്ചൻ നയിച്ച ജപമാലധ്യാനത്തിൽ **പ്രൊഫ. എം. എ. അബ്രാഹം** നൽകിയ മരിയൻ അനുഭവസാക്ഷ്യം **"അമ്മതൻ ചാരെ"**- എന്ന വീഡിയോ സി. ഡി. ( ₹25/-) ലഭിക്കുവാൻ **0485 – 2824842** –ൽ വിളിക്കുക.

*കത്തോലിക്കാസഭാ വിശ്വാസങ്ങൾക്ക് യോജിച്ച ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ നൽകുന്ന **"ശുദ്ധീകരണസ്ഥലത്തിലെ അത്ഭുത രഹസ്യങ്ങൾ"** എന്ന ഈ പുസ്തകം ലഭിക്കുവാനായി ഒരു കോപ്പിക്ക് 25 രൂപ മണി ഓർഡർ അയച്ച്*

**പ്രൊഫ. എം. എ. അബ്രാഹം, മണിമലേത്ത് വീട്,**
**മാതിരപ്പിള്ളി ജംഗ്ഷൻ, കോതമംഗലം – 686 691** ഫോൺ നമ്പർ : **0485 2824842**.

*എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതായിരിക്കും. മണി ഓർഡർ അയയ്ക്കുമ്പോൾ നിങ്ങളുടെ പിൻകോഡും, ഫോൺ നമ്പറും ചേർത്തിരിക്കുമല്ലോ.*

ചില ക്രൈസ്തവ സഭാവിഭാഗങ്ങൾ **പരി. അമ്മയ്ക്കെതിരെ** ഉന്നയിക്കുന്ന ആരോപണങ്ങൾക്കും, സംശയങ്ങൾക്കും മറുപടി നൽകുന്ന, **പ്രൊഫ. എം. എ. അബ്രാഹത്തിന്റെ** പുസ്തകം "ദിവ്യകാരുണ്യത്തിന്റെ അമ്മ" ലഭിക്കുവാൻ

**ജീവൻ ബുക്സ്, ഭരണങ്ങാനം (ഫോൺ 04822 – 237474)** ***എന്ന നമ്പറിൽ*** **ബന്ധപ്പെടുക.**